# ക്രൈസ്തവ കാഹളം

DHARMARAM COLLEGE LIBRARY, BANGALORE.

## A Happy Christmas

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം



ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം

Vol. XXIV. DECEMBER 1965. No. 12.

വരിസംഖ്യ മുൻകൂർ 3 ക.
വിദേശങ്ങളിൽ 4 ക.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ

| | | പേജ് |
|---|---|---|
| 1. | പത്രാധിപക്കുറിപ്പുകൾ. | 367 |
| 2 | വൈദികാദ്ധ്യക്ഷസന്ദേശം | 369 |
| 3. | അപ്പൊസ്തോലിക പിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും —മോൺ. തോമസ് വടക്കേൽ എൽ. ഡി. (തുടർച്ച) | 371 |
| 4. | സിയോൻ കാഹളത്തിന്റെ ദുരുപദേശം —ഫീലിപ്പോസ് റമ്പാൻ (തുടർച്ച) | 374 |
| 5. | വത്തിക്കാൻ II സൂനഹദോസിൽ —കെ. സി. ചാക്കോ | 379 |
| 6 | സഭൈക്യത്തിന്റെ മാർഗ്ഗത്തിൽ അത്മായർ ഒരു നല്ല പങ്ക് വഹിക്കാനുണ്ട്. | 382 |
| 7. | പരിശുദ്ധ കന്യക—ഐക്യത്തിന്റെ പ്രതീകം | 385 |
| 8. | മരണകാഹളം —എൻ. കെ. ജോൺ എം. എ. (കവിത) | 388 |
| 9. | നിങ്ങൾ നിങ്ങളുടെ സഹോദരന്റെ സൂക്ഷിപ്പുകാരൻതന്നെ. —ഫാദർ മാത്യു കടകംപള്ളി. | 389 |
| 10. | ധ്യാനചിന്തകൾ (ഭക്തിമാർഗ്ഗം) —വി. സി. ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പാ (തുടർച്ച) | 392 |
| 11. | നവയുഗഭാവുകം —ചാരുമ്മൂട്ട് (കവിത) | 395 |
| 12. | ആരാധനക്രമത്തിന്റെ പരിഷ്കരണവും മലങ്കര സുറിയാനി റീത്തും —റെവ. ഡോ. ഗീവറുഗീസ് പണിക്കർ | 396 |
| 13. | എക്യുമെനിക്കൽ ഡയലോഗ് —ജോർജ്ജ്, തെങ്ങുംതോട്ടം | 401 |
| 14. | അതിരൂപതവാർത്തകൾ. | |

## വാഴമുട്ടം ഇടവക

പത്തനംതിട്ട ടൗണിന് സമീപമുള്ള ഒരു ഗ്രാമപ്രദേശമാണ് വാഴമുട്ടം. അഭിവന്ദ്യമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1965 ജൂലൈ മാസം 31-ാം തീയതി ശനിയാഴ്ച അവിടെ എഴുന്നെള്ളി 45 വീട്ടുകാരെ യാക്കോബായ സമുദായത്തിൽ നിന്നും കത്തോലിക്കാതിരുസഭയിലേക്ക് സ്വീകരിച്ചു. അവിടെ നവീനമായി തീർത്ത ചാപ്പലിന്റെ കൂദാശാകർമ്മം അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസ് M.A D.D. തിരുമനസ്സുകൊണ്ട് 1965 ആഗസ്റ്റ് മാസം 29-ാം തീയതി ഞായറാഴ്ച നിർവ്വഹിച്ച് വിശുദ്ധ ബെഹനാൻ സഹദായുടെ നാമത്തിൽ ഒരു ഇടവക ഉൽഘാടനം ചെയ്തു. വൈദികരും, കന്യാസ്ത്രീകളും അയൽ ഇടവകാഗംങ്ങളും, അക്രൈസ്തവരും ഉൾപ്പെടെ ആയിരക്കണക്കിന് ജനങ്ങൾ തദവസരത്തിൽ സന്നിഹിതരായിരുന്നു. അന്നേ ദിവസം 50-ൽ പരം ആളുകൾ കത്തോലിക്കാ തിരുസഭയിലേക്ക് പുനരൈക്യപ്പെട്ടു. അയൽ ഇടവകക്കാരുടേയും വിശിഷ്യാ പുത്തൻപീടിക ഇടവകക്കാരുടേയും വികാരി റവ. ഫാദർ സി. മാത്യു ഏഴാനിക്കാട്ട്, B. Sc., B. T. അവർകളുടെയും പ്രോത്സാഹനങ്ങളും സഹായസഹകരണങ്ങളും ഈ പുതിയ ഇടവകയ്ക്കു് ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. പുത്തൻപീടിക ഇടവകയിൽപെട്ട കിഴക്കേത്തു ശ്രീമാൻ ഗീവറുഗീസ്, കിഴക്കേതിൽ ശ്രീമാൻ യാക്കോബ്, വാഴയിൽ ശ്രീമാൻ കോശി മുതലായവരുടെ പേരുകൾ പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്. ദൈവാനുഗ്രഹത്തിൻകീഴ് ഈ ഇടവക അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. 350 ആളുകളോളം അംഗങ്ങളായി ഇപ്പോൾ ഈ ഇടവകയിൽ ഉണ്ട്.

ക്രിസ്തുരാജന്റെ തിരുനാൾ ആദ്ധ്യാത്മികമായ പരിപാടികളോടുകൂടി ഭക്തിനിർഭരമായ രീതിയിൽ ഇവിടെ നടത്തുകയുണ്ടായി. പത്തു ദിവസം തുടർച്ചയായി സന്ധ്യാപ്രാർത്ഥനയും ജപമാലപ്രാർത്ഥനയും നടത്തി തിരുനാൾദിനം എല്ലാവരും കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിച്ചു. വിശുദ്ധ കുർബാനയുടെ ആശീർവാദ സമയത്ത് വ്യക്തികളേയും, കുടുംബങ്ങളേയും, ഈ പ്രദേശത്തേയും ക്രിസ്തുരാജന്റെ സ്നേഹഹൃദയത്തിന് പ്രതിഷ്ഠിക്കയും ചെയ്തു.

*Chief Editor*: Rt. Rev. Msgr. Philipose Remban.

*Sub*: ,, Rev. Fr. Jacob Gnayalloor.

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

# ക്രൈസ്തവകാഹളം

പുസ്തകം 24. | ഡിസംബർ 1965. | ലക്കം 12.

## പത്രാധിപക്കുറിപ്പുകൾ

### ആഗമനകാലം

ഈ മാസിക നിങ്ങളുടെ കൈകളിൽ എത്തുമ്പോഴേക്കും ഇരുപത്തിയഞ്ചുനോമ്പിന്റെ ഏതാനും ദിവസങ്ങൾ കഴിഞ്ഞിരിക്കും. ഇരുപത്തഞ്ചുനോമ്പുകാലത്തിനുള്ള മറ്റൊരു നാമമാണ് ആഗമനകാലം എന്നുള്ളത്. പഴയനിയമകാലത്ത് ലോകരക്ഷകന്റെ ആഗമനത്തിനുവേണ്ടി ലോകം മുഴുവനും, പ്രത്യേകിച്ച് ഇസ്രായേൽ, ആകാംക്ഷാപൂർവ്വം നോക്കിപ്പാർത്തു.

നാം കർത്താവിന്റെ ആഗമനത്തിനുവേണ്ടി നോക്കിപ്പാർക്കുന്ന കാലമാണ് ഈ ആഗമനകാലം. ആണ്ടുവട്ടം മുഴുവനും നാം നമ്മുടെ കർത്താവിന്റെ ജീവിതസംഭവങ്ങൾ ഓരോന്നോരോന്നായി അനുസ്മരിക്കുകയും അതനുസരിച്ചു നമ്മുടെ ജീവിതത്തിൽ ആവശ്യമായ ക്രമീകരണങ്ങളും അനുഷ്ഠാനങ്ങളും ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എല്ലാ വർഷവും നാമിതു ചെയ്യുന്നുണ്ട്. ചെയ്യാൻ കടപ്പെട്ടിരിക്കുന്നു. പക്ഷേ, ഭൂതകാലത്തു നടന്ന ഒരു ചരിത്രസംഭവത്തിന്റെ അനുസ്മരണ മാത്രമാണോ നമ്മെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ ജനനദിവസത്തിനുള്ള പ്രാധാന്യം? അങ്ങനെ കരുതുന്നവർ കണ്ടേക്കാം. ആ ദിവസം ഭക്ഷണപാനീയങ്ങളിലും ലൗകികമായ ഉല്ലാസങ്ങളിലും സന്തോഷം അനുഭവിക്കാനുള്ള ഒരു ദിവസമാണെന്നു കരുതുന്നവരും കണ്ടേക്കാം. എന്നാൽ ഇരുപത്തഞ്ചു നോമ്പുകൊണ്ടു സഭ ഉദ്ദേശിക്കുന്നതു് ക്രിസ്തുവിനെ നോക്കിപ്പാർത്തുകൊണ്ട് നാം അവിടുത്തെ ജനനം, മൗതികമായ ജനനം, നമ്മിൽ നടക്കേണ്ടതിനു് ആധ്യാത്മികമായി ഒരുങ്ങണമെന്നത്രേ. ക്രിസ്തു നമ്മിൽ ജനിക്കണം, നമ്മിൽ വളരണം. നാം ക്രിസ്തുവാകണം. ഇനിയും ഏതാനും ദിവസങ്ങൾ മാത്രമേയുള്ളു ക്രിസ്തുമസ്സിനു്. വ്യക്തികളായി, കുടുംബമായി, ക്രിസ്തുവിന്റെ ജനനത്തിനുവേണ്ടി നാം നോക്കിപ്പാർക്കുകയും ഒരുങ്ങുകയും ചെയ്യുക. ക്രിസ്തുമസ്സ്ദിനത്തിൽ അവിടുത്തേക്കു സമർപ്പിക്കുന്നതിനു വേണ്ട സുകൃതങ്ങൾ നാം അനുഷ്ഠിക്കുക.

മനുഷ്യാവതാരം ഒരു മഹാരഹസ്യമാണ്. പരിമിതമായ മനുഷ്യബുദ്ധികൊണ്ടു കണ്ടുപിടിക്കാനും അളക്കാനും സാധ്യമായ ഒന്നല്ല ദൈവം മനുഷ്യനാകുക എന്നതു്. നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ അടിത്തറ തന്നെ ഈ രഹസ്യത്തിലുള്ള വിശ്വാസമാണെന്നു പറയാം. "ദൈവത്തിന്റെ അദൃശ്യരൂപത്തിന്റെ സാദൃശ്യവും സകല സൃഷ്ടികളുടെയും ആദ്യജാതനുമായിരിക്കുന്ന" (കൊലോസ്യ. 1, 15) ക്രിസ്തുവിൽ വിശ്വസിക്കണമെങ്കിൽ മനുഷ്യാവതാരരഹസ്യം നാം വിശ്വസിച്ചേ പറ്റുകയുള്ളു. ദൈവം മനുഷ്യാവതാരം മൂലം ചരിത്രത്തിൽ പ്രവേശിച്ചു, സമയത്തിൽ പ്രവേശിച്ചു.

"ലോകം അവൻമൂലം ഉണ്ടായി. എന്നാൽ ലോകം അവനെ അറിഞ്ഞില്ല. അവൻ തൻെറ സ്വന്തജനങ്ങളുടെ അടുക്കലേക്കുവന്നു. എങ്കിലും സ്വകീയർ അവനെ സ്വീകരിച്ചില്ല". (യോഹ: 1, 10-11) ഈ വാക്കുകൾ നമ്മെ സംബന്ധിച്ചു പറയാൻ ഇടയാകാതിരിക്കട്ടെ. നിങ്ങൾക്കു് ക്രിസ്തുമസ്സ്മംഗളങ്ങൾ നേർന്നുകൊള്ളുന്നു.

## സൂനഹദോസിൻെറ സമാപനം

1959 ജനുവരി 25-ാം തീയതിയാണു് പുണ്യശ്ലോകനായ 23-ാം യോഹന്നാൻ മാർപ്പാപ്പാ ഒരു സാർവ്വത്രിക സൂനഹദോസ് വിളിച്ചുകൂട്ടുവാനുള്ള തൻെറ നിശ്ചയം പ്രഖ്യാപനം ചെയ്തതു്. പരിശുദ്ധാത്മപ്രചോദിതനായ ആ പരിശുദ്ധ പിതാവിൻെറ പ്രഖ്യാപനം ലോകം മുഴുവനും, പ്രത്യേകിച്ചു കത്തോലിക്കാസഭയിൽ, ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചുവെന്നു പറയാം. സഭയെ അധുനാധുനമാക്കുകയും ക്രൈസ്തവരുടെ പുനരൈക്യം സാധിതമാക്കുകയുമാണു് ഈ സൂനഹദോസിൻെറ ലക്ഷ്യങ്ങളായി മാർപ്പാപ്പാ തിരുമേനി നിർദ്ദേശിച്ചതു്.

മൂന്നുവർഷത്തെ അനസ്യൂതമായ പ്രവർത്തനങ്ങളുടെ ഫലമായി 1962 ഒക്ടോബർ 11-നു് രണ്ടാം വത്തിക്കാൻ സൂനഹദോസ് സമാരംഭിച്ചു. സൂനഹദോസിൻെറ പൂർത്തി കാണുവാൻ യോഹന്നാൻ മാർപ്പാപ്പായിക്കു അവസരംലഭിച്ചില്ല. അദ്ദേഹത്തിൻെറ പിൻഗാമിയായ പൗലോസ് ആറാമൻ മാർപ്പാപ്പാ സൂനഹദോസിൻെറ സമ്മേളനം തുടർന്നു വിളിച്ചുകൂട്ടി. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ഫലങ്ങൾ കണ്ടുതുടങ്ങിയിട്ടേയുള്ളു. കണ്ടിടത്തോളം ഫലങ്ങൾ ആശാവഹമാണു്. പുതിയ വിശ്വാസപ്രഖ്യാപനങ്ങളൊന്നും സൂനഹദോസ് നടത്തിയിട്ടില്ല. സഭയുടെ പ്രബോധനങ്ങളെ ലോകത്തിനു നൽകുവാനുള്ള സഭയുടെ സമീപനരീതിയിൽ വലുതായ പരിവർത്തനം ഈ സൂനഹദോസിൻെറ നേട്ടങ്ങളിലൊന്നാണു്.

ഒന്നാം വത്തിക്കാൻ സൂനഹദോസ് 1870-ൽ മാർപ്പാപ്പായുടെ അപ്രമാദിത്വം ഒരു വിശ്വാസവിഷയമായി പ്രഖ്യാപനം ചെയ്തു. ആ വിശ്വാസവിഷയത്തിനു് അതർഹിക്കുന്നതിൽ കൂടുതൽ പ്രാമുഖ്യം നൽകാതിരിക്കുവാൻ വേണ്ടിക്കൂടിയാണു് മെത്രാന്മാരുടെ സംഘാത്മകത (Collegiality of Bishops) യെക്കുറിച്ചു് ഈ സൂനഹദോസ് ഊന്നിപ്പറഞ്ഞതു്. പൗരസ്ത്യറീത്തുകാരെ സംബന്ധിച്ചിടത്തോളം ഈ സൂനഹദോസ് വേറൊരു നേട്ടമുണ്ടാക്കിയിട്ടുണ്ടു്. പൗരസ്ത്യറീത്തുകളുടെ മഹിമയും പ്രാചീനതയും ലോകത്തിനു വെളിവായി. കത്തോലിക്കാസഭയെന്നുപറഞ്ഞാൽ മുഴുവൻ റോമൻ മയവും ലത്തീൻ മയവും ആണെന്നു കരുതിപ്പോന്നവരുടെ ധാരണയ്ക്കു ഒരു പൊളിച്ചെഴുത്തു് ആവശ്യമായി. ദേശവും സംസ്കാരവുമെല്ലാംതന്നെ ആരാധനക്രമ നവീകരണത്തിൽ പരിഗണനീയമാണെന്നുള്ളതും പരക്കെ അംഗീകരിക്കപ്പെട്ടു. റോമൻ കൂരിയായുടെ പ്രവർത്തനങ്ങൾ സൂനഹദോസിൻെറ ചർച്ചകളുടെയും മറവും വെളിച്ചത്തിൽ പരിഷ്കരിക്കേണ്ടതാണെന്നു അംഗീകരിക്കപ്പെട്ടു. മാർപ്പാപ്പായെ സഭാഭരണത്തിൽ സഹായിക്കുന്നതിനു അന്തർദ്ദേശീയ പ്രാതിനിധ്യ സ്വഭാവമുള്ള മെത്രാന്മാരുടെ സമിതി രൂപീകൃതമായി. ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ വളരെയധികം പറയേണ്ടിവരും. ഏതായാലും ഒരു കാര്യം തീർച്ച. ഇരുപതാം നൂററാണ്ടിലെ ഒരു മഹാസംഭവമാണു് രണ്ടാം വത്തിക്കാൻ സൂനഹദോസ്.

ഈ സൂനഹദോസ് ഡിസംബർ എട്ടാം തീയതി സമാപിക്കുകയാണു്. ആ സമാപനത്തോടനുബന്ധിച്ചു നാം ചെയ്യേണ്ട കാര്യങ്ങൾ ഉദ്ബോധിപ്പിച്ചുകൊണ്ടു അഭിവന്ദ്യതിരുമേനി റോമിൽനിന്നയച്ച കല്പന അനുത്ര ചേർത്തിട്ടുണ്ടു്.


അഭിവന്ദ്യതിരുമേനിയുടെ നിർദ്ദേശാനുസരണം സൂനഹദോസിൻെറ ഡിക്രികളും പ്രഖ്യാപനങ്ങളും ഒരു വിദഗ്ദ്ധക്കമ്മിററി മലയാളത്തിലേക്കു തർജ്ജിമചെയ്തുകൊണ്ടിരിക്കുകയാണു്. അവയെല്ലാം ഒന്നിച്ചു് ഗ്രന്ഥരൂപത്തിൽ താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതാണു്.

രണ്ടാം വത്തിക്കാൻ സൂനഹദോസ് നമ്മുടെ മതപരമായ ജീവിതത്തിനു കൂടുതൽ തെളിവും മിഴിവും നൽകുവാനിടയാക്കട്ടെ.

# വൈദികാദ്ധ്യക്ഷസന്ദേശം

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ ആനുകൂല്യത്താലും
തിരുവനന്തപുരം അതിരൂപതയുടെ
**ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്**
**മെത്രാപ്പോലീത്തായിൽ നിന്നും**

നമ്മുടെ അധികാരത്തിൽപ്പെട്ട പള്ളികളിലെയും മിഷ്യനുകളിലെയും
ബ. വികാരിമാർക്കും, സഹായപട്ടക്കാർക്കും സന്യാസികൾക്കും സന്യാസിനികൾക്കും,
സത്യവിശ്വാസികൾ ഏവർക്കും വാഴ്‌വ്.



**കർത്താവിൽ പ്രിയരെ,**

ആധുനികകാലത്തു സഭയുടെ നവീകരണത്തിനും അതുമൂലം മനുഷ്യരാശിയുടെ സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടി ദൈവനിശ്ചയത്താൽ ഒരു പൊതുസൂന്നഹദോസ് വിളിച്ചുകൂട്ടുവാൻ ഭാഗ്യസ്മരണാർഹനായ 23–ാം യോഹന്നാൻ മാർപ്പാപ്പാ തീരുമാനിക്കുകയും മൂന്നുകൊല്ലത്തെ നിസ്തന്ദ്രമായ ഒരുക്കത്തിനു ശേഷം 1962–ൽ വിളിച്ചുകൂട്ടുകയും ചെയ്തു. അദ്ദേഹം കാലം ചെയ്തശേഷം ഇന്നു തിരുസഭയെ ഭാഗ്യമോടെ ഭരിക്കുന്ന ആറാം പൗലൂസ് മാർപ്പാപ്പാ സൂന്നഹദോസ് തുടരുകയും അന്ത്യത്തിൽ എത്തിക്കുകയും ചെയ്തിരിക്കുന്നു ഈ ഡിസംബർ മാസം 8–ാംനു പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവതിരുനാളിൽ രണ്ടാം വത്തിക്കാൻ സൂന്നഹദോസ് അവസാനിക്കുന്നതാണ്. ഇതിനകം നടന്ന എട്ടു "പൊതുസമ്മേളന"ങ്ങളിലായി 12 വിഷയങ്ങൾ സംബന്ധിച്ചുള്ള തീരുമാനങ്ങൾ പ്രസിദ്ധം ചെയ്തുകഴിഞ്ഞു. ഡിസംബർ 7–ാം തീയതി നടക്കുന്ന പൊതുസമ്മേളനത്തിൽ ഇനിയും നാലു് വിഷയങ്ങൾ സംബന്ധിച്ചുള്ള തീരുമാനങ്ങൾ നടപ്പിൽ വരുന്നതാണ്. പത്താം 'പൊതുസമ്മേളനം' അമലോത്ഭവമാതാവിന്റെ തിരുനാൾ ദിവസം ആഘോഷമായ ദിവ്യബലിയോടും മററു കർമ്മാദികളോടുംകൂടി നടത്തപ്പെടുന്നതാണ്.

യോഹന്നാൻ മാർപ്പാപ്പായും പോൾ മാർപ്പാപ്പായും സൂന്നഹദോസിനെപ്പററി സംസാരിക്കുമ്പോൾ സാധാരണയായി 'പുതിയ പെന്തിക്കോസ്തി'യെന്നാണു അതിനെ വിശേഷിപ്പിച്ചിട്ടുള്ളതു്. സൂന്നഹദോസും അതിനെ തുടർന്നു പ്രതീക്ഷിക്കപ്പെടുന്നതായ ജീവിതനവീകരണവും സർവ്വോപരി പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണെന്നു നമ്മെ ഉൽബോധിപ്പിക്കുന്നതിനാണ് അവർ ആഗ്രഹിച്ചിട്ടുള്ളതു്. സൂന്നഹദോസിന്റെ പര്യവസാനം സംബന്ധിച്ചു പൗലൂസ് മാർപ്പാപ്പാ അടുത്തയവസരത്തിൽ മെത്രാന്മാർക്കയച്ച തിരുവെഴുത്തിൽ ഈ സത്യം ശക്തിയായി ഒന്നുകൂടി പ്രസ്താവിച്ചിട്ടുണ്ടു്.

സൂന്നഹദോസ് സംബന്ധിച്ചു യോഹന്നാൻ മാർപ്പാപ്പ ആദ്യമായി പ്രസ്താവിച്ചതുമുതൽ സൂന്നഹദോസിൽ പരിശുദ്ധാത്മാവിന്റെ പ്രത്യ

കമായ നടത്തിപ്പുണ്ടാകുന്നതിനായി പ്രാർത്ഥന നടത്തണമെന്നുൽബോധിപ്പിച്ചു കൊണ്ടു നാം കല്പന അയച്ചിരുന്നു. ഇതു പല പ്രാവശ്യം നാം ആവർത്തിച്ച് നിങ്ങളുടെ സ്നേഹത്തെ ഓർമ്മിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സുന്നഹദോസ് അവസാനിക്കാറായ ഈയവസരത്തിൽ മേൽ പ്രസ്താവിച്ച നിയോഗത്തിനായി നമ്മുടെ വൈദികരും സന്യാസികളും വിശ്വാസികളും പൂർവ്വാധികം തീക്ഷ്ണതയോടെ പ്രാർത്ഥിക്കണമെന്ന് നാം നിങ്ങളെ സ്നേഹപൂർവ്വം ഉൽബോധിപ്പിക്കുന്നു. തിരുസഭയുടെയും ക്രിസ്ത്യാനികൾ എല്ലാവരുടെയും എന്നല്ല സന്മനസ്സുള്ള എല്ലാ മനുഷ്യരുടെയും പ്രതീക്ഷകൾ സുന്നഹദോസിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. സുന്നഹദോസുമൂലം പ്രതീക്ഷിക്കപ്പെടുന്ന നന്മകൾ ഉണ്ടാകാത്ത പക്ഷം അതു് കഠിനമായ നിരാശയ്ക്കും പലവിധമായ മററു ദുരന്തങ്ങൾക്കും ഇടയാകുന്നതായിരിക്കും.

ക്രിസ്തുവിൻെറ വികാരിയായ മാർപ്പാപ്പായോടും വൈദികാദ്ധ്യക്ഷന്മാരോടും ചേർന്നു ലോകമാസകലമുള്ള ക്രിസ്ത്യാനികൾ ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടി സുന്നഹദോസിൻെറ അവസാന ചടങ്ങുകളിൽ സംബന്ധിക്കേണ്ടതാണ്. ആദ്യത്തെ പെന്തിക്കോസ്തിദിവസം മാതാവും ശ്ലീഹന്മാരും മററു ശിഷ്യരും ഒരുമയോടെ പ്രാർത്ഥിച്ചിരുന്നതു നമുക്കു മാതൃകയായിരിക്കട്ടെ (Act 1, 14.)

സുന്നഹദോസിൻെറ തീരുമാനങ്ങൾ നമ്മുടെ വിശ്വാസികൾക്കെല്ലാവർക്കും വ്യാഖ്യാനിച്ചു കൊടുക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ നാം ചെയ്തുകൊണ്ടിരിക്കുകയാണ്. സുന്നഹദോസിൻെറ ശേഷമുള്ള ദിവസങ്ങളിലും പ്രത്യേകിച്ച് അതിൻെറ അവസാന ചടങ്ങുകളിലും പരിശുദ്ധപിതാവിൻെറ നിർദ്ദേശപ്രകാരം അനുഷ്ഠിക്കേണ്ട കാര്യങ്ങൾ ഈ കല്പനവഴിയായി നിങ്ങളെ നാം അറിയിക്കുന്നു.

1. അമലോത്ഭവമാതാവിൻെറ തിരുനാളിനു മുമ്പായുള്ള നൊവേനദിവസങ്ങളിൽ മൂന്നു ദിവസങ്ങൾ Triduum സുന്നഹദോസിനു വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാദിവസങ്ങളായി ചെലവഴിക്കണം. വിശുദ്ധകുർബാന കൂടാതെ സുന്നഹദോസു് സംബന്ധിച്ചുള്ള ഉപദേശങ്ങൾ ഈ ദിവസങ്ങളിൽ ഉണ്ടായിരിക്കണം. ദിവസവും വി. കുർബാനയ്ക്കു സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ത്രിദിനത്തിൽ ഏതെങ്കിലുമൊരു ദിവസമെങ്കിലും വി. കുർബാന ഉണ്ടായിരിക്കുന്നതിനും എന്നാൽ കുർബാന ഇല്ലാത്ത ദിവസങ്ങളിൽ തന്നെയും വിശ്വാസികൾ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുന്നതിനും വേണ്ട ക്രമീകരണം ചെയ്യണം.

2. ഡിസംബർ 8–ാം തീയതി രാവിലെ 11 മണി (റോം സമയം)യ്ക്കാണ് അവസാന ചടങ്ങുകൾ ആരംഭിക്കുന്നതു്. ഇൻഡ്യയിലെ സമയം അപ്പോൾ ഉച്ചകഴിഞ്ഞു് 3. 30 മണിയായിരിക്കും. ഈ സമയം വിശ്വാസികൾ ഓരോ ഇടവകയിലും ഒരുമിച്ചുകൂടി റോമിൽ നടക്കുന്ന മഹൽസംഭവത്തിൽ പ്രാർത്ഥനാപൂർവ്വം ആത്മനാ പങ്കെടുക്കണം. ഈ ദിവസങ്ങളിലെ പ്രാർത്ഥനകളിലും മററു ആത്മീയകർമ്മങ്ങളിലും മൂന്നു നിയോഗങ്ങൾ നമുക്കുണ്ടായിരിക്കണം. ഒന്നാമതു ഇതുവരെ ലഭിച്ച നന്മകൾക്കു നന്ദിപറയുക; രണ്ടാമതു സുന്നഹദോസിന്മേൽ കൂടുതലായ അനുഗ്രഹങ്ങൾ വർഷിക്കുന്നതിനായി പ്രാർത്ഥിക്കുക; മൂന്നാമതു സുന്നഹദോസിൻെറ തീരുമാനങ്ങൾ ഓരോരുത്തരായും സമൂഹമായും നടപ്പിൽ വരുത്തുന്നതിനു ദൈവാശ്രയത്തോടുകൂടി തയ്യാറാകുക.

പരിശുദ്ധാത്മാവായ ദൈവം എഴുന്നള്ളിവന്ന് ഓരോ വ്യക്തിയേയും, തിരുസഭയേയും മനുഷ്യവർഗ്ഗത്തെ മുഴുവനായും ശോഭനവും ദിവ്യവുമായ ഒരു പുതിയ യുഗത്തിലേയ്ക്ക് ആനയിയ്ക്കട്ടെ.

പരിശുദ്ധാത്മാവിൻെറ മണവാട്ടിയും തിരുസഭയുടെ മാതാവും മനുഷ്യവർഗ്ഗത്തിൻെറ പ്രത്യാശയുമായ അമലോത്ഭവം നമുക്കു വഴികാട്ടിയും തുണയുമായിരിക്കട്ടെ.

എന്ന്

✠ **ബനഡിക്ട് മാർ ഗ്രീഗോറിയോസ്,**

തിരുവനന്തപുരം മെത്രാപ്പോലീത്താ.

റോമാ,
30—11—1965

# അപ്പൊസ്തോലികപിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും

(മോൺ. തോമസ് വടശ്ശേരി എൽ. ഡി.)

തുടർച്ച

## 2. റോമായിലെ ക്ലീമീസ്

### 4. ക്ലീമീസ് കൊറിന്ത്യർക്ക എഴുതിയ ഒന്നാം ലേഖനം.

#### പുരാതന കൈയെഴുത്തുപ്രതികൾ

അഞ്ചാം ശതാബ്ദത്തിൽ അലക്സാണ്ഡ്റിയായിൽവെച്ച ഗ്രീക്കഭാഷയിൽ എഴുതപ്പെട്ടതും ഇപ്പോൾ ലണ്ടനിൽ ബ്രിട്ടീഷ് കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചുവരുന്നതുമായ കൈയെഴുത്തുപ്രതിയിൽ ക്ലീമീസ് കൊറിന്ത്യക്ക് എഴുതിയ ഒന്നാം ലേഖനത്തിൻെറ 57, 6 മുതൽ 63 വരെയുള്ള അദ്ധ്യായങ്ങളും രണ്ടാം ലേഖനത്തിൽ 12, 6 മുതൽ 20, 5 വരെയുള്ള അദ്ധ്യായങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. ജറുസലേം പാത്രിയക്കീസിൻെറ ഗ്രന്ഥശാലയിൽ സൂക്ഷിച്ചുവരുന്ന ഗ്രീക്ക കൈയെഴുത്തുപ്രതിയിൽ രണ്ടു ലേഖനങ്ങളും മുഴുവനായി കാണാം. കോൺസ്റ്റൻറിനോപ്പിളിലെ ബ്രിയെന്നിയൂസ് 1875-ൽ ഇവ പ്രസിദ്ധീകരിക്കയുണ്ടായി.

നാമൂറിലെ വലിയ സെമിനാരിയിൽ ലത്തീൻ ഭാഷയിലേക്ക തർജ്ജിമ ചെയ്യപ്പെട്ട ക്ലീമീസിൻെറ ലേഖനത്തിൻെറ ഒരു പ്രതിയുണ്ട്. ഇതു 11-ാം ശതാബ്ദത്തിൽ എഴുതപ്പെട്ട ഒരു കൈയെഴുത്തുപ്രതിയാണ്.

രണ്ടു ലേഖനങ്ങളും അടങ്ങിയതും, സുറിയാനിഭാഷയിൽ ഉള്ളതുമായ ഒരു പ്രതി കെയിംബ്രിഡ്ജ് സർവകലാശാലയിലെ ഗ്രന്ഥശേഖരത്തിലുണ്ട്. ഇതു 1170-ൽ എഴുതപ്പെട്ടു.

ബർലിനിൽ (ജർമ്മനി) നാലാം ശതാബ്ദത്തിൽ ഈഗുപ്തായ ഭാഷയിൽ എഴുതപ്പെട്ട ഒരു പ്രതി സൂക്ഷിച്ചുവരുന്നു. ഈ പ്രതിയിൽ അഞ്ചു താളുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. സ്ത്രാസ്ബർഗ് സർവകലാശാലയിൽ വേറൊരു ഈഗുപ്തായ പരിഭാഷയുടെ അഞ്ചാം ശതാബ്ദത്തിലെ കൈയെഴുത്തുപ്രതി സൂക്ഷിച്ചുവരുന്നു. അതിൽ 26-ാം അദ്ധ്യായം 2-ാം വാക്യം വരെയേ ഉള്ളു.

### 5. ഒന്നാം ലേഖനത്തിൻെറ വിശ്വാസ്യത

ഈ ലേഖനത്തിൽ ക്ലീമീസിൻെറ പേരു വയ്ക്കാതെ * "റോമായിൽ പയ്യടനം ചെയ്യുന്ന ദൈവത്തിൻെറ സഭ കോറിന്ത്യായിൽ പയ്യടനം ചെയ്യുന്ന ദൈവത്തിൻെറ സഭയ്ക്കു (എഴുതുന്നതു്)" എന്നാണു എഴുതുന്നതെങ്കിലും ഈ ലേഖനം ക്ലീമീസ് തന്നെ എഴുതിയതാണെന്നു പുരാതന ഗ്രന്ഥകാരന്മാരെല്ലാം സമ്മതിക്കുന്നു.

എജസിപ്പൂസിൻെറ സാക്ഷ്യത്തെ സംബന്ധിച്ചു സഭാചരിത്രകാരനായ എവുസേബിയസ് ഇപ്രകാരം പറയുന്നു "ക്ലീമീസിൻെറ ലേഖനത്തെ സംബന്ധിച്ചു എജസിപ്പൂസ് പ്രസ്താവിച്ച ശേഷം ഇങ്ങനെ തുടരുന്നു: കൊറീന്ത്യയിലെ സഭ അവിടത്തെ ആദ്യമെത്രാൻെറ (അദ്ധ്യക്ഷൻെറ) കാലംവരെ ശരിയായ വിശ്വാസത്തിൽ നിലനിന്നു. റോമായിലേക്ക കപ്പൽയാത്ര ചെയ്യുന്നതുവരെ അദ്ദേഹത്തോടു ഞാൻ ഹൃദയംഗമമായി സംഭാഷണം ചെയ്തു. കുറച്ചു നാളുകളല്ല ഞാൻ കൊറിന്ത്യരോടുകൂടി വസിച്ചതു്. ഞങ്ങൾ സത്യവിശ്വാസത്തിൽനിന്നും അന്യോന്യം ആശ്വാസം അനുഭവിച്ചു" Euseb· Hist Eccle IV, 22) കൊറിന്ത്യസഭയ്ക്കു അയയ്ക്കപ്പെട്ട ലേഖനത്തിൻെറ കർത്താവു റോമായിലെ സഭാദ്ധ്യക്ഷനാണെന്നു കൊറീന്ത്യക്കു തീർച്ചയായും അറിയാമായിരുന്നു.

---

* പുരാതന കാലങ്ങളിൽ ഗ്രന്ഥകാരന്മാർ അവരുടെ പേരു് ഗ്രന്ഥങ്ങളിൽ പലപ്പോഴും ചേർത്തിരുന്നില്ല.

ക്ലീമീസിൻെറ ഭരണകാലത്തു കൊറിന്ത്യ സഭയിൽ അനല്പമായ ഭിന്നത ഉണ്ടായെന്നും, റോമായിലെ സഭ കൊറിന്ത്യർക്കു ഏററം അധികാരപരമായ ലേഖനങ്ങൾ എഴുതി അവരെ സമാധാനത്തിൽ സംയോജിപ്പിച്ചെന്നുമുള്ള വി. ഇരനേയസിൻെറ സാക്ഷ്യവും ക്ലീമീസുതന്നെയാണു ഈ ലേഖനത്തിൻെറ കർത്താവെന്നു തെളിയിക്കുന്നു.

കൊറിന്ത്യായിലെ ദിവന്നാസ്യോസ് വി. സോത്തെർ മാർപ്പാപ്പാക്കു (ഭരണകാലം 168—177) എഴുതിയ ഒരു കത്തിൽ ക്ലീമീസിൻെറ ലേഖനം കൊറിന്ത്യാസഭയിൽ പതിവായി വായിച്ചിരുന്നെന്നു പ്രസ്താവിക്കുന്നു. ഇതു സംബന്ധിച്ചു എവുസേബിയസ് നൽകുന്ന സാക്ഷ്യം അദ്ദേഹത്തിൻെറ വാക്കുകളിൽ തന്നെ ഉദ്ധരിക്കാം. "ക്ലീമീസ് കൊറിന്ത്യക്കു എഴുതിയ ലേഖനം പുരാതനമായ പതിവനുസരിച്ചു പള്ളിയിൽ വായിക്കുന്നതിനെ അനുസ്മരിപ്പിച്ചുകൊണ്ടു് അദ്ദേഹം (ദിവന്നാസ്യോസ്) ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു. ഇന്നു ഞങ്ങൾ ഞായറാഴ്ച ദിനത്തെ ശുദ്ധമായി ആചരിച്ചിരിക്കുന്നു. ഇന്നു ഞങ്ങൾ അങ്ങയുടെ (സോത്തെർ മാർപ്പാപ്പായുടെ) ലേഖനം വായിച്ചു. മുമ്പു ക്ലീമീസ് ഞങ്ങൾക്കു എഴുതിയതും ഉത്തമോപദേശങ്ങളാൽ സമ്പന്നമായതുമായ ലേഖനം പോലെ ഇതും ഞങ്ങൾ അനവരതം വായിക്കയും ചെയ്യും" (Eüseb H. E IV, 23) മററനേക സ്ഥലങ്ങളിലെ പള്ളികളിലും ഈ ലേഖനം വായിക്കുന്ന പതിവുണ്ടായിരുന്നെന്നും എവുസേബിയസ് പറയുന്നു (H; E. III, 16) ഇവയിൽ നിന്നെല്ലാം എത്ര പ്രാമാണ്യമാണു് പുരാതനസഭ ക്ലീമീസിൻെറ ഈ ലേഖനത്തിനു നൽകിയിരുന്നതെന്നു മനസ്സിലാക്കാം. ഇക്കാരണത്താലായിരിക്കണം യാക്കോബായസഭ വേദപുസ്തകങ്ങളുടെ കൂട്ടത്തിൽ ക്ലീമീസിൻെറ ലേഖനങ്ങളെ ഉൾപ്പെടുത്തിയതും.

ക്രിസ്തുവബ്ദം 200നു. 203 നും മദ്ധ്യേ എഴുതപ്പെട്ട തൻെറ കൃതിയിൽ അലക്സാണ്ഡ്റിയായിലെ ക്ലീമീസ് (150-212) ഇരുപതിലധികം പ്രാവശ്യം ക്ലീമീസിൻെറ ലേഖനത്തിൽനിന്നും ഉദ്ധരിക്കുന്നുണ്ടു്. (Strom. I, 7; 4, 17; 5, 12) ക്ലീമീസിൻെറതാണു ഈ ലേഖനം എന്നു അദ്ദേഹത്തിനു പരിപൂർണ്ണ വിശ്വാസമുണ്ടായിരുന്നു.

അലക്സാണ്ഡ്റിയായിലെ ക്ലീമീസിൻെറ ശിഷ്യനും അവിടത്തെ ദൈവശാസ്ത്രവിദ്യാലയത്തിൽ അദ്ദേഹത്തിൻെറ പിൻഗാമിയായി അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചിരുന്നവനുമായ ഒറിജൻ "അപ്പൊസ്തോലന്മാരുടെ ശിഷ്യനായ ക്ലീമീസ്" എന്നു പറഞ്ഞു ക്ലീമീസിൻെറ ലേഖനത്തിൽനിന്നു രണ്ടു സാക്ഷ്യങ്ങൾ ഉദ്ധരിക്കുന്നു (xx, 8 In Princip. 2, 3, In Ezech. 8, 3. Lv; I In Johan 6, 36)

എവുസേബിയസ് തൻെറ സഭാചരിത്രത്തിൽ എജസിപ്പസിൻെറയും കൊറിന്ത്യയിലെ ദിവന്നാസ്യോസിൻെറയും സാക്ഷ്യങ്ങൾ ഉദ്ധരിക്കുക മാത്രമല്ല, ക്ലീമീസ് റോമായിലെ സഭയുടെ നാമത്തിൽ കൊറിന്ത്യർക്കുള്ള ലേഖനം എഴുതിയെന്നു സ്പഷ്ടമായി പറയുന്നുമുണ്ടു്. (H. E. III, 16, 38)

വി. ജറോം (342—419) "മഹാത്മാക്കളുടെ ജീവചരിത്രം" എന്ന ഗ്രന്ഥത്തിൽ (c. 15) അവൻ (ക്ലീമീസ്) റോമായിലെ സഭയുടെ നാമത്തിൽ കൊറിന്ത്യാക്കാരുടെ സഭക്കു് ഏററം ഉപകാരപ്രദമായ ഒരു ലേഖനം എഴുതിയെന്നു പ്രസ്താവിക്കയും, അതിൽനിന്നു ചില ഭാഗങ്ങൾ മററു കൃതികളിൽ ഉദ്ധരിക്കയും ചെയ്യുന്നു (ഉദാ: VXI, 2 in Isa 52, 13; XX, 8 in Ephes 2, 2, XLIX, 2 in Ephes. 4, 1)

പുരാതനമായ ഈ സാക്ഷ്യങ്ങളെല്ലാം തെളിയിക്കുന്നതു ക്ലീമീസിൻെറ ഒന്നാം ലേഖനം അദ്ദേഹത്തിൻെറ സ്വന്തം കൃതിയാണെന്നത്രെ.

## 6. ലേഖനകാലം

മതപീഡനകാലത്താണു് ഈ ലേഖനം എഴുതപ്പെട്ടതെന്നു നിസ്സംശയമത്രെ. ലേഖനത്തിൻെറ ആദ്യഭാഗത്തു് എഴുതിയിരിക്കുന്ന "അവിചാരിതങ്ങളും തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരുന്നവയുമായ വിപത്തുകളും നമുക്കു നേരിട്ടിട്ടുള്ള പ്രതിബന്ധങ്ങളും നിമിത്തം നിങ്ങളുടെ അടുക്കൽ അഭാവമായിരിക്കുന്ന കാര്യങ്ങളിലേക്കു നമ്മുടെ ദൃഷ്ടി പതിക്കുവാൻ കുറെ താമസിച്ചുപോയി" എന്നീ വാക്കുകൾ മതപീഡനത്തെ സൂചിപ്പിക്കുന്നു.

ഹെഫെലെ (Hefele) മുതലായ ചില പണ്ഡിതന്മാർ ക്രിസ്തുവബ്ദം 64-നും 67-നും മദ്ധ്യേ നേറോ ചക്രവർത്തി (ഭരണകാലം 54-68) നടത്തിയ മതപീഡനത്തെ സംബന്ധി

ച്ചാണ് ക്ലീമീസ് പറയുന്നതെന്നു അഭിപ്രായപ്പെട്ട് 68-ൽ ഈ ലേഖനം എഴുതപ്പെട്ടതായി തീരുമാനിക്കുന്നു. ഏതായാലും 70-ാം ആണ്ടിൽ ജറുസലേം ദൈവാലയം നശിപ്പിക്കപ്പെടുന്നതിനു മുമ്പു ഈ ലേഖനം എഴുതപ്പെട്ടെന്നു അവർ ഖണ്ഡിച്ചു പറയുന്നു. എന്തുകൊണ്ടെന്നാൽ ജറുസലേം ദൈവാലയത്തിൽ ബലികളും ആരാധനയും ക്രമമായി നടക്കുന്നതായി ക്ലീമീസിൻെറ ലേഖനത്തിൽ പറയുന്നു. ഈ അഭിപ്രായം സ്വീകാരയോഗ്യമായി തോന്നുന്നില്ല. ഭൂതകാലസംഭവങ്ങളെ വത്തമാനകാലത്തിൽ വിവരിക്കുന്ന പതിവ് എല്ലാ ഭാഷകളിലുമുണ്ട്. ജറുസലേം ദൈവാലയം നിശ്ശേഷം നശിപ്പിക്കപ്പെട്ടുകയും ബലികൾ നിറുത്തലാക്കുകയും, യഹൂദന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും ചിതറിപ്പോകുകയും ചെയ്തശേഷവും എഴുതപ്പെട്ട പല കൃതികളിലും ഇന്നത്തെ വത്തമാനകാലത്തിലുള്ള വർണ്ണനകൾ കാണുന്നുണ്ട്. ഉദാഹരണമായി ജറുസലേം ദൈവാലയം നശിപ്പിക്കപ്പെട്ട ശേഷം എഴുതപ്പെട്ട ബർണബായുടെ ലേഖനത്തിലും (EP. Barna. VII—xv 14) യഹൂദചരിത്രകാരനായ ഫ്ളാവിയസ് ജോസഫ് എഴുതിയ "യഹൂദന്മാരുടെ പുരാതനതത്വങ്ങൾ" എന്ന ഗ്രന്ഥത്തിലും (Antiquit xx, II, 2) വി. ജസ്റ്റിൻെറ കൃതിയിലും (Dialog C. II7) ഇപ്രകാരമുള്ള വർണ്ണനകൾ കാണാവുന്നതാണ്.

ക്ലീമീസിൻെറ ലേഖനത്തിലുള്ള ചില കാര്യങ്ങൾ പരിഗണിച്ചാൽ നേറോചക്രവത്തിയുടെ കാലത്തുണ്ടായ മതപീഡനത്തെ ക്ലീമീസു് സൂചിപ്പിക്കുന്നതായും, ക്രിസ്തുവബ്ദം 68-ൽ ഈ ലേഖനം എഴുതപ്പെട്ടതായും അനുമാനിക്കുവാൻ വഴി കാണുന്നില്ല. ക്രിസ്തുവർഷം 53-ൽ (Cf. നടപടി 18, 1—18) കൊറീന്ത്യയിൽ വി. പൌലോസ് സ്ഥാപിച്ച സഭയെ പുരാതനമെന്നു ക്ലീമീസ് വിളിക്കുന്നു (47, 6) 68-ൽ ലേഖനം എഴുതപ്പെട്ടെങ്കിൽ 15 കൊല്ലം മാത്രം പഴക്കമുള്ള സഭയെ പുരാതനമെന്നു ആരും വിളിക്കയില്ലല്ലോ. ക്ലീമീസ് ലേഖനം എഴുതുമ്പോൾ അപ്പൊസ്തോലന്മാരിൽനിന്നും പൌരോഹിത്യം സ്വീകരിച്ചവർ മാത്രമല്ല, അപ്പൊസ്തോലന്മാരുടെ പിൻഗാമികളിൽ നിന്നു പൌരോഹിത്യം സ്വീകരിച്ച പലരും മരിച്ചുപോയതായി തെളിയുന്നുണ്ട്. 15 കൊല്ലത്തിനിടയ്ക്കു ഇത്രയധികം പേർ മരിക്കുക സാദ്ധ്യമല്ല. (44, 3) കൊറിന്ത്യാസഭയിൽനിന്നു ബഹിഷ്കരിക്കപ്പെട്ട പുരോഹിതന്മാർ ദീർഘകാലം സ്തുത്യർഹമായി സഭയിൽ ഉദ്യോഗത്തിൽ ഇരുന്നവരാണ് (44, 3) 15 കൊല്ലം ദീർഘകാലമെന്നു പറയാവുന്നതല്ല.

ക്ലീമീസ് കൊറിന്ത്യയിലേക്കു അയക്കുന്ന പ്രതിനിധിമാർ "യൌവനകാലം മുതൽ വാർദ്ധക്യം വരെ വിശ്വസ്തരും നിർമ്മലരുമായി നമ്മോടുകൂടി വസിച്ചവരാണെ"ന്നു ക്ലീമീസ് പറയുന്നു. ഈ വാക്കുകൾ 68-ൽ ലേഖനം എഴുതിയതെന്നുള്ള സങ്കല്പത്തിനു എതിരാണല്ലോ.

ഇക്കാരണങ്ങളാൽ ക്ലീമീസിൻെറ ലേഖനത്തിൽ സൂചിപ്പിക്കപ്പെടുന്ന മതപീഡനം നേറോചക്രവത്തിയുടെ കാലത്തുണ്ടായ മതപീഡനമല്ല, പിൻകാലത്തുണ്ടായ മതപീഡനമാണെന്നു അനുമാനിക്കാം. എജസിപ്പൂസിൻെറയും വി. ഇരനേയസിൻെറയും സാക്ഷ്യങ്ങളിൽ നിന്നു വി. ക്ലീമീസിൻെറ ഭരണകാലത്താണ്—എവുസേബിയസിൻെറ അഭിപ്രായപ്രകാരം 92-നും 101-നും ഇടയ്ക്കാണ്-കൊറിന്ത്യാസഭയിൽ വിപ്ലവമുണ്ടായതും ക്ലീമീസ് അങ്ങോട്ടു ലേഖനം അയച്ചതും. ആകയാൽ ക്ലീമീസ് ലേഖനം എഴുതിയതു് 94 അഥവാ 95-ൽ ഡൊമീഷ്യൻ ചക്രവത്തിയുടെ ഭരണകാലത്തു് (81- 96) ആരംഭിക്കയും അദ്ദേഹത്തിൻെറ മരണകാലമായ 96 സെപ്റ്റംബർ 18-ാം തീയതി അവസാനിക്കയും ചെയ്ത മതപീഡനത്തിലായിരിക്കണം. അതുമല്ലെങ്കിൽ ക്ലീമീസ് ലേഖനം എഴുതിയതു് 96 സെപ്റ്റംബർ 18 തുടങ്ങി 98 ജനുവരി 25 വരെ ഡൊമീഷ്യൻെറ പിൻഗാമിയായി ഭരണം നടത്തിയ നേർവാചക്രവത്തിയുടെ കാലത്തായിരിക്കണം. കൊറിന്ത്യാസഭയിൽ വിപ്ലവമുണ്ടായതു് ഡൊമീഷ്യൻ ചക്രവത്തിയുടെ ഭരണത്തിൻെറ അവസാനഘട്ടത്തിൽ അതായതു 93-ലോ 94-ലോ ആയിരിക്കണം— മതപീഡനത്തിനു മുമ്പോ അഥവാ മതപീഡനം ആരംഭിച്ചയുടനെയോ ആയിരിക്കണം.

# സിയോൻ കാഹളത്തിൻെറ ദുരുപദേശം

(തുടർച്ച)

**പിലിപ്പോസ് റമ്പാൻ**

**വെ**ന്തിക്കോസ്തുകാരുടെ വക സീയോൻ കാഹളമെന്ന മാസികയിൽ ക്രൈസ്തവസഭകളിലെ മറിമായങ്ങൾ എന്ന ശീർഷകത്തിൽ ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം മുതൽ തുടർച്ചയായി എഴുതിക്കൊണ്ടിരുന്ന പത്രാധിപലേഖനത്തിൽ മാമോദീസായെക്കുറിച്ചും ശിശുസ്നാനത്തെക്കുറിച്ചും വേദപുസ്തകസാക്ഷ്യത്തിനു വിരുദ്ധമായി പ്രഖ്യാപിച്ചിരുന്ന ഉപദേശങ്ങളെപ്പററി കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ എഴുതിയിരുന്നു. ഇനിയും ആ പത്രാധിപലേഖനത്തിൽ ക്രിസ്തീയ പൗരോഹിത്യത്തെപ്പററി തിരുവചനസാക്ഷ്യത്തിനു വിരുദ്ധമായി നടത്തിയിരിക്കുന്ന പ്രസ്താവനയെക്കുറിച്ചുകൂടെ അല്പം പറയേണ്ടിയിരിക്കുന്നു.

ക്രിസ്തീയസഭയിൽ എല്ലാവർക്കുമുള്ള പൌരോഹിത്യമല്ലാതെ ആർക്കും വിശേഷവിധിയായ പൌരോഹിത്യമൊന്നുമില്ലെന്നാണ് പത്രാധിപർ പ്രഖ്യാപിച്ചിരിക്കുന്നതു്. അതിനാധാരമെന്നവണ്ണം പത്രോസിൻെറ ലേഖനത്തിൽനിന്നും യോഹന്നാൻെറ വെളിപാടിൽനിന്നുമുള്ള ചില വാക്യങ്ങളും ഉദ്ധരിക്കുന്നു. "നിങ്ങളോ അന്ധകാരത്തിൽനിന്നു തൻെറ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവൻെറ സൽഗുണങ്ങളെ വർണ്ണിപ്പാൻ തക്കവണ്ണം നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതകുലവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു. (1 പത്രോ. 2, 9) മററു വാക്യങ്ങൾ 1 പത്രോ 2, 5 വെളി 1, 6. വെളി 5, 10. വെളി 20, 6. എന്നിവകളത്രെ. ഈ ഭാഗങ്ങൾ എഴുതിയ പത്രോസും യോഹന്നാനും അപ്പോസ്തലസ്ഥാനത്തിൻെറ മഹിമയേറിയ പൗരോഹിത്യവും കൂടെ സ്വീകരിച്ചവരായിരുന്നുവെന്ന വസ്തുത പത്രാധിപർ മറച്ചുകളഞ്ഞിരിക്കുകയാണു്. ഈ അപ്പൊസ്തലന്മാർക്കു് ലഭിച്ചിട്ടുള്ള പ്രത്യേക പൌരോഹിത്യത്തിൻെറ മാഹാത്മ്യം എന്താണെന്നു് ഗ്രഹിക്കണമെങ്കിൽ അതു കോരിന്ത്യർക്കു് പൗലോസ് എഴുതിയ ലേഖനത്തിൽ നിന്നും മററും ഗ്രഹിക്കാം. "ഞങ്ങൾ ക്രിസ്തുവിനു പകരം സ്ഥാനപതികളാകുന്നു. (2 കോര 5, 20) ഇതു കൂടാതെ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ വി. പൌലോസ് പറയുന്നതു് ഞാൻ ദൈവത്തിൻെറ സുവിശേഷത്തിനു പുരോഹിതനാകുവാൻ എന്നാണു് (റോമ 15, 15) ഇതിൽനിന്നും ക്രിസ്തുവിൻെറ സ്ഥാനപതികളും ക്രിസ്തുവിൻെറ സുവിശേഷത്തിൻെറ പുരോഹിതന്മാരുമായ ശ്രേഷ്ഠപുരോഹിതന്മാർ ആദിമസഭയിൽ ഉണ്ടായിരുന്നുവെന്നു ഗ്രഹിക്കാം.

എല്ലാവരും അപ്പോസ്തലന്മാരാണോ? എല്ലാവരും പ്രവാചകന്മാരാണോ? എല്ലാവരും ഉപദേഷ്ടാക്കളാണോ എല്ലാവരും ശക്തികളാണോ? (1 കോരന്തി 12, 30) എന്നു പൌലൂസ് ചോദിക്കുന്നു. അല്ലെന്നാണു് അതിൽ അന്തർലീനമായിരിക്കുന്ന ഉത്തരം. എന്നാൽ എല്ലാവരും ക്രിസ്തീയസഭയിൽ ഒന്നുപോലെ സമന്മാരാണെന്നാണു് പത്രാധിപരുടെ വാദം. ഇതു ഒരു അനാവശ്യവാദമാണു്.

സഭ ക്രിസ്തുവിൻെറ ശരീരമാണു്. ശരീരം മുഴുവൻ മാംസമല്ല. അതിൽ അസ്ഥിയും രക്തധമനികളുമെല്ലാമുണ്ടു്. ശരീരത്തെ ബലപ്പെടുത്തി നിറുത്തുന്നതിനുള്ളതാണു് അതിൻെറ അസ്ഥി. ജീവനാകുന്ന രക്തത്തെ ശരീരത്തിൻെറ നാനാഭാഗങ്ങളിലേക്കും എത്തിച്ചുകൊടുക്കുന്നതിനുള്ളതാണു് രക്തധമനികൾ. അതുപോലെ സഭാശരീരത്തെ ബലപ്പെടുത്തി നിറുത്തുന്ന അസ്ഥികളാണു് അതിൻെറ സത്യവിശ്വാസം. ക്രിസ്തുവിൻെറ കൃപാവരങ്ങളെ സഭാംഗങ്ങളിലെല്ലാം എത്തിച്ചു കൊടുക്കുന്നതിനുള്ള ധമനികളാണു് വൈദികർക്കു നല്കപ്പെടുന്ന പൌരോഹിത്യം "അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുന്നവനല്ലാതെ ഒരുത്തരും ആ മാനത്തെ തനിക്കു തന്നെ എടുത്തുകൊള്ളുന്നില്ല. (എബ്രാ 5. 4) എന്നു് എബ്രായലേഖനത്തിൽ നാം കാണുന്നു. ഇതിൽനിന്നും ദൈ

വശ്രൂശ്രൂഷയ്ക്കായി അഹറോനെപ്പോലെ ദൈവത്താൽ പ്രത്യേകം വിളിയ്ക്കപ്പെട്ടിട്ടുള്ളവരാണ് വൈദികർ എന്നു ഗ്രഹിയ്ക്കാം. അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടാതെ സ്വന്ത ഇഷ്ടത്താൽ വരുന്നവരെ വിശ്വസിച്ചുകൂടാ. എന്നാൽ ഇങ്ങനെയൊരു പ്രത്യേക വൈദികവൃന്ദമോ വൈദികവൃത്തിയോ ക്രിസ്തീയസഭയിലില്ലെന്നും ഇപ്പോഴുള്ളതു വെളിയ്ക്കുള്ള ജാതികളിൽനിന്നു് സ്വീകരിച്ചിട്ടുള്ള മറുമായങ്ങളാണെന്നുമാണു് പത്രാധിപർ പറയുന്നതു്. ഈ അഭിപ്രായം തിരുവെഴുത്തിലെ പരിശുദ്ധാത്മസാക്ഷ്യത്തിനു് വിരുദ്ധമാണു്.

ക്രിസ്തുവിൻെറ പ്രത്യേക സ്ഥാനാപതികളായിരിപ്പാൻ ക്രിസ്തു തന്നെ സ്വശിഷ്യന്മാരിൽനിന്നു് പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു അപ്പോസ്തലന്മാരാക്കി (ലൂക്കോസ് 6,13) ആ പന്ത്രണ്ടു പേരിലൊരുവനായ പത്രാസ്സിനെ അവരിൽ ഒന്നാമനാക്കിവച്ചു. (മത്താ 16 18) ഇതിൽനിന്നും ക്രിസ്തു തന്നെയും സഭയിലുള്ള എല്ലാവരെയും ഒരേ ഒരു നിലയിലല്ല ആക്കിവച്ചതെന്നു ഗ്രഹിക്കാവുന്നതാണു്.

ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണശേഷം പെന്തിക്കോസ്തിയിൽ സഭ രൂപീകരിക്കപ്പെട്ടു, ആ സഭ വർദ്ധിച്ചുവന്നപ്പോൾ സഭയിൽ ശുശ്രൂഷകന്മാരുടെ ആവശ്യം ഉണ്ടായി. അപ്പോൾ കുറെപ്പേരെ തിരഞ്ഞെടുത്തു ശുശ്രൂഷയ്ക്കു ശെമ്മാശന്മാരായി–ഡീക്കൻമാരായി–നിയമിച്ചു. 'സഹോദരന്മാരെ ആത്മാവും ജ്ഞാനവും നിറഞ്ഞു് നല്ല സാക്ഷ്യം കൊണ്ടവരായ ഏഴു പുരുഷന്മാരെ നിങ്ങളിൽ നിന്നുതന്നെ തിരഞ്ഞെടുക്കുവിൻ. അവരെ ഈ ശുശ്രൂഷയ്ക്കു് ആക്കാം എന്നു പറഞ്ഞു. അവർ ഏഴു പേരെ തിരഞ്ഞെടുത്തു അപ്പൊസ്തോലന്മാരുടെ മുൻപാകെ നിറുത്തി. അവർ പ്രാർത്ഥിച്ചു് അവരുടെ മേൽ കൈവച്ചു വാഴിയ്ക്കുകയും ചെയ്തു. (നടപടി 6, 3—6)

ഇങ്ങനെ ശെമ്മാശന്മാരെ വാഴിച്ചശേഷം സഭ പിന്നെയും വളൎന്നുകൊണ്ടിരുന്നു. അതിനാൽ പൌലോസ് അന്ത്യോക്യാ, ഇക്കോന്യാ, ദർബ്ബേ, മുതലായ സ്ഥലങ്ങളിൽ ചുററി സഞ്ചരിച്ചു് അവൎക്കു് കശ്ശീശന്മാരെ വാഴിച്ചു കൊടുത്തു. അതേപ്പററി തിരുവെഴുത്തിൽനാമിങ്ങനെവായിയ്ക്കുന്നു. ''പൗലോസ് സഭതോറും അവർക്കു് കശ്ശീശന്മാരെ നിയമിച്ചശേഷം ഉപവാസങ്ങളോടുകൂടി പ്രാർത്ഥിച്ചു് അവരെ കർത്താവിൽ ഭരമേല്പിച്ചു'' (നട. 14,23) കശ്ശീശന്മാർ എന്ന സുറിയാനി പദത്തിനു് മലയാളത്തിൽ മൂപ്പന്മാരെന്നും ഇംഗ്ലീഷിൽ Priests എന്നും മററുമാണു് വിവൎത്തനം ചെയ്തിരിയ്ക്കുന്നതെന്നുള്ളതുംകൂടി നാമോർത്തിരിക്കണം. തിരുവെഴുത്തിൽ നാം ഇങ്ങനെ വായിയ്ക്കുന്നു. ''ഞങ്ങൾ കല്പന കൊടുക്കാതെ ചിലർ ഞങ്ങളിൽനിന്നു പുറപ്പെട്ടു് നിങ്ങളെ വാക്കുകളിൽ കലക്കി നിങ്ങളുടെ ഹൃദയങ്ങളെ മറിച്ചുകളഞ്ഞപ്രകാരം കേട്ടിരിയ്ക്കുന്നു.'' (നട15, 24) അതുപോലെ തന്നെ ''അയയ്ക്കപ്പെടാതെയെങ്ങനെ പ്രസംഗിയ്ക്കും'' (റോമ. 10,15) എന്നുകൂടി നാം കാണുന്നു. ഇതിൽ നിന്നും കശ്ശീശന്മാരെ എപ്പിസ്കോപ്പന്മാർ നിയമിക്കുകയായിരുന്നു പതിവു് എന്നു് ഗ്രഹിക്കാം.

നിയമിക്കപ്പെടാതെ പ്രസംഗിക്കുവാൻ വരുന്നവർ സ്വകാര്യസാദ്ധ്യത്തിനായി വരുന്നവരാണു്. അവരെ അനുഗമിക്കുന്നതു് അപകടകരമാണു്.

ഇനിയും യാക്കോബ് അപ്പൊസ്തോലൻ എല്ലാ ക്രിസ്ത്യാനികൾക്കുമായി എഴുതിയിരിക്കുന്ന ലേഖനം കൂടെ നോക്കുക. ''നിങ്ങളിലൊരുത്തൻ രോഗിയായാൽ അവൻ പള്ളിയിലെ കശ്ശീശായെ –മൂപ്പനെ –Priest നെ ക്ഷണിച്ചുവരുത്തണം. അദ്ദേഹം കർത്താവിൻെറ നാമത്തിൽ അവനെ എണ്ണ പൂശിക്കൊണ്ടു് അവനുവേണ്ടി പ്രാൎത്ഥിയ്ക്കണം. വിശ്വാസത്തോടുകൂടിയ പ്രാൎത്ഥന രോഗിയെ രക്ഷിയ്ക്കും. കർത്താവു് അവനെ എഴുന്നേല്പിയ്ക്കും അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അതു ക്ഷമിയ്ക്കപ്പെടും. (യാക്കോ. 5,14-15) ഇതിൽ നിന്നും ഒന്നു രണ്ടു സംഗതികൾ വ്യക്തമാകുന്നു. യാക്കോബ് ഈ ലേഖനമെഴുതുന്ന കാലത്തു് അതായതു ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തിട്ടു മുപ്പതു കൊല്ലം കഴിയുന്നതിനു മുമ്പു തന്നെ ജനങ്ങളെ മേയിയ്ക്കുവാൻ കശ്ശീശമാർ നിയമിക്കപ്പെട്ടിട്ടുണ്ടായിരുന്നുവെന്നും ജനങ്ങൾ ആ കശ്ശീശന്മാരെ അതായതു് വൈദികരെക്കൊണ്ടു് രോഗികളുടെ തൈലാഭിഷേകം മുതലായ കൂദാശകൾ നടത്തിയ്ക്കണമെന്നു അപ്പോസ്തലന്മാരും എപ്പിസ്കോപ്പന്മാരും ഇടയന്മാരെന്ന നിലയിൽ ജനത്തോടു് ആജ്ഞാപിക്കുന്നുണ്ടായിരുന്നുവെന്നും കശ്ശീശന്മാരും ജനങ്ങളും എപ്പിസ്കോപ്പന്മാരുടെയും ശ്ലീഹന്മാരുടെയും ഉപദേശത്തിലും നിയന്ത്ര

ണത്തിലും നടന്നുതുടങ്ങിയിരുന്നു എന്നും ഗ്രഹിക്കാവുന്നതാണ്.

അതുപോലെതന്നെ കശ്ശീശന്മാരേയും ശെമ്മാശന്മാരെയും വാഴിസ്സുവാനധികാരമുള്ള എപ്പിസ്കോപ്പന്മാരേയും അവിടവിടെ വാഴിക്കേണ്ടതു് ആവശ്യമെന്നു തോന്നി. അവരെ അപ്പോസ്തലന്മാർ തന്നെ നിയമിച്ചാക്കുകയും ചെയ്തു. എപ്പിസ്കോപ്പായെന്ന സുറിയാനി പദത്തിനു് മലയാളത്തിൽ അദ്ധ്യക്ഷനെന്നും ഇംഗ്ലീഷിൽ ബിഷപ്പ് എന്നുമാണ് വിവർത്തനം ചെയ്തിരിക്കുന്നതെന്നുകൂടി നാം ഓർക്കണം. യഹൂദസ്കറിയോത്തായുടെ അപ്പോസ്തലസ്ഥാനം വേറൊരുത്തൻ ഏൾക്കട്ടെ എന്നു പറയുന്നതിനു പകരം അദ്ദേഹത്തിൻെറ അദ്ധ്യക്ഷസ്ഥാനം വേറൊരുവൻ ഏൽക്കട്ടെ എന്നു് മലയാളത്തിലും His Bishopric എന്നു് ഇംഗ്ലീഷിലും തർജ്ജിമ ചെയ്തിരിക്കുന്നു. (നട.1: 20) അതിൽനിന്നും എപ്പിസ്ക്കോപ്പ അതായതു് അദ്ധ്യക്ഷൻ or Bishop എന്ന പേരു് അപ്പോസ്തലൻ എന്ന പേരിനു പകരമുള്ളതും രണ്ടു കൂട്ടരുടെയും അധികാരം ഒന്നുതന്നെയുമാകുന്നുവെന്നും ധരിക്കാം.

എപ്പിസ്ക്കോപ്പാസ്ഥാനം പ്രാപിച്ച തിത്തോസിൻെറ പേർക്കു് പൗലൂസ് ഇങ്ങനെ എഴുതിയിരിക്കുന്നു "ഞാൻ അങ്ങയെ ക്രേത്തയിൽ വിട്ടേച്ചുപോന്നതു് ഞാൻ നിങ്ങളോടാജ്ഞാപിച്ചതുപോലെ പട്ടണം തോറും കശ്ശീശന്മാരെ അതായതു് മൂപ്പന്മാരെ, Priests-നെ നിയമിക്കുന്നതിനും ശേഷം കാര്യങ്ങളെല്ലാം ക്രമീകരിക്കുന്നതിനും വേണ്ടിയാണല്ലോ" (തീത്തോ 1: 5) വേറൊരു എപ്പിസ്ക്കോപ്പായായി പൗലോസു വാഴിച്ചാക്കിയിരുന്ന തീമോത്തിയോസിൻെറ പേക്കു് പൗലൂസ് ഇങ്ങനെ എഴുതിയിരിക്കുന്നു." എൻെറ കൈവെപ്പിനാൽ അങ്ങേക്കു് കിട്ടിയിട്ടുള്ള ദൈവത്തിൻെറ വരത്തെ ജ്വലിപ്പിക്കണമെന്നു് ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുന്നു (2 തിമോ 1: 6) പൗലൂസ് മിലേത്തിൽ ആയിരുന്നപ്പോൾ എപ്പേസോസിലേക്കാളയച്ചു് അവിടങ്ങളിലുള്ള എപ്പിസ്ക്കോപ്പന്മാരെ എല്ലാം വരുത്തി അവരോടിങ്ങനെ പറഞ്ഞു. "നിങ്ങളെത്തന്നെയും ദൈവം തൻെറ സ്വന്തം രക്തത്താൽ സമ്പാദിച്ചിട്ടുള്ള ദൈവത്തിൻെറ സഭയെ മേയിപ്പാനായി പരിശുദ്ധാത്മാവു് നിങ്ങളെ എപ്പിസ്ക്കോപ്പന്മാരാക്കി- Bishop ന്മാരാക്കി- അദ്ധ്യക്ഷന്മാരാക്കി- വച്ചിട്ടുള്ള എല്ലാ ആട്ടിൻ കൂട്ടത്തേയും സൂക്ഷിച്ചുകൊള്ളുവിൻ". (നട. 20-28) ഇതിൽനിന്നും സഭയിൽ എപ്പിസ്ക്കോപ്പന്മാരെ അതായതു് ബിഷോപ്പന്മാരെ നിയമിച്ചാക്കിയതും അപ്പോസ്തലന്മാർ തന്നെയാണെന്നു് വ്യക്തമാകുന്നുണ്ടല്ലോ. ഇതുപോലെ വേറെയും പല ഭാഗങ്ങൾ ഉദ്ധരിപ്പാനുണ്ട്. വിസ്താരഭയത്താൽ അതു വിട്ടുകയാണ്.

ഈ ഭാഗങ്ങളെല്ലാം പരിശോധിച്ചാൽ പുരാതന സഭകളിൽ കാണുന്ന പൗരോഹിത്യത്തിൻെറ ത്രിവിധ പദവികളാകുന്ന ശെമ്മാശുപട്ടം കശ്ശീശപ്പട്ടം, എപ്പിസ്ക്കോപ്പാസ്ഥാനം എന്നിവ ക്രിസ്തീയസഭയുടെ ആരംഭകാലത്തു് അപ്പോസ്തലന്മാർതന്നെ ഏർപ്പെടുത്തിയിട്ടുള്ളതാണെന്നും പത്രാധിപർ ആരോപിക്കുന്നതുപോലെ സഭയ്ക്കു വെളിയിലുള്ള ജാതികളിൽനിന്നു് സ്വീകരിച്ചിട്ടുള്ള മറുമായങ്ങളല്ല അവയെന്നും സ്പഷ്ടമായി ഗ്രഹിക്കാവുന്നതാണ്. നിങ്ങൾ രാജകീയ ആചാര്യകുലമാണെന്നും മറ്റും പത്രോസ് പറഞ്ഞിട്ടുണ്ടല്ലോ. അതു് എന്താണെന്നു കൂടെ പറയാം. ഇസ്രയേൽക്കാരെ വളരെ കഷ്ടതകൾ സഹിച്ചു് "കഴുകന്മാരുടെ ചിറകിന്മേൽ" വഹിച്ചു മിസ്രേമിൽനിന്നും ദൈവം വിട്ടുവിച്ചുകൊണ്ടുവന്നതെന്തിനാണെന്നു സീനായിമലയിൽവച്ചു് മോശ അവരെ ഗ്രഹിപ്പിക്കുവാൻ തുടങ്ങി. ജാതികളെല്ലാം നിങ്ങളുടെ നല്ല ദൈവാരാധന കണ്ടു് അവരുടെ വിഗ്രഹാരാധന ഉപേക്ഷിച്ചു് നിങ്ങളുടെ ദൈവാരാധന കണ്ടു പകർത്തുവാൻവേണ്ടിയാണ് നിങ്ങളെ കൊണ്ടുവന്നിരിക്കുന്നതു്. നിങ്ങൾ എൻെറ കല്പന അനുസരിച്ചു ജീവിക്കുമെങ്കിൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കുമെന്നുള്ള എൻെറ ഉടമ്പടിയെ കാത്തുകൊള്ളുവിൻ. "അപ്പോൾ സകല ജാതികളെക്കാളും നിങ്ങൾ എനിക്കു് പ്രത്യേകമുള്ള ഒരു സമ്പത്തായിരിക്കും. എന്തെന്നാൽ സർവ്വ ഭൂമിയും എനിക്കുള്ളതാകുന്നു. നിങ്ങൾ എനിക്കു് ആചാര്യതരാജ്യവും ഒരു വിശുദ്ധ ജാതിയും ആകും. (പുറ: 19: 5-6) എന്നുള്ള യഹോവായുടെ വചനം മോശ ഇസ്രയേലിനെ ധരിപ്പിച്ചു.

ക്രിസ്ത്യാനികളായ നമ്മെയും ഇതേ ഉദ്ദേശത്തിലാണ് ദൈവം വിളിച്ചിരിക്കുന്നതു്. അതിനാൽ പത്രോസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു. ദൈവം തൻെറ സ്വന്തം രക്തം ചിന്തിയാണ് നിങ്ങളെ അന്ധകാരത്തിൻെറ അധികാരത്തിൽ നിന്നു് വിട്ടുവിച്ചുകൊണ്ടുവന്നിരിക്കുന്നതു്. ആകയാൽ തൻെറ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ച

വൻെറ സത്ഗുണങ്ങളെ വിവരിച്ചു മററുള്ളവരെ കാണിക്കേണ്ടതു് നിങ്ങളുടെ ധർമ്മമാണു്. അതിനുവേണ്ടി നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജപുരോഹിതകുലവും വിശുദ്ധ വംശവും സമ്പാദ്യജനവും ആകുന്നു. മുമ്പേ നിങ്ങൾ ദൈവജനമല്ലാത്തവരായിരുന്നു. ഇപ്പോഴോ നിങ്ങൾ ദൈവത്തിൻെറ ജനം. മുമ്പേ നിങ്ങൾ കരുണ ലഭിച്ചിട്ടില്ലാത്തവരായിരുന്നു. ഇപ്പഴോ നിങ്ങൾ കരുണ ലഭിച്ചവരാകുന്നു. (1 പത്രോസ് 2: 9-10)

പൗരോഹിത്യത്തിൻെറ പ്രത്യേക കൈവെപ്പു ലഭിച്ചിട്ടുള്ള വൈദികർ കുർബാനയും മററു കൂദാശകളും നടത്തേണ്ട കാർമ്മികരാണു്. ഞാൻ വരുന്നതുവരെ എൻെറ ഓർമ്മയ്ക്കായിട്ട ഇപ്രകാരം നിങ്ങൾ ചെയ്യുവിൻ. (ലൂക്കോസ്-22-19) എന്നു കർത്താവു് കല്പിച്ചിട്ടുള്ള പ്രകാരം പ്രത്യേക കൈവയ്പ്പു് ലഭിച്ചിട്ടുള്ളവർ ഇങ്ങനെയുള്ള സംഗതികൾ നിവർത്തിക്കുന്നു. പൌരോഹിത്യത്തിൻെറ ആ പ്രത്യേക കടമകൾ ഒഴിച്ചുള്ള സകല ചുമതലകളും എല്ലാ ക്രിസ്ത്യാനികൾക്കും ഉണ്ടു്. അതു് മാമോദീസാമൂലവും സ്ഥിരീകരണം മൂലവും അവർ പ്രാപിച്ചുമിരിക്കുന്നു. അതിനാലാണു് ക്രിസ്ത്യാനികൾ ക്രിസ്തുവിൻെറ മഹത്വത്തെ അറിയിപ്പാനുള്ള രാജാചാര്യകുലമാണെന്നു് പറഞ്ഞിരിക്കുന്നതു്.

ഒരു രാജകുലത്തിൽപ്പെട്ട എല്ലാവരും രാജാക്കന്മാരല്ല അവരിൽ ഒരുവൻ രാജാവായി വാഴിക്കപ്പെടുന്നു. എങ്കിലും മററുള്ളവരെല്ലാം രാജകുലത്തിൻെറ മഹിമയ്ക്കൊത്തപ്രകാരം അഭിമാനത്തോടെ ജീവിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവകല്പനയനുസരിച്ചു് ജീവിക്കുക, ദൈവകൃപ ആസ്വദിച്ചു് സംതൃപ്തരായിരിക്കുക, കൂദാശകളിൽ ഭക്ത്യാദരപുരസ്സരം പങ്കെടുക്കുക മററുള്ളവർക്കു് ക്രിസ്തുവിൻെറ മഹത്വത്തെ അറിയിച്ചുകൊടുക്കുക എന്നിത്യാദി കാര്യങ്ങളിൽ വൈദികരും ജനങ്ങളും ഒന്നുപോലെ ചുമതലയുള്ളവരാകുന്നു.

ഇസ്രയേലിനോടു മോശ പറഞ്ഞ വചനങ്ങളാണു് പത്രോസും യോഹന്നാനും എടുത്തു പറഞ്ഞിരിക്കുന്നതു്. മോശ ഇസ്രായേലിനോടു് അവർ രാജാചാര്യകുലമാണെന്നു് പറഞ്ഞു എങ്കിലും പ്രത്യേക ശുശ്രൂഷയ്ക്കായി നിയമിക്കപ്പെട്ട ലേവ്യാക്കാരും ആചാര്യന്മാരും പ്രധാന ആചാര്യന്മാരും യഹൂദന്മാർക്കുമുണ്ടായിരുന്നു. അതിനെ അവഗണിച്ചവർ ശിക്ഷിക്കപ്പെട്ടിട്ടുമുണ്ടു്. ദൈവം നിങ്ങളിൽകൂടി മാത്രമേ സംസാരിക്കുകയുള്ളോ? ഞങ്ങളിൽ കൂടെയും സംസാരിക്കും എന്നു പറഞ്ഞു ധിക്കരിച്ച മിറിയാം മോശയുടെ സഹോദരി ആയിരുന്നിട്ടും ഉറച്ച മഞ്ഞുപോലുള്ള കുഷ്ഠം ബാധിച്ചവളായിത്തീർന്നു. (സംഖ്യ- 12: 10) ഞങ്ങൾക്കും ധൂപം കാണിക്കുവാനുള്ള അധികാരമുണ്ടെന്നു പറഞ്ഞു് ധൂപകലശവുമെടുത്തു ചെന്ന കോറഹ്, ദാതാൻ, മുതലായവർ നിന്നിരുന്ന ഭൂമി രണ്ടായി പിളരുകയും അവരെയും അവരുടെ ഭവനങ്ങളേയും കോറഹിനോടു ചേർന്നു് സകല മനുഷ്യരെയും അവരുടെ എല്ലാ സമ്പത്തിനേയും വിഴുങ്ങിക്കളയുകയും ചെയ്തു എന്നു് വേദപുസ്തകം പറയുന്നു. (സംഖ്യ- 16: 31- 32) യരുശലേമിലെ പ്രധാനാചാര്യനായ അസറിയായെ ധിക്കരിച്ചു് എനിക്കും ധൂപം കാണിക്കുവാനവകാശമുണ്ടെന്നു് പറഞ്ഞു് ദൈവാലയത്തിൽ പ്രവേശിച്ച ഉസിയാരാജാവു് നെററിയിൽ കുഷ്ഠം പിടിച്ചവനായി ദൈവാലയത്തിൽ നിന്നിറങ്ങിപ്പോകുകയും മരിക്കുന്നതുവരെ കുഷ്ഠരോഗിയായിരിക്കുകയും ചെയ്തു. (2. നാളാ- 26-16-21)

പുതിയനിയമകാലം ക്രിസ്തീയ വീണ്ടെടുപ്പിൻെറയും കരുണയുടെയും കാലമാണു്. ശിക്ഷയുടെ കാലം ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിലെ ന്യായവിധിയിങ്കലേക്കു മാററി വച്ചിരിക്കുകയാണു്. അതിനാൽ സഭയോടും വേദപുസ്തകത്തോടും അഗണ്യമായി പെരുമാറുന്നവരെ ഉടനടി ദൈവം ശിക്ഷിക്കാറില്ല. അവരുടെ അനുതാപത്തിനും തിരിച്ചുവരവിനുമായി ദൈവം നോക്കിപ്പാർക്കുകയാണു് ചെയ്യുന്നതു്. ദൈവത്തിൻെറ ഈ ദീർഘക്ഷമയുടെ കാലത്തെ നിസ്സാരമായി കരുതരുതു്. നാം പറയുന്ന ഏതു വാക്കിനും അന്നു ഉത്തരം പറയേണ്ടിവരും.

കർത്താവു് ഒരിക്കൽ ഒരുപമ പറഞ്ഞു. കുലശ്രേഷ്ഠനായ ഒരു മനുഷ്യൻ രാജത്വം പ്രാപിച്ചു മടങ്ങിവരാനായി വിദേശത്തേക്കു പോയി. അപ്പോൾ അദ്ദേഹത്തിൻെറ ചില പൌരന്മാർ അദ്ദേഹത്തെ വെറുത്തു. ഇവൻ ഞങ്ങളുടെമേൽ വാഴുന്നതിനു് ഞങ്ങൾക്കു സമ്മതമില്ല എന്നു പുറകെ ആളയച്ചു പറയിച്ചു. അദ്ദേഹം രാജത്വം പ്രാപിച്ചുതിരിച്ചുവന്നു. നീ ഞങ്ങളുടെ മേൽ ഭരിക്കുവാൻ ഞങ്ങൾക്കു സമ്മതമില്ലെന്നു് പറയിച്ച ശത്രുക്കളെ വരുത്തി എൻെറ മുൻപിൽവച്ചു് കൊ

ന്നുകളയുവിൻ എന്നു പറഞ്ഞു. (ലൂക്കോസ്. 19: 12-27)

ഈ ഉപമയിലെ കുലീനൻ ക്രിസ്തു തന്നെയാണ്. രക്ഷിക്കുന്ന അധികാരവും ശിക്ഷിക്കുന്ന അധികാരവും രാജാവിനുണ്ട്. ഇപ്പോൾ ക്രിസ്തുവിൻെറ കാരുണ്യപ്രവർത്തിയുടെ കാലമാണ്. ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിനുള്ള കാലം തൻെറ തിരിച്ചുവരവിൻെറ കാലമാണ്. ആ ശിക്ഷാവിധിക്ക് പിതാവിൻെറ അനുവാദം വാങ്ങാനാണ് ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തിരിക്കുന്നത്. ഇവൻ ഞങ്ങളുടെമേൽ വാഴാൻ ഞങ്ങൾക്കു സമ്മതമില്ലെന്നു് പുറകെ ആളയച്ചു പറയിച്ച ഈ പൗരന്മാർ ആരാണ്? ക്രിസ്തീയസഭയുടെ ആത്മീയ ഭരണം നടത്തുന്ന പുരോഹിതവൃന്ദത്തിൻെറ ത്രിവിധ പദവികളെ വെറുത്തു ഇവരുടെ ഭരണം ഞങ്ങൾക്കു വേണ്ട; ഞങ്ങളുടെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം എന്നു പറയുന്നവരെയാണോ ഈ ഉപമയിൽ ഉദ്ദേശിച്ചിരിക്കുന്നത്? ദൈവത്തിൻെറ സഭയെ മേയിപ്പാനാണ് എപ്പിസ്ക്കോപ്പന്മാരെയും മററും ഏർപ്പെടുത്തിയിരിക്കുന്നത്. (നട. 20. 28) ആ എപ്പിസ്ക്കോപ്പന്മാരെ ഞങ്ങൾക്കു വേണ്ട ഞങ്ങൾ അവരെ സ്വീകരിക്കയില്ല. ദൈവസഭയെന്ന പേരു മാത്രം ഞങ്ങൾക്കു മതി. പെന്തിക്കോസ്തിയിൽ തുടങ്ങിയ സഭ അപ്പോസ്തലന്മാരുടെ കൂട്ടായ്മയിൽ നടന്നുവന്നു. (നട. 2-42) ആ കൂട്ടായ്മ ഒന്നും ഞങ്ങൾക്കു വേണ്ടാ പെന്തിക്കോസ്തെന്ന പേരു മാത്രം ഞങ്ങൾക്കു മതി എന്നിങ്ങനെ പറയുന്ന പൌരന്മാരെ ഉദ്ദേശിച്ചാണോ ഇങ്ങനെ പറഞ്ഞിരിക്കുന്നത്? നാം ചിന്തിച്ചു ഗ്രഹിക്കേണ്ട ഒരു കാര്യമാണത്. എപ്പിസ്ക്കോപ്പന്മാരുടെ ഭരണം നിഷേധിക്കുന്നതിനു് ഇപ്പോൾ പറയുന്ന സമാധാനം അന്നു മതിയാകുകയില്ല. ഒരുവൻ സത്യക്രിസ്ത്യാനിയായിരിക്കണമെങ്കിൽ വേദപുസ്തകത്തിൽ പറയുന്ന പത്രൊസിൻെറയും എപ്പിസ്ക്കോപ്പന്മാരുടെയും കശ്ശീശന്മാരുടെയും ശെമ്മാശന്മാരുടെയും കൂട്ടായ്മയിലും സഹകരണത്തിലും ജീവിക്കുകതന്നെ വേണം. അല്ലെങ്കിൽ അവൻ ശിക്ഷ അനുഭവിക്കേണ്ടിവരും. ഇതെല്ലാം ഏർപ്പെടുത്തിയ യേശുവും അപ്പോസ്തലപ്പാരുമായിരിക്കും അന്നു് സിംഹാസനങ്ങളിൽ ന്യായവിധിക്കായി ഇരിക്കുന്നതു് എന്നോർക്കണം.

പൗലോസ് തിമോത്തിയോസിനു് എഴുതിയിട്ടുള്ള ലേഖനത്തിൽ ശെമ്മാശ്ശൻമാർ, കശ്ശീശന്മാർ, എപ്പിസ്ക്കോപ്പന്മാർ എന്നിവരെ തിരഞ്ഞെടുക്കുമ്പോൾ അവരിലുണ്ടായിരിക്കേണ്ട ഗുണങ്ങളെപ്പററി പറഞ്ഞിരിക്കുന്നു. (1 തിമോ 3, 15: 1 തിമോ 4: 11) നന്നായി ഭരിക്കുന്ന കശ്ശീശന്മാരെ, വിശേഷ്യാ വചനത്തിലും ഉപദേശത്തിലും കൂടുതൽ അദ്ധ്വാനിക്കുന്നവരെ ഇരട്ടി മാനത്തിനർഹരായി കരുതണമെന്നു് വി. പൗലൊസ് തിമോത്തിയോസിനു് എഴുതിയിരിക്കുന്നു. (തിമോ. 5, 17) ഇതിൽ നിന്നെല്ലാം ക്രിസ്തീയസഭയിലെ പൌരോഹിത്യപദവികളുടെ തുടക്കം ക്രിസ്തുവിൽനിന്നും അപ്പോസ്തലന്മാരിൽ നിന്നും ഉണ്ടായിട്ടുള്ളതാണെന്നു് പ്രസ്പഷ്ടമായി ഗ്രഹിക്കാം.

എന്നാൽ പത്രാധിപർ പറയുന്നതു് ഇതെല്ലാം പിൽക്കാലങ്ങളിൽ വിജാതീയരിൽ നിന്നു് എടുത്തിട്ടുള്ള മറുമായങ്ങളാണെന്നാണ് ലോകത്തിൽ ഏതു ജാതിക്കാണ് ക്രിസ്തീയ സഭയിലെപ്പോലെ ത്രിവിധ പദവികളോടു കൂടിയ പൌരോഹിത്യമുള്ളതു്? അങ്ങനെ ഒരു കൂട്ടർ വിജാതീയരിലുണ്ടെങ്കിൽ അവരെ നാം ബഹുമാനിക്കേണ്ടതും ആണല്ലോ. എന്നാൽ അങ്ങനെ ഒരു ജാതി ഉള്ളതായിപ്പോലും പറയാതെ പത്രാധിപർ കടന്നുപോകുന്നു. അവിടാണ് അദ്ദേഹത്തിൻെറ സാമത്ഥ്യം പ്രകടമാകുന്നതു്. സാധുക്കളെ വലയിലാക്കുന്നതിനു് ഇങ്ങനൊക്കെ പറഞ്ഞാൽ മതിയല്ലോ. യഹൂദന്മാരുടെ ശുശ്രൂഷക്കാരായ ലേവ്യാക്കാരെയും ആചാര്യന്മാരെയും പ്രധാനാചാര്യന്മാരെയും കണ്ടാണ് ആദിമ ക്രിസ്ത്യാനികൾ ഈ ത്രിവിധ പദവികളോടുകൂടിയ ക്രിസ്തീയ ആചാര്യത്വം പകർത്തിയതെന്നും അങ്ങനെയാണ് ഈ പൌരോഹിത്യം പുരാതനസഭകളിൽ വന്നുകൂടിയതെന്നും പത്രാധിപർ പറഞ്ഞിരുന്നുവെങ്കിൽ അതിൽ നേരിൻെറ നേരിയ ഞരമ്പെങ്കിലും കാണുമായിരുന്നു.

ചിലപ്പോൾ ഇവർ സഭയെ എപ്പിസ്ക്കോപ്പൽസഭയെന്നും സുവിശേഷവിഹിത സഭയെന്നും രണ്ടായി തരം തിരിച്ചെഴുതാറുണ്ട്. എപ്പിസ്ക്കോപ്പൽസഭ സുവിശേഷവിഹിതസഭയാണെന്നു് നാം കണ്ടുവല്ലോ. എപ്പിസ്ക്കോപ്പൽ ഭരണക്രമത്തെ നിഷേധിക്കുന്നവർ അർഹിക്കുന്ന ശരിയായ പേരു് 'സുവിശേഷരഹിതസഭ'യെന്നല്ലെ?

———

# വത്തിക്കാൻ സൂനഹദോസിൽ

കെ. സി. ചാക്കോ,

[വത്തിക്കാൻ സൂനഹദോസിൽ 'ഓഡിറ്റർ'ആയി സംബന്ധിക്കുന്നതിനു ഇൻഡ്യയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഏക കത്തോലിക്കൻ, തിരുവനന്തപുരം എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ, ശ്രീ ചാക്കോയുടെ ലേഖനം ഞങ്ങൾ സന്തോഷപൂർവ്വം പ്രസിദ്ധപ്പെടുത്തുന്നു. പത്രാധിപർ]

ലോകത്തെ വിഭ്രമിപ്പിച്ചുകൊണ്ടു് ജോൺ മാർപ്പാപ്പാ വിളിച്ചുകൂട്ടിയ ആ സൂനഹദോസിന്റെ നാലാമത്തേതും ഒടുവിലത്തേതുമായ സമ്മേളനത്തിൽ ഔദ്യോഗികമായി സഹകരിക്കുവാനുള്ള മഹാഭാഗ്യം എനിക്കു ലഭിച്ചു. അതിന്റെ സന്തോഷം കാഹളം വായനക്കാരോടുകൂടി പങ്കിട്ടെടുക്കുവാൻ ഞാൻ ശ്രമിക്കുകയാണു്.

സെപ്റ്റംബർ ഇരുപതാം തീയതിയാണു് ഞാൻ സമ്മേളനത്തിൽ ആദ്യമായി സംബന്ധിച്ചതു്. എന്തു ചെയ്യണമെന്നോ, എവിടെ പോകണമെന്നോ നിശ്ചയമില്ലാതിരുന്ന എന്നെ സെന്റ് പീറ്റേഴ്സിൽകൂടി കൊണ്ടുപോയതും കാര്യങ്ങളെല്ലാം മനസ്സിലാക്കിത്തന്നതും നമ്മുടെ അഭിവന്ദ്യമെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസ് തിരുമേനി ആയിരുന്നു. കൗൺസിലിൽ നടന്ന ചർച്ചകളെപ്പററിയും സൂനഹദോസിനു ശേഷമുള്ള ഭാരതത്തെപ്പററിയും തിരുമേനിയും ഞാനുമായി പലപ്പോഴും സുദീർഘമായി സംസാരിച്ചിട്ടുണ്ടു്. മുൻ സമ്മേളനങ്ങളിലെ പല പ്രമാണങ്ങളും തിരുമേനിയുടെ പക്കൽ നിന്നു് വാങ്ങിവായിക്കുന്നതിനും പഠിക്കുന്നതിനും ഉള്ള സൗകര്യങ്ങളും എനിക്കുണ്ടായിരുന്നു. പ്രായോഗിക ജീവിതരംഗത്തേയ്ക്കു് സൂനഹദോസിന്റെ സന്ദേശം കടത്തിവിടാൻ അദ്ദേഹം ഉൽകണ്ഠയോടെ ഇരിക്കുകയാണു്.

എല്ലാ ദേശങ്ങളിലും വംശങ്ങളിലും നിന്നു വന്ന രണ്ടായിരത്തി അഞ്ഞൂറോളം വൈദികമേലദ്ധ്യക്ഷന്മാരുടെ വർണ്ണശബളവും രൂപബഹുലവുമായ സമ്മേളനം കാഴ്ചക്കാരിൽ ഉണ്ടാക്കുന്ന അനുഭൂതി വർണ്ണനാതീതമാണു്. ഈ നാലാം കൊല്ലത്തെ സമ്മേളനത്തിലേക്കു് ഒൻപതു മണിക്കു് പിതാക്കന്മാർ വന്നിറങ്ങുന്നതും അവിടെ നിന്നു് ഉച്ചയ്ക്കു് അവർ മടങ്ങുന്നതും കാണാൻ സെൻറ് പീറ്റേഴ്സിനു ചുററും ദിവസവും കൂടുന്ന ആളുകളുടെ തിക്കും തിരക്കും തന്നെ അന്യാദൃശമായ ഈ ദൃശ്യത്തിന്റെ വലിപ്പവും ആകർഷണീയതയും തെളിയിക്കുന്നു.

എന്താണു് സൂനഹദോസിൽ നടക്കുന്നതു് ഇതിന്റെ അവസാനം എന്താണു് എന്നു് കൃത്യമായി അറിയാൻ പലർക്കും ആഗ്രഹമുണ്ടു്. ഇന്നത്തെ ലോകത്തിൽ—സാങ്കേതികവും സാംസ്കാരികവും, സാമൂഹ്യവുമായ മണ്ഡലങ്ങളിൽ അത്ഭുതപൂർവ്വമായ വളർച്ച പ്രാപിച്ച ജനങ്ങളുടെ ഇടയിൽ—നമ്മുടെ ദിവ്യനാഥന്റെ സന്ദേശം എങ്ങനെ പ്രദർശിപ്പിക്കപ്പെടണം, ജീവിതയാഥാർത്ഥ്യങ്ങൾ സുവിശേഷത്തിന്റെ വെളിച്ചത്തിൽ എങ്ങനെ വ്യാഖ്യാനിക്കണം എന്നു് അധികാരപൂർവ്വം പറയുവാൻ പിതാക്കന്മാർ അനുധ്യാനം പരിചയിപ്പിക്കുകയാണെന്നു് വേണമെങ്കിൽ പറയാം.

നിത്യസത്യങ്ങൾക്കു് നിറഭേദമോ, കാലഭേദമോ, സ്ഥലഭേദമോ ഇല്ല. എന്നാൽ മനുഷ്യൻ ആ സത്യങ്ങളെ സ്വന്തജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നതിൽ അല്പസല്പ വ്യത്യാസങ്ങളൊക്കെ ആകാം. സത്യത്തിന്റെ സത്തയെ അതു ബാധിക്കുന്നില്ല. ആഫ്രിക്കയിലെ ആദിമവാസികളുടെ ഇടയിൽ നൃത്തവും വാദ്യഘോഷങ്ങളുമായി ദിവ്യബലി അർപ്പിക്കുന്നതാണു് കൂടുതൽ സ്വീകാര്യമെങ്കിൽ അതു അങ്ങനെതന്നെ ആകാമല്ലോ. ജനങ്ങളുടെ പരിഷ്കാര

നിലവാരവും, വളർച്ചയും അനുസരിച്ച്, അവർ ദൈവാരാധന നടത്തുന്നതിലും, സന്മാർഗ്ഗത്തിൽ ജീവിക്കുന്നതിലും തെറവ് ഒന്നുമില്ല.

എത്രയും കൂടുതൽ തിരുസഭയുടെ സത്യബോധത്തിനനുസരിച്ചുള്ള ജീവിതം, പ്രാദേശിക ജീവിതരീതികളുമായി പൊരുത്തപ്പെട്ടതാമോ, അത്രയും സുവിശേഷാനുസരണമുള്ള ജീവിതം കൂടുതൽ പ്രചാരത്തിലാകും. ആദിമക്രിസ്ത്യാനികൾ ക്രിസ്തുവിൽ നിന്ന് സ്വീകരിച്ച സത്യവും ജീവനും മാർഗ്ഗവും യുഗങ്ങളിൽ കൂടി മാറിമാറി വരുന്ന ഭാവങ്ങളിൽ പുരോഗമിപ്പിക്കുവാനുള്ള ഒരു യത്നം സൂനഹദോസിൻെറ ലക്ഷ്യങ്ങളിലൊന്നാണ്. ചരിത്രപരമായ കാരണങ്ങളാൽ അകന്നു നില്ക്കുന്നിടയായ നമ്മുടെ സഹോദരങ്ങളെ സമീപിച്ച്, തെററിദ്ധാരണകൾ ചോദിച്ചറിഞ്ഞും കണ്ടുപിടിച്ചും സമാധാനത്തിലും യോജിപ്പിലും എത്താനുള്ള ആഹ്വാനം സൂനഹദോസ് വിശ്വാസികൾക്ക് നല്കുന്നുണ്ട്. സമൂഹങ്ങളുടേയും സംഘടനകളുടേയും ബാഹ്യമായ ഉറപ്പിനും പുരോഗതിയ്ക്കും വേണ്ടി ഓരോ കാലത്തു് ആവശ്യമായിവരുന്ന നിയന്ത്രണങ്ങൾ എന്നും അതേ രൂപത്തിൽ നിലനില്ക്കണമെന്നില്ലല്ലോ. വളർച്ചയുടെ നിലയനുസരിച്ച് അതിൽ ചില വിട്ടുവീഴ്ചകളോ അയവുകളോ വരുത്തുന്നതു് തെററാകണമെന്നില്ല. ആവശ്യംകൂടി ആകാം. ഈ തരത്തിലുള്ള എന്തെങ്കിലും മാററങ്ങൾ ഇന്നത്തെ സഭാഭരണക്രമത്തിൽ വരുത്താനുണ്ടോ എന്നെല്ലാം ആലോചനയിൽപ്പെടുന്നു. അതുപോലെതന്നെ മറിച്ചും. വളർച്ചയ്ക്കും ഉറപ്പിനും വേണ്ടി മുമ്പ് ഇല്ലാതിരുന്ന നിയന്ത്രണവും സഹകരണവും പ്രവത്തനവും ആവശ്യമാണെന്ന് നിർബന്ധിക്കേണ്ടതായിവരും. തിരുസഭയുടെ സജീവ പ്രചാരകവേല ഒരു കാലത്തു് ഹൈരാക്കിയേയും സന്യാസസമൂഹങ്ങളേയും ആശ്രയിച്ചായിരുന്നെങ്കിൽ ഇന്ന് അത്മായപ്രേഷിതത്വത്തിനുള്ള പ്രാമാണ്യം വളരെ അധികം വർദ്ധിച്ചിട്ടുണ്ടെന്നു കാണാം. ഒരു കാലത്തു് ഏതുതരത്തിലുള്ള ആരാധനക്രമവും ചോദ്യം ചെയ്യപ്പെടാതെ സ്വീകരിച്ചിരുന്നെങ്കിൽ ഇന്നത്തെ ഉദ്ബുദ്ധരായ വിശ്വാസികൾ അവയുടെ പ്രായോഗികമായ പരിഷ്കരണം അനിഷേധ്യമായ അവകാശമാണെന്ന് വിശ്വസിക്കുന്നു. ഇവയൊന്നും സത്യത്തിൻെറ സത്ത കാലോചിതമായി മാററിമറിക്കുന്നതല്ല. മാററിമറിക്കാൻ വയ്യാത്ത ദൈവനിവേശിതമായ നിത്യസത്യങ്ങൾ കാലോചിതമായി പരിഷ്കരിക്കണം എന്ന് ആരും ആവശ്യപ്പെടുന്നുമില്ല.

ലോകത്തിലെ പ്രായോഗികപ്രശ്നങ്ങളെ പലരും പലതരത്തിലാണ് കാണുന്നതു്. പ്രതിവിധികൾ നിർദ്ദേശിക്കുന്നതിലും ഈ വൈചിത്ര്യങ്ങളെല്ലാം ഉണ്ടാകും. നിർദ്ദേശിക്കുന്ന ഭാഷതന്നെ തെററിദ്ധരിക്കപ്പെടാവുന്നതും, ഒന്നിലധികം തരത്തിൽ വ്യാഖ്യാനിക്കപ്പെടാവുന്നതുമാണ്. ഒരു രേഖയെപ്പററിയുള്ള ചർച്ചയിൽ, അതിനെപ്പററി പിതാക്കന്മാർ പരസ്പരം വിരുദ്ധമായ അഭിപ്രായങ്ങൾ പറയുന്നതു് കേട്ടിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് സൂനഹദോസിലെ ചർച്ചകൾ നീണ്ടുപോകുന്നതു്.

പ്രധാനപ്പെട്ട നക്കൽ രേഖകളെല്ലാം ചർച്ച ചെയ്യപ്പെട്ടുകഴിഞ്ഞു. നിർദ്ദിഷ്ടമായ ഭേദഗതികൾ വരുത്തി, വോട്ടിംഗ് കഴിഞ്ഞ് അധികാരപത്രങ്ങളായി അവ പ്രഖ്യാപിക്കപ്പെടുന്ന ഘട്ടമാണ് ഇനി. ഒരു പ്രമാണം പല ഘട്ടങ്ങളിലായി വോട്ടിനിടണം; പൊതുവേ സ്വീകാര്യമാണോ എന്ന് ഒരു വോട്ട്. പിന്നീട് ഓരോ ഭാഗങ്ങളായി സ്വീകാര്യമാണോ എന്ന് ഒരു വോട്ടു്. നിർദ്ദേശിക്കപ്പെടുന്ന ഓരോ ഭേദഗതികളും സ്വീകാര്യമാണോ എന്ന് ഒരു വോട്ട്. നിർദ്ദേശിക്കപ്പെട്ട ഭേദഗതികളോടുകൂടിയ അവസാന രേഖ സ്വീകാര്യമാണോ എന്ന് പരിശുദ്ധ പിതാവിൻെറ സാന്നിദ്ധ്യത്തിൽ ഒരു അംഗീകരണ പ്രഖ്യാപനം. അവസാനത്തെ രേഖ, ഒരു പരസ്യ സമ്മേളനത്തിൽ—ഇതിൽ പൊതുജനങ്ങൾക്കും പ്രവേശനമുണ്ട്—പരിശുദ്ധ പിതാവും, എല്ലാ മെത്രാന്മാരും ഒപ്പിട്ട് അംഗീകരിച്ച് പ്രഖ്യാപനം ചെയ്യുന്നു.

ദുർബ്ബലരായ മനുഷ്യരെക്കൊണ്ട് മഹത്തായ കാര്യം ദൈവം ചെയ്യിക്കുന്നതിൻെറ ഏററം വലിയ ഒരു മാതൃക. മനുഷ്യൻ അവൻെറ

കഴിവിന്റെ പരമാവധി പ്രയോഗിച്ച് സത്യാന്വേഷണം നടത്തുന്നു. അവനെ നേർവഴിക്ക് നയിച്ചുകൊണ്ട് പരിശുദ്ധാരൂപി അവനോടുകൂടി സഹയാത്രചെയ്ത്, യാത്രയുടെ അവസാനത്തിൽ അവന്റെ സംയുക്ത പ്രവർത്തനത്തെ അപ്രമാദിത്വത്താൽ മുദ്രകുത്തി അംഗീകരിക്കുന്നു.

മനുഷ്യനും അവന്റെ സ്രഷ്ടാവായ ദൈവവും —"സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാ അധികാരവും എനിക്ക് നല്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ പുറപ്പെട്ട് സർവ്വജനത്തേയും ശിഷ്യരാക്കുക. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമധേയത്തിൽ അവരെ മാമോദീസാ മുക്കുകയും ചെയ്യുക. ഞാൻ കല്പിച്ചിട്ടുള്ള എല്ലാ പ്രമാണങ്ങളും അവരെയും പഠിപ്പിക്കുക. കണ്ടാലും ഇതാ ലോകാവസാനം വരെ എല്ലാ ദിവസവും ഞാൻ നിങ്ങളോടുകൂടിയുണ്ട്".

സൂനഹദോസിൽ സംബന്ധിച്ച പിതാക്കന്മാരോടുകൂടി "Credo in unum Deum"—ഏക ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു—എന്നു പാടി ഏററു പറയുമ്പോഴെല്ലാം ഈ അനിഷേധ്യമായ—അവഗണിക്കാൻ മനസ്സ് സമ്മതിക്കാത്ത—സാന്നിദ്ധ്യം എനിക്ക് അനുഭവപ്പെടാറുണ്ടായിരുന്നു.

റോമിൽ നിന്നു മടങ്ങുന്ന വഴി ജറുസലമിലുള്ള ഒലിവറു് മലയുടെ മുകളിൽ—കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തതായി ഇന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന ആ സ്ഥാനത്തു നിന്നുകൊണ്ട്......സൂനഹദോസിൽ വച്ച് രണ്ട് ദിവസം മുമ്പ് ഞാൻ കണ്ട ആ രംഗം ഞാൻ ഓർമ്മിച്ചു. ഇവിടെ നിന്നും അയയ്ക്കപ്പെട്ട ആ അപ്പസ്തോലന്മാരുടെ പിൻഗാമികളുടെ സമൂഹമാണല്ലോ അവിടെ ഞാൻ കണ്ടതു് എന്ന ഓർമ്മ എന്നെ രോമാഞ്ചം കൊള്ളിച്ചു.

---

**For favours received. Inserted by**



C. S,
Bhopal.



P. C. CHERIAN,
II S A Qr 242 A.
Dallirajhara, Durg. M. P.



A. T. ABRAHAM,
(Excuse delay.)

# സഭൈക്യത്തിൻെറ മാർഗ്ഗത്തിൽ അത്മായർ ഒരു നല്ല പങ്കു വഹിക്കാനുണ്ടു്

## ഒന്നാമത്തെ കർത്തവ്യം മാതൃകാപരമായ കുടുംബജീവിതം— അത്മായ പ്രേഷിതത്വത്തിനു് സൂനഹദോസ് എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു

**(പാലാ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി നവംബർ 17–നു് വത്തിക്കാനിൽനിന്നു നടത്തിയ റേഡിയോപ്രഭാഷണം)**

കേരളീയരായ എൻെറ പ്രിയ സുഹൃത്തുക്കൾക്കു് സ്നേഹാശംസകൾ. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഡിസംബർ 8-ാം തീയതി സമാപിക്കുകയാണു്. ഈ സന്ദർഭത്തിൽ സൂനഹദോസിനെപ്പററി പലതും അറിയുവാൻ നിങ്ങൾക്കു് ആഗ്രഹം ഉണ്ടായിരിക്കുമല്ലോ. നാളെ കൗൺസിലിൻെറ ഒരു പബ്ളിക്കു് സെഷൻ ചേരുവാൻ പോവുകയാണു്. ചരിത്രം സൃഷ്ടിക്കുന്ന ഒരു ദിനമാണു് നാളെ ഉദയം ചെയ്യുന്നതു്. കൗൺസിൽ പാസ്സാക്കിയിട്ടുള്ള വെളിപാടു, അത്മായപ്രേഷിതത്വം എന്നീ രേഖകൾ നാളെ മാർപ്പാപ്പാ അംഗീകരിച്ചു ഡിക്രികളായി പ്രഖ്യാപിക്കുന്നതായിരിക്കും. സഭയുടെ നവോത്ഥാനപദ്ധതികളിൽ അവയ്ക്കു പ്രമുഖസ്ഥാനം ഉണ്ടായിരിക്കുമെന്നുവേണം കരുതുവാൻ. മാത്രമല്ല സഭകളുടെ ഐക്യം പുനഃസ്ഥാപിക്കുവാൻ പര്യാപ്തമാംവണ്ണമാണു് അവ സംഘടിപ്പിച്ചിരിക്കുന്നതു്.

### വെളിപാടുകൾ

മനുഷ്യക്കു തങ്ങളുടെ സഹജമായ ബുദ്ധിവൈഭവംകൊണ്ടു് ദൈവത്തേയും ദൈവകാര്യങ്ങളേയും പററി കുറെയൊക്കെ ഗ്രഹിക്കുവാൻ കഴിയും. എന്നാൽ പരിമിതബുദ്ധിയായ മനുഷ്യനു് ദൈവത്തെ, അപരിമേയനായ ദൈവത്തെ, പൂർണ്ണമായോ മതിയാംവണ്ണമോ ഗ്രഹിക്കുവാൻ കഴിയുന്നില്ല. അതിനു ദൈവം തന്നെത്തന്നെ വെളിപ്പെടുത്തണം. അവിടുത്തേക്കു് അതിനു സ്വാതന്ത്ര്യവും കഴിവുമുണ്ടു്. ലോകസൃഷ്ടിമുതൽക്കുള്ള ചരിത്രം പരിശോധിച്ചാൽ ദൈവം മനുഷ്യക്കു് തന്നെ സംബന്ധിക്കുന്ന പല കാര്യങ്ങളും വെളിപ്പെടുത്തിക്കൊടുക്കുന്നതായി കാണാം. എബ്രാഹത്തോടും മോശയോടും ദൈവം സംസാരിക്കുന്നു ദാവീദു്, ഏലിയാസ്, ഏശയ്യാ, ജറമിയാസ് മുതലായ പ്രവാചകന്മാർ പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവികകാര്യങ്ങൾ ആവിഷ്ക്കരിക്കുന്നു. ഏതാദൃശങ്ങളായ ദൈവികവെളിപാടുകൾ പഴയനിയമഗ്രന്ഥങ്ങളിൽ നാം കണ്ടെത്തുന്നു. ദൈവപുത്രനായ ഈശോമിശിഹായിലൂടെയായാണു് ആവിഷ്ക്കരണം പരിപൂർണ്ണമാകുന്നതു്. മിശിഹായുടെ മനുഷ്യാവതാരവും, ജീവിതവും, ദിവ്യോപദേശങ്ങളും, രക്ഷണീയകർമ്മവും സുവിശേഷഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നു. ദൈവികരഹസ്യങ്ങൾ മിശിഹാ നേരിട്ടറിയിക്കുകയാണു് ഇവിടെ ചെയ്യുന്നതു്. മനുഷ്യക്കു് ദൈവത്തോടുള്ള ബന്ധത്തെയും കടപ്പാടുകളേയും ദൈവസുതൻ തൻെറ ശിഷ്യന്മാരെ പഠിപ്പിക്കുന്നു. അവിടുന്നു ചെയ്തിട്ടുള്ളതും പഠിപ്പിച്ചിട്ടുള്ളതും എല്ലാം രേഖപ്പെടുത്തുവാൻ കഴിവില്ലെന്നു പ്രിയശിഷ്യനായ യോഹന്നാൻ പ്രസ്താവിക്കുന്നുണ്ടു്. പരിശുദ്ധാത്മാവു വരുമ്പോൾ

എല്ലാക്കാര്യവും പഠിപ്പിക്കുമെന്ന് രക്ഷകനരുൾചെയ്യുന്നു. ശ്ലീഹന്മാരുടെ നടപടികളിലും ലേഖനങ്ങളിലും ആവിഷ്കൃതസത്യങ്ങൾ ഉൾക്കൊള്ളുന്നു. പഴയതും പുതിയതുമായ വേദപുസ്തകഗ്രന്ഥങ്ങൾ ദൈവികവെളിപാടുകളുടെ ഭാണ്ഡാഗാരമാണ്. അവയുടെ സംരക്ഷണവും വ്യാഖ്യാനവും സഭയുടെ അദ്ധ്യാപനകാര്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിലും പോയി സമസ്തജനങ്ങളേയും പഠിപ്പിക്കുവാനുള്ള ദൗത്യം സ്വീകരിച്ച അപ്പസ്തോലന്മാർ രേഖപ്പെടുത്താത്ത സത്യങ്ങളേയും സഭയുടെ അദ്ധ്യാപനത്തിനായി ഏല്പിച്ചിരിക്കുകയാണ്. ഇതിൽനിന്നും സഭ വിശുദ്ധ ലിഖിതങ്ങൾക്കും സംപൂജ്യ പാരമ്പര്യങ്ങൾക്കും അതീതമായ സ്ഥാപനമാണെന്നു അർത്ഥമാക്കേണ്ടതല്ല. ലിഖിതങ്ങളും അലിഖിതങ്ങളുമായ ആവിഷ്കൃതസത്യങ്ങളുടെ സംരക്ഷണവും അദ്ധ്യാപനവും നിർവ്വഹിക്കുവാനുള്ള അവകാശവും ചുമതലയും സഭയ്ക്കു നൽകപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കിയാൽ മതി. ആവിഷ്കൃതസത്യങ്ങളെ അഭംഗം പാലിക്കുകയും തെററുകൂടാതെ എല്ലാക്കാലത്തും എല്ലാവരേയും പഠിപ്പിക്കുകയും ചെയ്യുകയാണ് സഭയുടെ കൃത്യം.

## ഭിന്നിപ്പ് അനഭിലഷണീയം

മിശിഹാ ഒരു സഭ സ്ഥാപിച്ചു ഒന്നു മാത്രമാണ് അവിടുന്നു സ്ഥാപിച്ചുള്ളൂ. എന്നാൽ ഇന്നു പല ക്രൈസ്തവസഭകളെ ഭൂമുഖത്തു നാം കാണുന്നുണ്ട്. വേർപെട്ടു നിൽക്കുന്ന വിവിധ ക്രൈസ്തവസഭകൾ ഇന്നു ഐക്യത്തിനായി ദാഹിക്കുകയാണ്. കത്തോലിക്കാസഭയും പ്രൊട്ടസ്റ്റൻറു സഭകളും ഓർത്തഡോക്സു സഭകളും ഐക്യം കാംക്ഷിക്കുന്നുണ്ട്. ഐക്യത്തിനു വേണ്ടി ഇതിനകം പല പരിശ്രമങ്ങളും നടത്തിയിട്ടുണ്ട്; ഇന്നു നടത്തുന്നുമുണ്ട്. എല്ലാവരും ഒന്നായിത്തീരുന്നതിനു ആഗ്രഹിച്ച ദിവ്യനാഥൻെറ പിൻഗാമികൾ ഭിന്നിച്ചു നിൽക്കുന്നതു് അഭിലഷണീയമല്ലല്ലോ.

ഭിന്നിപ്പിൻെറ ഇടയിലും യോജിപ്പിനു സഹായകമായ ഏതാനും ചില ലക്ഷണങ്ങൾ നമുക്കു കാണുവാൻ കഴിയും. അതിലൊന്ന് സഭാസ്ഥാപകനും രക്ഷകനുമായ മിശിഹായിലുള്ള വിശ്വാസമാണ്. ജീവനും സത്യവും മാർഗ്ഗവുമായ ക്രിസ്തുനാഥനിലുള്ള വിശ്വാസം എല്ലാ ക്രൈസ്തവവിശ്വാസികളിലും കുടികൊള്ളുന്ന ചൈതന്യവിശേഷമത്രേ. മറെറാന്ന്, ആദിവ്യഗുരുവിൻെറ തിരുവചനങ്ങൾ ഉൾക്കൊള്ളുന്ന വിശുദ്ധ ലിഖിതങ്ങളുടെ നേർക്കുള്ള മതിപ്പും സ്നേഹവുമാണ്. ആദർശപുരുഷനും പരിത്രാതാവുമായ ക്രിസ്തുവിനെ വിശുദ്ധ ലിഖിതങ്ങളിൽ എല്ലാ ക്രൈസ്തവ വിഭാഗക്കാരും കാണുന്നു. അവിടുത്തെ ഉപദേശങ്ങൾ അവിടെനിന്നും അവർ വായിച്ചറിയുന്നു ദിവ്യനാഥൻെറ രക്ഷാകരമായ ശബ്ദമാണ് അവിടെ അവർ കേൾക്കുന്നതു്. "വിശുദ്ധ ലിഖിതങ്ങളെപ്പററിയുള്ള അജ്ഞത ക്രിസ്തുവിനെപ്പററിയുള്ള അജ്ഞത തന്നെയാണ്" എന്നുള്ള വി. ജെറോമിൻെറ പ്രസ്താവന അർത്ഥഗർഭമാണ്. അതിനാൽ വി. ഗ്രന്ഥം പാരായണം ചെയ്യുന്നതിനും പഠിക്കുന്നതിനും സകല ക്രൈസ്തവവിഭാഗക്കാരും ഉത്സുകരാകണം ദുർഗ്രഹങ്ങളായ സത്യങ്ങൾ എങ്ങനെ ഗ്രഹിക്കും? അതിനു്, തെററുകൂടാതെ അദ്ധ്യാപനം നിർവ്വഹിക്കുവാൻ കഴിവുള്ള ആളുകളോ സ്ഥാപനമോ ഉണ്ടായിരിക്കണമല്ലോ. ഓരോരുത്തരും വേദപുസ്തകം യഥേഷ്ടം വ്യാഖ്യാനിച്ചു തുടങ്ങിയപ്പോൾ സഭയിലും സഭകളിലും ഭിന്നത വർദ്ധിച്ചു വന്നതായി ചരിത്രത്തിൽ കാണുന്നു ദൈവവചനം ഐക്യമാണു കൈവരുത്തേണ്ടതു്, ഭിന്നതയല്ല എല്ലാ ക്രൈസ്തവജനങ്ങളുടെയും ഗാഢമായ ചിന്തയ്ക്ക് ഈ വസ്തുത ഞാൻ സമർപ്പിച്ചുകൊള്ളട്ടെ.

## വി. ലിഖിതങ്ങൾ പ്രചരിപ്പിക്കാം

ദൈവികവചനങ്ങളാണല്ലോ വിശുദ്ധ ലിഖിതങ്ങളിൽ നാം വായിക്കുന്നതു്. ദൈവത്തിൻെറ തിരുവചനം മനുഷ്യമനസ്സിനെ പ്രകാശമാനമാക്കുകയും ആത്മാവിനെ പവിത്രീകരിക്കുകയും ചെയ്യുന്നു "ഞാൻ ജീവൻെറ പ്രകാശമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ ചരിക്കുന്നില്ല" എന്നു ദിവ്യഗുരു തന്നെ അരുൾചെയ്തിട്ടുള്ളതാണ്. അതിനാൽ

ലോകത്തിന് സാക്ഷാത്തായ പ്രകാശം നൽകുന്ന ദിവ്യവചനം ലോകമെങ്ങും അറിയിക്കപ്പെടണം. ക്രൈസ്തവരും അക്രൈസ്തവരും ദിവ്യപ്രകാശദീപ്തിയിൽ തങ്ങളുടെ ലോകയാത്ര നിർവ്വഹിക്കുന്നതിന് ദിവ്യവചനം ഉൾക്കൊള്ളുന്ന വിശുദ്ധ ലിഖിതങ്ങൾ എല്ലാവർക്കും അഭിഗമ്യമാക്കണം. നമ്മുടെ മലയാളഭാഷയിൽ ഒരു സമ്പൂർണ്ണ ബൈബിൾ ഇന്നും പ്രകാശിതമായിട്ടില്ലെന്നുള്ളതു് ഖേദജനകമാണു്. എങ്കിലും പുതിയനിയമഗ്രന്ഥം ഇപ്പോൾ സുലഭമായിത്തീർന്നിട്ടുണ്ടു്. അതിന്റെ പ്രചുരമായ പ്രചാരണത്തിന് യത്നിക്കേണ്ടിയിരിക്കുന്നു. അത്മായപ്രേഷിതത്വത്തിന്റെ പരിപാടികളിൽ ഒന്നായി വിശുദ്ധ ലിഖിതങ്ങളുടെ വിതരണം സ്വീകരിക്കപ്പെടേണ്ടതാണു്.

### കുടുംബജീവിതം ഒരു ഒരുക്കം

അത്മായപ്രേഷിതത്വത്തെപ്പറ്റിയുള്ള ഒരു ഡിക്രിയും നാളെ പ്രഖ്യാപിക്കപ്പെടുന്നുണ്ടു്. അത്മായർ ദൈവത്തിന്റെ ജനമാണു്. അവർ മിശിഹായുടെ മൗതികശരീരത്തിന്റെ അംഗങ്ങളാണു്. വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങളാൽ അവർ അലംകൃതരുമാണു്. മിശിഹായുടെ മാംസം ഭക്ഷിക്കുകയും രക്തം പാനംചെയ്യുകയും ചെയ്യുന്നവരാണു്. അവർ അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരോടും അവരുടെ സഹപ്രവർത്തകരായ വൈദികരോടും ചേർന്നു് പ്രേഷിതവൃത്തി നിർവ്വഹിക്കുവാൻ അർഹതയും കടമയുമുള്ളവരാണു്. അത്മായർ മാതൃകായോഗ്യമായ കുടുംബജീവിതം നയിക്കുകയാണു് ഒന്നാമതായി ചെയ്യേണ്ടതു്. പ്രാർത്ഥനയ്ക്കും കൂദാശകളുടെ സ്വീകരണത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള കുടുംബജീവിതം പ്രേഷിതവൃത്തിയുടെ അടിസ്ഥാനപരമായ ഒരു കടമയായി കരുതാം. ക്രൈസ്തവമതതത്വങ്ങളെപ്പറ്റിയുള്ള ജ്ഞാനവും സന്മാർഗ്ഗനിഷ്ഠയും അത്യന്താപേക്ഷിതമാണു്. ഇന്നു വ്യക്തിപരമായ പ്രേഷിതപ്രവൃത്തികൊണ്ടുമാത്രം തൃപ്തിപ്പെടാവുന്നതല്ല. സമൂഹപരമായ പ്രേഷിതവേല ഏത്രയും ആവശ്യമാണു്. സംഘാതമായ പ്രവർത്തനങ്ങൾ കൂടുതൽ ഫലദായകവുമത്രേ. പ്രേഷിതപ്രവർത്തനങ്ങൾ, കത്തോലിക്കാപ്രവർത്തനസംഘങ്ങൾ എന്നിവയ്ക്കു കൂടുതൽ പ്രാധാന്യം നൽകണം. വൈദികർക്കു പ്രവേശിക്കുവാൻ സാഹചര്യങ്ങൾ അനുവദിക്കാത്ത പല രംഗങ്ങളിലും അത്മായർക്കു സുഗമമായ പ്രവേശനവും പ്രവർത്തനവും സാദ്ധ്യമായിരിക്കാം. ഈ സന്ദർഭങ്ങളെ പാഴാക്കാതെയിരിക്കുവാൻ അത്മായസഹോദരങ്ങൾ ശ്രദ്ധിക്കണം.

സഭകളുടെ ഐക്യം ഒരു പ്രധാന ചിന്താവിഷയമായിരിക്കുന്ന ഇക്കാലത്തു് മതപരമായ വിഷയങ്ങളിൽ പാണ്ഡിത്യവും ഭക്തിതീക്ഷ്ണതയുമുള്ള അത്മായർക്കു് തൽസംബന്ധമായി വിലയേറിയ സേവനം അനുഷ്ഠിക്കുവാൻ കഴിയും. മററു ക്രൈസ്തവവിഭാഗക്കാരുമായി സമ്പർക്കത്തിൽ ഏർപ്പെടുകയും ചർച്ചകൾ നടത്തുകയും സാമൂഹ്യസാമ്പത്തികപ്രസ്ഥാനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കയും ചെയ്യുവാൻ അ

**For favours received**



**Inserted by**

ഏലിയാമ്മ തോമസ്,
തെക്കുംപറമ്പിൽ,
കല്ലുങ്കൽ P. O. തിരുവല്ലാ.

# പരിശുദ്ധ കന്യക—ഐക്യത്തിന്റെ പ്രതീകം

*(By Jaroslav Pelikan)*

ലേഖകൻ അമേരിക്കയിലെ പ്രമുഖനായ ഒരു ലൂഥറൻ ദൈവശാസ്ത്രജ്ഞനാണ്. അദ്ദേഹം യേൽ (Yale) യൂണിവേഴ്സിററിയിലെ സഭാചരിത്രപ്രഫസ്സറാണ്. പരിശുദ്ധ കന്യകമറിയാമിനോടു കത്തോലിക്കർ പ്രദർശിപ്പിക്കുന്ന ഭക്തി സഭകളുടെ ഐക്യത്തിനു ഒരു പ്രതിബന്ധമാണെന്നു വാദിക്കുന്ന ചില അകത്തോലിക്കാസഹോദരങ്ങളുണ്ടല്ലോ. അവർ ഈ ലേഖനം ഒന്നു മനസ്സിരുത്തി വായിച്ചിരുന്നെങ്കിൽ! പ്രസ്തുത വിഷയത്തെക്കുറിച്ച് ഒരു പ്രോട്ടസ്റ്റൻറു പണ്ഡിതൻ ഉറക്കെ ചിന്തിക്കുകയാണ് ഈ ലേഖനത്തിൽ. "The Advance Register" എന്ന പത്രത്തിലാണ് ഈ ലേഖനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്.

വിവർത്തകൻ: (The Rev. G. Palatty)

നമ്മെ ഒന്നിച്ചു കൊണ്ടുവരുന്നതിനും ഒന്നിച്ചു നിലനിർത്തുന്നതിനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ തന്നെ നമ്മുടെ ഇടയിൽ ഉള്ള ഭിന്നതകൾക്കും കാരണമായിത്തീർന്നിട്ടുണ്ടെന്നുള്ളതു് ക്രൈസ്തവസഭാചരിത്രത്തിലെ ഏററവും വലിയ വിരോധാഭാസങ്ങളിലൊന്നാണ്. ക്രിസ്തുവിന്റെ കുടുംബത്തിലെ പൊതുഭക്ഷണമായി സ്ഥാപിക്കപ്പെട്ട ദിവ്യകാരുണ്യം തന്നെ ഇപ്രകാരമുള്ള ഒരു സംയോജനശക്തിയാണ്. എന്നാൽ, അതിനു പകരം ഇതു് പ്രബോധനപരമായ ഏററവും കൈപ്പേറിയ വാദപ്രതിവാദങ്ങൾക്കു് കാരണമായിത്തീർന്നു സഭകളുടെ പ്രായോഗിക ജീവിതത്തിലാകട്ടെ, നമ്മുടെ അനൈക്യത്തെ വാചാലമായി വെളിപ്പെടുത്തുന്ന ഒന്നായി അതു തീരുകയും ചെയ്തു. കർത്താവിന്റെ മേശയിലൊഴികെ മറെറവിടെങ്കിലും നാം ഒന്നിച്ചു ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യും.

ഭിന്നതയ്ക്കുള്ള മറെറാരു കാരണമായിത്തീർന്നിട്ടുള്ളതു് നമ്മുടെ കർത്താവിന്റെ മാതാവാണ്.

---

ത്മായക്കു സൗകര്യമുണ്ടു്. അങ്ങനെയുള്ള സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തണം.

## തുല്യമായ പങ്കു വഹിക്കണം.

സാർവ്വത്രികസൂനഹദോസ് എല്ലാ വിശ്വാസികളേയും അത്മായപ്രേഷിതത്വത്തിനു് ആഹ്വാനം ചെയ്യുന്നു. സഭ സ്വഭാവത്താലേതന്നെ പ്രേഷിതപ്രധാനമായ ഒരു സംഘടനയാണ്. പ്രേഷിതവൃത്തി വൈദികർക്കു മാത്രമായി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്ന ഒന്നല്ല. സഭയുടെ അംഗങ്ങൾ എല്ലാവരും പ്രേഷിതവൃത്തിയിൽ ഭാഗഭാക്കുകളാകണം. കൗൺസിൽ പല ഘട്ടങ്ങളിലും ഊന്നിപ്പറഞ്ഞിട്ടുള്ള ഒരു കാര്യമാണിതു്. അത്മായർ സഭയിൽ കേവലം ശ്രോതാക്കളോ കാണികളോ മാത്രമല്ല. സജീവമായി പ്രവർത്തിക്കേണ്ടവരാണ് അവർ. എന്നാൽ കത്തോലിക്കാസഭ ശിക്ഷണബോധമുള്ള ഒരു സംഘടനയാണെന്നു ഓർത്തിരിക്കണം. വൈദികഹയരാർക്കിക്കു വിധേയമായും ശിക്ഷണബോധത്തോടുകൂടിയുമാണ് പ്രേഷിതവേല നിർവ്വഹിക്കേണ്ടതു്. മിശിഹാ നല്ല ഇടയനാകുന്നു. ഇടയന്റെ സ്വരം ആടുകൾ കേൾക്കുന്നു. ഇടയൻ മുമ്പേ നടക്കുന്നു. ആടുകൾ അവനെ അനുഗമിക്കുന്നു. ഇതാണ് ശരിയായ ക്രമം. ഈ ക്രമം പാലിച്ചുകൊണ്ടു് സജീവമായ പ്രേഷിതവൃത്തി നിർവഹിക്കുവാൻ കേരളത്തിലെ എന്റെ സുഹൃത്തുക്കളെ ഞാൻ സ്നേഹപുരസ്സരം ക്ഷണിക്കുന്നു. ഞാൻ നിറുത്തുകയാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ഒരു ജർമ്മൻ ജസ്യൂട്ട് ദൈവശാസ്ത്രജ്ഞനായ Fr. Otto Semmelroth എഴുതിയിട്ടുള്ള ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷയായ "Mary Archetype of the Church" എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ ഞാൻ ഇപ്രകാരം എഴുതി. "വേർപിരിഞ്ഞുപോയ സഹോദരങ്ങൾ എന്നുള്ള പ്രയോഗം, ആ പ്രയോഗംകൊണ്ടുദ്ദേശിക്കുന്ന നഷ്ടത്തെക്കുറിച്ചുള്ള അവബോധത്തിന്റെ മൂർച്ച കുറയ്ക്കുന്ന ഒന്നാണ്. നമ്മളെ പരസ്പരം അകറ്റുന്ന വേർപാടിന്റെ മതിലുകൾ സ്വർഗ്ഗത്തോളമെത്തുന്നില്ല എന്നുള്ളതു് അംഗീകരിക്കുക, ഭൂമിയിലുള്ള ഈ മതിലുകളെക്കുറിച്ച് എന്തെങ്കിലും ചെയ്യുവാനുള്ള തിടുക്കത്തെ കുറയ്ക്കുവാൻ കാരണമാകും. ദൈവം പൊതുപിതാവും ക്രിസ്തു ജ്യേഷ്ഠസഹോദരനും ആയിട്ടുള്ള സഹോദരങ്ങൾ ദൈവത്തിന്റെ മാതാവെന്നുള്ള നിലയിൽ മറിയത്തോടുള്ള അവരുടെ മനോഭാവങ്ങളിൽ വേർപെട്ടു കഴിയുന്നു എന്നുള്ള ഉതപ്പ് ഇപ്പോഴും നിലനിൽക്കുന്നു".

കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും തമ്മിലും പ്രോട്ടസ്റ്റൻറുകാർ തമ്മിൽ തന്നെയും മറിയത്തെക്കുറിച്ചുള്ള പ്രബോധനത്തിന്റെ വ്യാഖ്യാനങ്ങളും അവബോധവും സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസങ്ങൾ എന്തെല്ലാമായായാലും അവരിൽ മിക്കവരും സമ്മതിച്ചേക്കാവുന്ന ഒന്നാണ്, പുതിയനിയമത്തിലും ആദിമസഭയുടെ ഭാഷയിലും അവൾ സഭയുടെ ഐക്യത്തിന്റെ പ്രതീകമാണെന്നുള്ള വസ്തുത. നമുക്ക് സുവിദിതമായ വിശുദ്ധ ഇരനയ്യൂസിന്റെ ആശയം ഉപയോഗിക്കുന്നപക്ഷം ഹൗവ്വായുടെ അനുസരണക്കേടു നിമിത്തം നഷ്ടപ്പെട്ടതു് "നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ" എന്നു മറിയം പറഞ്ഞപ്പോൾ, അവളുടെ അനുസരണം മൂലം നമുക്ക് തിരിച്ചു കിട്ടി. "എനിക്കു ഭവിക്കട്ടെ" എന്നുള്ള വാക്കുകൾ അനുസരണമുള്ള വിശ്വാസത്തിന്റെ ശബ്ദമായിരുന്നു. വിശ്വാസപ്രമാണം ചൊല്ലുമ്പോൾ അനുസരണമുള്ള ആ വിശ്വാസത്തിൽ നാം ഒന്നിച്ചു ചേരുകയാണു ചെയ്യുക.

ഭിന്നിച്ചു നിൽക്കുന്ന ക്രൈസ്തവസമൂഹങ്ങളിൽ ജീവിക്കുന്ന ഒരുവനുംതന്നെ "സ്ത്രീയെ ഇതാ നിന്റെ മകൻ. ഇതാ നിന്റെ അമ്മ" എന്നു് ക്രിസ്തുനാഥൻ ക്രൂശിൽവച്ച് അരുൾചെയ്ത വാക്കുകൾ കേൾക്കുമ്പോൾ ഈ വിരോധാഭാസത്തെക്കുറിച്ച് ചിന്തിക്കുക സാദ്ധ്യമല്ല. പിന്നീടുണ്ടായിട്ടുള്ള എല്ലാ തരത്തിലുമുള്ള ഭക്തിയുടെ മുൻദർശനം ഈ വാക്കുകളിൽ കണ്ടെത്തുമ്പോൾ ഈ വാക്കുകളുടെ ചില വ്യാഖ്യാതാക്കൾ ശരിയായ പാണ്ഡിത്യത്തിന്റെ മാത്രമല്ല


**For favours received**



**Inserted by**
M. MATHEW B. Com.,
Accounts Section,
3 E. D. Air Force Station,
Avadi, Madras 55.


ശാലീനമായ ചിന്താരീതിയുടെതന്നെ അതിർവരമ്പുകൾ ലംഘിച്ചു പോയിട്ടുണ്ട്. കേവലം മാനുഷികമായ ബന്ധങ്ങളുടെ മണ്ഡലത്തിൽ നിന്ന് ദൈവികമായ കുടുംബബന്ധത്തിലേക്ക്, ശരിയായ മാനുഷികബന്ധങ്ങളുടെ അർത്ഥം അവിടെ നാം ദർശിക്കുന്നതിനുവേണ്ടി ക്രിസ്തുവിൽ നാമെല്ലാവരും കൊണ്ടുവരപ്പെട്ടവരാണെന്നു് ഈ വാക്കുകൾ നമ്മെ അനുസ്മരി

പ്പിക്കുന്നതെന്തെന്നുള്ളതു് കാണുക യുക്തിസഹമായ ഒന്നാണു്.

ഈ കുടുംബത്തിന്റെയും ബന്ധത്തിന്റെയും പ്രതീകമാണു് പരിശുദ്ധ കന്യക. അവതീർണ്ണനായ ദൈവമെന്നുള്ള നിലയിൽ ക്രിസ്തുവിൽ ആദ്യം വിശ്വസിച്ചവൾ അവൾ ആകയാലും പുതിയനിയമത്തിൽ അവളെക്കുറിച്ചു് രേഖപ്പെടുത്തിയിട്ടുള്ള നിലയിലും ദൈവത്തിന്റെ ഭവനത്തിലുള്ള നമ്മുടെ ഐക്യത്തിനു വേണ്ടി അവൾ നിലകൊള്ളുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരുംതന്നെ, അവളെ ബഹുമാനിക്കുന്നതിനു് അവർ സമ്മതമുള്ളവരോ വിസമ്മതമുള്ളവരോ ആയിക്കൊള്ളട്ടെ, അവളുടെ വിശ്വസ്തമായ അനുസരണത്തിലും പ്രത്യാശയിലും പങ്കുചേരുന്നുണ്ടു്. നവീനമായ ഒരൈക്യത്തിൽ പങ്കാളികളായിക്കൊണ്ടും ദൈവത്തോടും തമ്മിൽ തമ്മിലുമുള്ള കൂടുതൽ ഗാഢമായ ഒരൈക്യത്തിനു വേണ്ടി നോക്കിപ്പാർത്തുകൊണ്ടും ആ സ്നേഹിക്കപ്പെട്ട ശിഷ്യനെപ്പോലെ നാം ഒരു പുതിയ കുടുംബത്തിലെ അംഗങ്ങൾ ആയിത്തീന്നു് നാം ദർശിക്കുന്നു.

ഒരു കാര്യം പ്രസ്താവിക്കുവാൻ ഞാൻ സന്നദ്ധനാണു്. ഐക്യത്തിന്റെ പ്രതീകമാണു് മറിയമെന്നുള്ള ആശയത്തിന്റെ ഗഹനതയിലേക്കു് റോമൻ കത്തോലിക്കരുടെ ഭക്തിയോ അനേകം പ്രൊട്ടസ്റ്റൻറുകാരുടെ ആക്രമണങ്ങളോ എത്തിനോക്കീട്ടുപോലുമില്ല. "സ്ത്രീയെ ഇതാ നിന്റെ മകൻ. ഇതാ നിന്റെ അമ്മ" എന്നീ വാക്കുകളെക്കുറിച്ചു ചിന്തിക്കുന്നതിനും ആ എത്തിനോട്ടം നടത്തുന്നതിനും പററിയ അവസരമാണു് നോയമ്പുകാലം.

---

**For favours received. Inserted by**







ററി. വി. ജോസഫ്, താന്നിക്കാക്കുഴി, ചെമ്പത്തൊട്ടി.

**കവിത**

# മരണകാഹളം

(എൻ. കെ. ജോൺ എം. ഏ.)

—അന്നനട—

മരണമേവനും തരണം ചെയ്യണ-
മൊരുവനുമരുതൊഴിഞ്ഞു നില്ക്കുവാൻ.
പടപൊരുതിടും ഭടനും പാടത്തി-
ലടങ്ങിനിന്നുഴും കൃഷീവലൻ താനും
ചമരസാഗരം തരണം ചെയ്യണ-
മൊരുദിനമതു വരണം നിർണ്ണയം.
കുസുമഭാസ്സെഴും വപുസ്സുലച്ചഞ്ചും
കടാക്ഷകേളിയാൽ മനം മയക്കിടും
കലശപേശലമുഖിമാരുമൊരു
ദിവസം മൃത്യുവിന്നടിപെടും ദൃഢം.
കുടിലകുന്തളമളക മോഹനം,
കുവലയനേത്രമധര പല്ലവം
കരകിസലയം പദസരോരുഹ-
മരോചകമാകും ചരമവേളയിൽ.
ശവകുടീരത്തിൽ കടന്നുകൂട്ടമീ
ശരീരം മണ്ണോടു കലർന്നു മണ്ണാകും
ഒരു നോക്കു കാണ്മാൻ കൊതിക്കുകില്ലാരു-
മരുമയായ് മാറിലണയ്ക്കുവോരെയും.
"പൊടിയല്ലോ മർത്ത്യ, നിനയ്ക്ക, നീ വീണ്ടും
പൊടിയായിമാറും", മദിയ്ക്കൊല്ലാ തെല്ലും.
"മടങ്ങി വന്നിടും യജമാനൻ തന്നെ-
യുണർന്നിരുന്നുടൻ പരിചരിക്കുവാൻ
കൊളുത്തിയേന്തിയ വിളക്കുമായ് നിന്നു
തെളിച്ചിടും ഭൃത്യനനുഗൃഹീതനാം.
മഹാനുഭാവനാം യജമാനൻ ജവാൽ
മഹാമനസ്കനാമെളിയ ഭൃത്യനെ
പരിചരിച്ചുള്ളം കുളിർത്തിടും വിധം
രുചിരഭോഗങ്ങളരുളി മാനിക്കും.
യജമാനനുടൻ വരില്ലെന്നു നിന-
ച്ചജാഗ്രതയോടെയുദാസീനൻ ഭൃത്യൻ
സഹചരന്മാരെയടിച്ചുമോടിച്ചും
പൊടിപൊടിച്ചവൻ 'മിടുക്കു' കാട്ടിടും.
മനസ്സുപോലവനധർമ്മകർമ്മങ്ങ-
ളനവധി ചെയ്തു തിമിർത്തടിക്കവേ
നിനച്ചിടാതൊരു നിമിഷം നായകൻ
തിരിച്ചു വന്നങ്ങു ധരിക്കുമൊക്കെയും
പരദ്രോഹം കൃത്യവിലോപമിത്യാദി
പരമ്പരയായി നിരന്തരം ചെയ്യും
പരമദുഷ്ടനാമധമഭൃത്യനെ
പിരിച്ചുവിട്ടേകും കഠോരമാം ശിക്ഷ.
നിനച്ചിടാതൊരു സമയമീശൻ താൻ
വരുമെന്നോരുണർന്നിരുന്നു ധർമ്മങ്ങൾ
തരാതരംപോലെയനുദിനം ചെയ്യും
നരനനുഗ്രഹമഹസ്സു നേടിടും"
മരണം ചോരനു സമാനമെത്തിടു-
മറിഞ്ഞിടാൻ പണി, മനീഷികൾക്കുമേ
പ്രഭാതനേരമോ പ്രദോഷനേരമോ
പ്രകമ്പനം ചേർപ്പൂ ചരമകാഹളം.
അമൃതരശ്മികൾ നിശാകരൻ വീശി-
യകൃത്രിമദ്യുതി പരത്തിടും നേരം
ഉറക്കറെ പൂകും പുമാനുണരുമോ
കരങ്ങളാൽമന്ദമിനൻ തലോടവേ?
അപാരതയോടെയിരമ്പിടും പാരാ-
യനന്തന്നൃത്ത നടമാടും വാനോ
തരംഗലീലയാലലയുമാഴിയോ
വിരിക്കാ മർത്ത്യനു ചരമശയ്യയെ.
കളിച്ചിടുമ്പോഴോ കുളിച്ചിടുമ്പോഴോ
ഭുജിച്ചിടുമ്പോഴോ ഭജിച്ചിടുമ്പോഴോ
മരണദേവത സരഭസം വന്നു
കവർന്നു കൊണ്ടുപോമറിഞ്ഞിടാ നരൻ.
മൃതിയൊടുപട പൊരുതി വെന്നിടാ-
നൊരുവനുമില്ല കരുത്തു പാരിതിൽ.
തുരംഗമഗജപദാതി സേനകൾ
മിഴിച്ചു നിന്നുപോം മൃതിയൊടു നേർക്കിൽ.
വിചാരധാരകളലതല്ലി മനം
വികാരവായ്പോടെ പരവശമായി
മരണവേദനയ്ക്കടിപെട്ടു നീങ്ങും
മനുജൻ തൻ നിലയുലയ്ക്കുമാരെയും

# നിങ്ങൾ നിങ്ങളുടെ സഹോദരൻെറ സൂക്ഷിപ്പുകാരൻ തന്നെ.

(ഫാദർ മാത്യു കടകംപള്ളി)

ക്രിസ്തുനാഥൻ അവിടുത്തെ പരസ്യജീവിതകാലം ആരംഭിക്കുന്നതുതന്നെ ജീവകാരുണ്യപ്രവൃത്തി ചെയ്തുകൊണ്ടാണു്. അതു അവിടുന്നു തുടൻകൊണ്ടിരുന്നുവെന്നതിനു് സുവിശേഷങ്ങളിൽ തെളിവുകൾ ധാരാളം ഉണ്ടു്. വിശക്കുന്നവർക്കു ഭക്ഷണം നല്കുക, രോഗികൾക്കു സുഖവും ആശ്വാസവും നല്കുക, ഇവയായിരുന്നു അവിടുത്തെ പ്രവൎത്തനങ്ങൾ.

തിരുസ്സഭയും ക്രിസ്തുവിനെ അനുകരിച്ചു് അവളുടെ ഉത്ഭവത്തിൻെറ ആദ്യവിനാഴിക മുതൽ ഇന്നേവരെ അപ്രകാരമുള്ള ജീവകാരുണ്യപ്രവൃത്തികൾ അനുസ്യൂതം തുടർന്നു കൊണ്ടിരിക്കുന്നു. ഈ പ്രസ്താവന തെളിയിക്കുന്നതിനു് നാം വളരെയൊന്നും ബദ്ധപ്പെടേണ്ടയാവശ്യമില്ല. ചരിത്രത്തിൻെറ ഏടുകൾ ഓരോന്നോരോന്നായി മറിച്ചുനോക്കുക, അവ ഉച്ചൈസ്തരം ഉൽഘോഷിക്കും കത്തോലിക്കാസഭ എന്താണു് ഇതുവരെ പ്രവൎത്തിച്ചിട്ടുള്ളതെന്നു്. പ്രത്യേകിച്ചു് ഈ ഇരുപതാം നൂററാണ്ടിൽ സഭ അവളുടെ പല സംഘടനകൾ വഴി വളരെയധികം പരിശ്രമിക്കുന്നുണ്ടു്, ദാരിദ്ര്യം ഭൂമുഖത്തുനിന്നും തുടച്ചുമാററുവാൻ, അവശർക്കു ആശ്വാസം നല്കുവാൻ. ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പോൾ ആറാമൻ പാപ്പായുടെ ഓരോ ഹൃദയസ്പന്ദവും ജീവിതവും തന്നെ ജനകോടികളുടെ സംതൃപ്തിക്കും സമാധാനത്തിനും വേണ്ടിയാണു്.

അങ്ങനെ സഭയിൽ ആകമാനം ഒരു ഉണൎവ്വു് വന്നിരിക്കുന്ന ഈ സന്ദർഭത്തിൽ, സഭയോടൊത്തു ചിന്തിക്കുവാനും പ്രവൎത്തിക്കുവാനും ബാദ്ധ്യസ്ഥരായ നാം ഇക്കാൎയ്യത്തിൽ ഉദാസീനരായിരിക്കുക അഭികാമ്യമല്ല. നാമും നമ്മുടെ കഴിവിൻെറ പരമാവധി പരിശ്രമിക്കണം, സഹായിക്കണം. ഏതു കാലത്തും ഏതു പരിതഃസ്ഥിതിയിലും തിരുസ്സഭയ്ക്കു് അവളുടെ അരുമസന്താനങ്ങൾ പല ആപൽഘട്ടങ്ങളിലും നിർല്ലോഭം സഹായ ഹസ്തങ്ങൾ നീട്ടിക്കൊടുത്തിട്ടുണ്ടു്. ഇന്നും തിരുസഭ പല സ്ഥലങ്ങളിലും ഒരു പ്രതിസന്ധിഘട്ടത്തെ തരണം ചെയ്യുകയാണു്. നാം യഥാൎത്ഥത്തിൽ അഭിലഷിക്കുന്നുവെങ്കിൽ നമ്മാൽ കഴിവുള്ള സഹായം ആവശ്യപ്പെടാതെ തന്നെ നല്കണം. അതിലാണു് യഥാൎത്ഥ ക്രിസ്തീയ പരസ്നേഹം ഉൾക്കൊള്ളുന്നതു്. നമ്മുടെ സഹോദരീസഹോദരങ്ങൾ ഒരു

---

കളത്രപുത്രാദിയടുത്ത ബന്ധുക്കൾ
കരൾക്കരുത്തററു കുരുങ്ങി നിൽക്കവേ
അനന്തമാമന്ധതമസ്സു ക്രുത്തടി-
ച്ചിരമ്പിനിന്നിട്ടമൊട്ടുങ്ങിടും കഥ.

സമസ്ത സമ്പത്തും ത്യജിക്കണം ക്ഷണ-
മഹർന്നിശം സമാഹരിച്ചതെപ്പേരും
കസവൊളി ചിന്നുമുടുപുടവകൾ
പതക്കമൊന്നൊഴമമൂല്യമാല്യങ്ങൾ
സുവർണ്ണരത്നങ്ങളിണങ്ങി മിന്നിടു-
മവർണ്ണ്യഭൂഷകളശേഷമക്ഷണം

വെടിഞ്ഞുപോകണമസംശയമല്ലീ?
കടന്നു പോകണം മരണസാഗരം.

കടന്നു പോന്നിടും സുകൃതപാപങ്ങൾ
തുടൎന്നിടുമെന്നും സഹചരങ്ങളായ്.
സുകൃതശേവധി ധരിച്ച സജ്ജന-
മനന്തമാനന്ദ പദത്തിലെത്തിടും.
കളങ്കപങ്കിലർ സഹിക്കണം പാരം
ദുരന്തദസ്സഹ മനന്തയാതന.

---

ശേവധീ=നിധി.

ചാൺ വയറു നിറയ്ക്കുവാൻ നിവൃത്തിയില്ലാതെ എല്ലുനുറുകെ പണി ചെയ്ത് കാലയാപനം കഴിക്കുന്നുണ്ടെന്നുള്ള കാര്യം നമ്മെ ഇരുത്തി ചിന്തിപ്പിക്കുകയും കർമ്മോത്സുകരാക്കുകയും വേണം. 'മഞ്ഞപ്പാറ' പോലുള്ള കോളണികൾ യഥാർത്ഥത്തിൽ നമ്മുടെ സഹായങ്ങളും സേവനങ്ങളും അർഹിക്കുന്നവ തന്നെയാണ്.

തിരുവനന്തപുരം അതിരൂപതയിൽ പരസ്നേഹചൈതന്യം പകരുന്ന പല സംഘടനകളും പ്രവർത്തനം നടത്തുന്നുണ്ട്. അവശരേയും ആർത്തരേയും ആലംബഹീനരേയും കഴിവുള്ളവിധം സഹായിക്കുവാൻ ആർച്ചുബിഷപ്പ് തിരുമേനി, "ആർച്ചുബിഷപ്പ്സ് ചാരിററി ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ടുതന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ അതിരൂപതയിൽപ്പെട്ട അനേകം പാവപ്പെട്ടവർ ദാരിദ്ര്യത്താലും രോഗത്താലും വളരെയധികം കഷ്ടപ്പെടുന്നുണ്ട്. അപ്രകാരമുള്ളവർക്ക് അല്പകാലത്തേക്കെങ്കിലും സഹായഹസ്തം നീട്ടിക്കൊടുക്കുകയെന്നുള്ളത് ഒരു വലിയ കാര്യം തന്നെയാണ്. മനുഷ്യൻ രോഗബാധിതനാകുമ്പോൾ, ഒരു നേരമെങ്കിലും ഒരു ചാൺ വയറു നിറച്ച് ആഹാരം കഴിക്കുവാൻ സാധിക്കാതെ വരുമ്പോൾ, ഒരിടത്തു നിന്നും ആശ്വാസത്തിന്റെ കണികപോലും അവനു ലഭിക്കുന്നില്ലെങ്കിൽ അവൻ ദൈവവിശ്വാസമില്ലാത്തവനായും മതവിദ്വേഷിയായും തീർന്നേക്കാം. മനുഷ്യൻ ഉണ്ടായ കാലം മുതൽ ദാരിദ്ര്യം ഉണ്ട്. മനുഷ്യൻ ഉണ്ടായിരിക്കുന്നിടത്തോളം കാലം അതു് ഉണ്ടായിരിക്കുകയും ചെയ്യും എന്നു വിചാരിച്ച് ഏതെങ്കിലും തരത്തിൽ നമ്മുടെ അയൽക്കാരനെ സഹായിക്കുവാൻ കഴിയുമെങ്കിൽ, നാം സഹായിക്കുകയും അതിൽ അഭിമാനം കൊള്ളുകയും വേണം. അപ്രകാരം പ്രവർത്തിക്കേണ്ടതു് നമ്മുടെ കടമയാണെന്നുള്ള വിചാരവും നമുക്കുണ്ടായിരിക്കണം.

ഇന്നു കത്തോലിക്കാസഭ വളരെയധികം നിസ്വാർത്ഥസേവനങ്ങൾ, നിശ്ശബ്ദസേവനങ്ങൾ ലോകത്തിനു് അർപ്പിക്കുന്നുണ്ട്; അവളുടെ ചെറിയ സംഘടനകൾ വഴി. എന്നാൽ നാം ഓരോരുത്തരും നമ്മുടെ മനസ്സാക്ഷിയെ അവഗാഢം പരിശോധിച്ചു നോക്കണം, ഈ സംഘടനകളിൽ ഏതെങ്കിലും ഒന്നിൽ കൂടി എന്തെങ്കിലും സേവനം കഷ്ടപ്പെടുന്ന സഹോദരനു, നമ്മുടെ അയൽക്കാരനു നാം അർപ്പിക്കുന്നുണ്ടോയെന്നു്. അർദ്ധനഗ്നരായി, മുഴപ്പട്ടിണിയായി, ദൈനംദിന ജീവിതം തള്ളി നീക്കുന്ന എത്രയോ സഹോദരങ്ങൾ നമ്മുടെ ചുററും ഉണ്ടു്. അവരെ അതേ നിലയിൽ തന്നെ വിടുക എന്നുള്ളതാണോ ക്രിസ്തീയ ധർമ്മം? ഒരിക്കലും അല്ല ആയതിനാൽ ഏകീകൃതമായ രീതിയിൽ മനുഷ്യർക്കു ഗുണം ചെയ്യുന്നതിനുവേണ്ടി "ആർച്ചുബിഷപ്പ്സ് ചാരിററിഫണ്ടി"ലേയ്ക്കു് ഉദാരമായി സംഭാവന ചെയ്യുക.

എന്തിനുവേണ്ടി?

ഓരോരുത്തർക്കും ന്യായപൂർവ്വം ചോദിക്കാവുന്ന ഒരു ചോദ്യമാണ്, എന്തിനുവേണ്ടിയാണ് ഈ ഫണ്ട് ഉപയോഗപ്പെടുത്തുന്നതു് എന്നു്? ആർച്ചുബിഷപ്പ്സ് ചാരിററി ഫണ്ടു് പ്രധാനമായി മൂന്നു കാര്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നു. 1) വിദ്യാഭ്യാസം 2) ആതുരശുശ്രൂഷ 3) ദാരിദ്ര്യോച്ചാടനം

## വിദ്യാഭ്യാസം

ജാതിമതഭേദമെന്യേ പല ബാലികാബാലന്മാരും സാധാരണയിലധികം ബുദ്ധിവൈവഭവം പ്രദർശിപ്പിക്കുന്നുണ്ട്. എന്നാൽ അവരുടെ മാതാപിതാക്കൾക്കു് സാമ്പത്തിക പരാധീനത മൂലം ആ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയുന്നില്ല. അങ്ങനെയുള്ളവരെ കണ്ടുപിടിച്ച് അവർക്കു ഒരു ഉത്തേജനം നല്കുവാൻ വേണ്ടി സാമ്പത്തികമായി അല്പസ്വല്പ സഹായങ്ങൾ ഫണ്ടിൽനിന്നു നല്കുന്നുണ്ട്. അങ്ങനെ ആർച്ചുബിഷപ്പ്സ് ചാരിററിഫണ്ടിൽനിന്നും സഹായം സ്വീകരിച്ച പല വ്യക്തികളും ഇന്നു് ഉന്നത ബിരുദധാരികളായിട്ടുണ്ട്; കോളേജുകളിലും സ്കൂളുകളിലും മററു ജീവിതതുറകളിലും ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുന്നവരായുമുണ്ട്. എന്നാൽ ചാരിററി ഫണ്ടിൽനിന്നും ധനസഹായം ലഭിച്ച് ഉന്നതന്മാരായ പല വ്യക്തികളും തങ്ങളുടെ പിൻഗാമികളായ സഹോദരങ്ങൾക്കു് യാതൊരു സഹായവും ചെയ്യുന്നില്ലായെന്നുള്ളതു് വളരെ വേദനാജനകമായ സംഗതിയാണ്. ഇതാ ഒരു സുവർണ്ണാവസരം. ഈ സന്ദർഭം അവർ പാഴാക്കാതെ ഓരോരുത്തനും തന്റെ പരമാവധി കഴിവനുസരിച്ചു 'ആർച്ചുബിഷപ്പ്സ് ചാരിററി ഫണ്ടിലേക്കു" കലവറ കൂടാതെ സംഭാവന ചെയ്യണമെന്നു് അഭ്യർത്ഥിക്കുന്നു.

## ആതുരശുശ്രൂഷ

ആതുരശുശ്രൂഷയ്ക്കായി ഭാരിച്ച ചെലവുതന്നെയാണ് ദിനംതോറും ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഇപ്രകാരമുള്ള ഉപകാരങ്ങൾ ഇനിയും തുടർന്നുകൊണ്ടുപോകണമെങ്കിൽ ഇതിൻെറ ഫലം അനുഭവിക്കുന്നവരിൽനിന്നും അനുഭവിക്കേണ്ടവരിൽനിന്നും ധാരാളം സഹായം ലഭിച്ചെങ്കിലേ സാധിക്കുകയുള്ളു. ആയതിനാൽ എല്ലാവരും കൈ തുറന്നു സംഭാവന നല്കുക. പല രോഗികളുടെയും അല്പ നേരത്തെ വേദന കണ്ടു നില്ക്കുകയെന്നതുതന്നെ ഒരു വലിയ ധീരകൃത്യമായി കരുതുന്ന പലരും നമ്മുടെ ഇടയിലുണ്ടു്. എന്നാൽ ചെറിയ തോതിലെങ്കിലുമുള്ള നമ്മുടെ സഹായം മൂലം അപ്രകാരമുള്ള വേദനയിൽനിന്നും അവരെ അകററി നിറുത്തുവാൻ പരിശ്രമിക്കുന്നുണ്ടോ? ആതുര ശുശ്രൂഷയ്ക്കായി നാം എന്തു മാത്രം പണം ദാനം ചെയ്യുന്നുണ്ടെന്നുള്ള വിവരം ശുപാർശക്കത്തുകൾ കൊടുത്തുവിടുന്ന വൈദികർക്കും അറിവുള്ളതാണല്ലോ. അപ്രകാരം ഇനിയും തുടർന്നു സേവനം ചെയ്യണമെങ്കിൽ എല്ലാവരും ആർച്ചുബിഷപ്പ്സ് ചാരിററിഫണ്ടു് വർദ്ധിപ്പിക്കണം.

## ദാരിദ്ര്യോച്ചാടനം

വിശക്കുന്നവർക്കു ഭക്ഷണം നല്കുക, ദാഹിക്കുന്നവർക്കു കുടിക്കുവാൻ നല്കുക—ഇവ എക്കാലത്തും ഏതു ജനതതിയും ഒരു പുണ്യപ്രവൃത്തിയായി കരുതിയിരുന്നു. ഇന്നു മനുഷ്യവർഗ്ഗത്തിൽ ബഹുഭൂരിപക്ഷം ആളുകൾക്കും സ്വത്തു സമ്പാദിച്ചു കൂട്ടണം എന്ന ഏകാഗ്രഹം മാത്രമാണുള്ളതു്. അതിനുവേണ്ടി ഏതു നീചമാർഗ്ഗവും അവലംബിക്കാം എന്ന അബദ്ധസിദ്ധാന്തം അനേകായിരങ്ങളെ അസാന്മാർഗ്ഗികത്വത്തിലേക്കു് വലിച്ചിഴക്കുന്നുണ്ടു്. അവർ ക്രിസ്തുനാഥൻെറ ഈ കൊച്ചു വാചകം ഒന്നു ചിന്തിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു. 'മൂഢാ ഇന്നു നിൻെറ ആത്മാവിനെ ദൈവം വിളിക്കുന്നുവെങ്കിൽ ഇവകൊണ്ടെല്ലാം നിനക്കെന്തു ഫലം?' നേരെമറിച്ചു് വിശപ്പുകൊണ്ടു വലയുന്ന സഹോദരനു് ഒരു ചെറിയ സഹായം നാം നല്കുന്നുവെങ്കിൽ ഒരു കപ്പു വെള്ളത്തിനുപോലും പ്രതിഫലം വാഗ്ദാനം ചെയ്ത ക്രിസ്തുനാഥൻ ഇത്തരം പുണ്യപ്രവൃത്തികൾക്കു് പ്രതിനമ്മളെങ്ങു് പ്രതിഫലം നല്കാതിരിക്കുമോ?

ആയതിനാൽ ഓരോരുത്തനും അവനവൻെറ കഴിവിനനുസൃതമായി മററുള്ളവരെ സഹായിക്കുവാൻ മുന്നോട്ടു വരണം. ലൗകികസാമ്രാജ്യാഭിവൃദ്ധി സംരക്ഷണത്തിനുവേണ്ടി നാം വളരെയധികം ബുദ്ധിമുട്ടുന്നുണ്ടു്. സംഭാവനകൾ നല്കുന്നുണ്ടു്. എന്നാൽ ക്രിസ്തുസാമ്രാജ്യത്തിലെ അനേകായിരങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി നമ്മുടെ വരവിൻെറ നൂറിലൊന്നു നല്കിയാൽ അതുമൂലം നാം നിത്യരക്ഷയാണ് അവകാശപ്പെടുന്നതു്. ഇപ്പോൾ കൊടുക്കുന്നതുമൂലം ലൗകികപ്രകാരം നാം ഒന്നും സമ്പാദിക്കുന്നില്ല, പ്രത്യുത നഷ്ടപ്പെടുകയാണ്. പക്ഷേ, 'രഹസ്യത്തിൽ ഇവയെല്ലാം കാണുന്ന നിങ്ങളുടെ പിതാവു് പരസ്യമായി നിങ്ങൾക്കു് സമ്മാനം നല്കും.' അവസാനവിധി ദിവസം കണ്ണാനന്ദകരങ്ങളായ സമാശ്വാസവാക്കുകൾ നമുക്കു ശ്രവിക്കുവാൻ ഇടവരും. "എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻ തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ എന്നെ കുടിപ്പിച്ചു. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു, ഞാൻ നഗ്നനായിരുന്നു. നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എൻെറ അടുക്കൽ വന്നു...... ചെറിയവരായ എൻെറ ഈ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാകുന്നു ചെയ്തതെന്നു് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു."

(വി. മത്താ. 25, 35-40)

ആർച്ചുബിഷപ്പ്സ് ചാരിററിഫണ്ടുമൂലം നിങ്ങൾ നല്കുന്ന സഹായം അനേകായിരങ്ങളെ സമാശ്വസിപ്പിക്കട്ടെ. നിങ്ങൾക്കു നിത്യരക്ഷ ലഭിക്കുവാൻ ഇടവരട്ടെ. എല്ലാ അഭ്യുദയ കാംക്ഷികൾക്കും അകൈതവമായ കൃതജ്ഞത.

# ധ്യാനചിന്തകൾ. (ഭക്തിമാർഗ്ഗം)

വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ

(തുടർച്ച)

**മനുഷ്യതത്വം.**

മനുഷ്യൻ ഇന്ദ്രിയങ്ങൾ മാത്രമുള്ള ഒരു മൃഗമാണൊ? ഇന്ദ്രിയസുഖത്തിൽ ആസക്തനായിരിക്കുന്ന മനുഷ്യനെ മൃത്യു സമീപിക്കുമ്പോൾ ഈ ഇന്ദ്രിയസുഖം യഥാർത്ഥസുഖമാണൊ എന്നു ചോദിച്ചുപോകുന്നു. ഈ ചോദ്യത്തിൽ മതചിന്ത ആരംഭിക്കുന്നു. ഉറങ്ങിക്കിടക്കുന്ന മാനിനെ കടുവാ എടുത്തുകൊണ്ടു പോകുന്നപോലെ ഇന്ദ്രിയസുഖങ്ങളിൽ ആണ്ടുകിടക്കുന്നവനെ മരണം പിടികൂടുന്നു. അപ്പോൾ നമുക്കു ചോദിക്കാൻ തോന്നുന്നു, വാസ്തവം എന്താണു? പ്രപഞ്ചം സത്യമൊ അസത്യമൊ? മരിച്ചുപോയ ആൾ തീരെ നശിച്ചുപോകുന്നുവെന്നു ഒരു കൂട്ടരും, അല്ല പിന്നെയും ശേഷിക്കുന്നുവെന്നു മതവിശ്വാസികളും വാദിക്കുന്നു. മരണശേഷം എന്തു് എന്നതിനെപ്പററി ചിന്തിക്കാതെ വിട്ടുകളയാൻ മററൊരു കൂട്ടർ പറയുന്നു. അക്കൂട്ടർ ഇന്ദ്രിയലോകത്തിൽക്കവിഞ്ഞൊന്നും ചിന്തിക്കാതിരുപ്പാൻ പ്രയത്നിക്കുന്നവരാണു്. മരണമുള്ള കാലത്തോളം മരണശേഷം എന്തു് എന്ന ചോദ്യം പൊങ്ങിവരും. ജീവിതം ക്ഷണേന അവസാനിക്കുന്നതായി നാം കാണുന്നു. നാം അള്ളിപ്പിടിച്ചവയെല്ലാം വിടേണ്ടിവരുന്നു. മരണവക്ത്രത്തിൽ ചെന്നു പതിക്കുമ്പോൾ അവൻെറ ആകാശക്കോട്ടകളെല്ലാം തകൎന്നു തരിപ്പണമാകും.

മനുഷ്യൻ സുഖത്തിന്നായി പരക്കം പായുകയാണു്. ഇന്ദ്രിയഗോചരമായ മണ്ഡലത്തിൽ അവൻ വിഹരിക്കുന്നു. സിനിമഹാളുകൾ, മായച്ചന്തകൾ, എത്ര തിങ്ങിനിറയുന്നുവെന്നു നോക്കുക. എന്നാൽ മരണം വരുമ്പോൾ ആഗ്രഹങ്ങൾ നിറവേറുവാൻ സാദ്ധ്യമല്ലല്ലോ എന്നു മനസ്സിലാക്കി നിരാശയിൽ പതിക്കുന്നു. എല്ലാം ക്ഷണഭംഗുരം!

"ജലത്തിലെ പോളകളെന്നപോലെ
ചലം മനുഷ്യർക്കു ശരീരബന്ധം"

സുഖം, ദുഃഖം, ഭോഗം, ധനം, ബലം, ദാരിദ്ര്യം, സകലവും ക്ഷണഭംഗുരം.

ക്ഷണികമായ ഈ ജഗത്തിൽ നിത്യമായതു വല്ലതുമുണ്ടോ? കല്ലിലുള്ള അഗ്നി കല്ലു കീറിനോക്കിയാൽ കാണുന്നില്ല. അതുപോലെ ശരീരം ഓപ്പറേഷൻ നടത്തുന്ന സർജൻ ആത്മാവിനെ കാണാറില്ല. എന്നാൽ തീക്കല്ലു് ഉരുമ്മി സംഘർഷം വരുത്തിയാൽ തീപ്പൊരി എടുക്കാം. ധ്യാനം സമാധി മുതലായ സംഘർഷങ്ങളാൽ മിസ്റ്റിക്കു് വിശുദ്ധന്മാൎക്കു ആത്മദർശനവും ആത്മാവിൽ ദൈവദർശനവും ഉണ്ടാകുന്നുണ്ടു്.

സൎവ്വമതങ്ങളിലും ആത്മാവിനെപ്പററി പ്രതിപാദിക്കുന്നു. എന്നാൽ മതം അന്ധവിശ്വാസം എന്നൊരുകൂട്ടർ പറയും. പക്ഷേ മതം മനുഷ്യനു് എത്രയൊ ജീവപ്രദായകമായതും, ആത്മബോധകമായതും, ഉന്നതമായതുമായ ദർശനങ്ങൾ നൽകുന്നു! നേരെ മറിച്ചു് ശാസ്ത്രം എന്ന പേരുമാത്രമുള്ള നവീനപരിഷ്ക്കാരമോ കാമവും, ക്രോധവും, ലോഭവും, മോഹവും, മദവും, മാത്സൎയ്യവുമാണു് ഉളവാക്കുന്നതു്. മതത്തിൻെറ അന്ധവിശ്വാസം ദൈവാരാധനയായിരിക്കുമ്പോൾ ശാസ്ത്രത്തിൻെറ പ്രകാശം ധനത്തിൻെറയും, പേരും പെരുമയുടെയും, കാമത്തിൻെറയും ആരാധനയാകുന്നു.

പരിണാമവാദികൾ മനുഷ്യൻെറ ദൈവോൽപ്പത്തി നിഷേധിച്ചു് മനുഷ്യൻ അണുപ്രാണിയിൽ നിന്നു് പരിണമിച്ചുണ്ടായി എന്നു പറയും. ഒരു പരിണാമത്തിനു മുമ്പു് ഒരു ഗർഭീകരണം വേണ്ടയൊ? ഒരു യന്ത്രത്തിൽ എത്ര കുതിരശക്തി അടങ്ങിയിട്ടുണ്ടോ അതിൽ കൂടുതൽ അതിൽ നിന്നു് പരിണമിച്ചു് കിട്ടുകയില്ലല്ലൊ. ശൂന്യത്തിൽ നിന്നും പരിണമിക്കുന്നതെങ്ങനെ? അത്യുന്നതന്മാരായ മനുഷ്യോത്തമന്മാരെ നാം കാണുന്നു. അണുവിൽ നിന്നുള്ള പരിണാമമാണു് അവർ എങ്കിൽ അവരുടെ ഗാംഭീര്യം ബീജാവസ്ഥയിലെ

ങ്കിലും അണുവിൽ ഉണ്ടായിരിക്കണം. എന്തെന്നാൽ ശൂന്യത്തിൽ നിന്നു പരിണമിക്കയില്ല. വലിയ സിദ്ധന്മാർ എങ്ങനെ ഉണ്ടായി? ശൂന്യത്തിൽ നിന്നാകുവാൻ വഹിയാ—ദൈവത്തിൻെറ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചിരിക്കുന്ന ഒരാത്മാവു് അവരിലുണ്ടായിരുന്നതുകൊണ്ടു തന്നെയാണു് അവർ മഹാന്മാരായതു്. അതോടു ചേർന്നു ദൈവത്തിൻെറ വരപ്രസാദവും (grace) അവൎക്കുണ്ടായി.

പഞ്ചഭൂതം കൊണ്ടു ശരീരമുണ്ടായി എന്നതു ശരിതന്നെ—അതു് പഞ്ചഭൂതത്തിലേക്കു് വീണ്ടും ലയിക്കും. അതുയും മനുഷ്യൻ മൃഗത്തോടു് തുല്യനാണെന്നു് ഒരു വിധത്തിൽ പറയാം. പഞ്ചഭൂതങ്ങൾ താനെ സംയോജിക്കുന്നതെങ്ങനെ? ഭൂതകണങ്ങളെ മനുഷ്യശരീരമായി വാൎത്തെടുത്ത ശക്തി ഏതു്? വിവിധങ്ങളായ ശരീരം നമുക്കു കിട്ടുവാൻ ഏതു ശക്തി പ്രവൎത്തിച്ചു? അണുസംയോഗം എങ്ങനെ ഉണ്ടായി? വെറും ജഡത്തിൽ ആ ശക്തി എങ്ങനെ ഉണ്ടാകും? പിന്നിൽ നില്ക്കുന്ന ശക്തിമൂലമാണു് ഇവ സംഭവിക്കുന്നതു്. സ്ഥൂലശരീരത്തെ പരിണമിപ്പിക്കുവാൻ അദൃശമായ ഒരു ശക്തി പ്രവൎത്തിക്കണം. കണ്ണുകൊണ്ടു കാണുവാൻ പാടില്ലെങ്കിലും അദൃശമായ ആ ശക്തിയെ സമ്മതിക്കാതെ ഗത്യന്തരമില്ല. ഈ അദൃശമായ ശക്തിയെ അത്രെ മതം ദൈവം എന്നു പറയുന്നതു്. പഴയനിയമത്തിൽ ദൈവത്തിനു് "ഏൽ" എന്നൊരു പേരുണ്ടു്. ഏൽ = ശക്തി. ഈ പരമശക്തിയാണു് പരമാത്മാവു് എന്നറിയപ്പെടുന്നതു്. ആ പരമാത്മാവിനാൽ ശരീരം മാത്രമല്ല നമ്മുടെ ആത്മാവും ഉണ്ടായി. മനുഷ്യൻ ബുദ്ധിയുള്ള മൃഗം മാത്രമല്ല, പരമാത്മാവിൻെറ സ്വരൂപത്തിലും സാദൃശത്തിലുമുള്ള ഒരു ജീവാത്മാവാണു്. നമുക്കു് പരമാത്മാവിനെ ആസ്വദിക്കാം. ഇപ്രകാരം ആസ്വദിക്കാനുള്ള കഴിവു് ജീവാത്മാവിൻേറതാണു് മനുഷ്യൻെറ ബുദ്ധിയും മനസ്സും വളരുന്നതു് ജീവാത്മാവിൻെറ സമ്പൎക്കം ഹേതുവായിട്ടാണു്. ജീവാത്മാവു് വേർപെട്ടാൽ പിന്നെ അവ വളരുകയില്ല, അവ നിർജ്ജീവമായിത്തീരുന്നു. ജീവാത്മാവു് വേർപെട്ടമ്പോൾ അതിനു് ഒരു സൂക്ഷ്മശരീരം ഉണ്ടു്. ഈ സൂക്ഷ്മശരീരം ബുദ്ധി, മനസ്സു് എന്നിവയുള്ളതാണു്. ധനവാൻെറയും ലാസറിൻേറയും ചരിത്രത്തിൽ കൎത്താവു് പഠിപ്പിക്കുന്നതു് ശരീരത്തിൽ നിന്നും വേർപെട്ട ആത്മാവിനു് ബുദ്ധി മനസ്സു് എന്നിവയുണ്ടെന്നാണു് അതിനെ ആത്മാവിൽനിന്നും വേർപെടുത്തി "ദേഹി" എന്നു് പ്രയോഗിച്ചുകാണുന്നു. Psyche = Soul. ആത്മാവിനെ Pneuma = Spirit എന്നും പറയുന്നു. നമ്മുടെ ജീവാത്മാവത്രെ ദേഹിയെയും ദേഹിവഴിയായി ശരീരത്തെയും (Soma = Body) ചലിപ്പിക്കുന്നതു്. ആത്മാവു് ചലിക്കണമെങ്കിൽ പരമാത്മാവു് പിന്നിൽ നില്ക്കണം.

നമ്മുടെ ആത്മാവാണു് നമുക്കുള്ളതിൽ സൎവ്വപ്രധാനമായ ഭാഗം. നാം ശരീരവും മനസ്സും ഉള്ളവരാണെങ്കിലും മൂലമായിനില്ക്കുന്നതു് ആത്മാവാണു്. ഇന്ദ്രിയങ്ങൾ വഴിയായി ഈ മായാശക്തിക്കു് ബദ്ധനായി ആത്മാവു തീൎന്നിരിക്കയാണു്. ഈ മായയൊ വിചക്കപ്പെട്ട കനിയത്രെ. മായയിൽ നിന്നും ആത്മാവിനെ സ്വാതന്ത്ര്യപ്പെടുത്തണം. യഥാൎത്ഥമനുഷ്യൻ ആത്മാവുതന്നെ. മനസ്സും ശരീരവും ആത്മാവിൻെറ ഉപകരണങ്ങളത്രെ. ഒററ വ്യക്തിത്വമേ നമുക്കുള്ളു. ശുദ്ധീകരണസ്ഥലത്തു് ശിക്ഷ അനുഭവിക്കുന്നതു് നമ്മുടെ വ്യക്തിത്വമല്ലയോ? ആ സമയം ശരീരം സ്വസ്ഥമായി പഞ്ചഭൂതത്തിൽ ലയിച്ചുകിടക്കുന്നു. പാപം ചെയ്തപ്പോൾ ആത്മാവും ഉണ്ടായിരുന്നു. ശുദ്ധീകരണസ്ഥലത്തെ ശിക്ഷ അനുഭവിക്കുന്നതു് ആത്മാവു് മാത്രം. എന്തുകൊണ്ടു രണ്ടുപേർ കൂടി മോഷ്ടിക്കാൻ പോയിട്ടു് ഒരുത്തനെ ശിക്ഷിക്കാതെ മററവനെ മാത്രം ശിക്ഷിക്കുന്നു? രണ്ടുപേർ ഇല്ല. അതാണു് കാരണം. ഒററ വ്യക്തിയെ ഉള്ളു. അതാണു് ആത്മാവു്. അതുകൊണ്ടു് അതിനുമാത്രം ശിക്ഷ കൊടുക്കുന്നു. എന്നാൽ ആത്മാവിനോടുകൂടി സൂക്ഷ്മശരീരം (ദേഹി) നില്ക്കും എന്നു് ധനവാൻെറയും ലാസറിൻെറയും ജീവചരിത്രം കൎത്താവു പറഞ്ഞപ്പോൾ വെളിപ്പെടുത്തിയിട്ടുണ്ടു്.

ആത്മാവു് ലോകത്തിൽ വച്ചു്, തന്നിൽതന്നെ ദൈവത്തെ കണ്ടെത്തണം. കണ്ടെത്തുവാനുള്ള കഴിവുണ്ടു്. പോരാത്തതു് വരപ്രസാദത്താൽ (grace) നൽകുകയും ചെയ്യുന്നു. നമ്മുടെ ധ്യാ

നം ശരിയായാൽ ആത്മാവിൽ ശയിക്കുന്ന ദൈവത്തെ ദർശിക്കും. ഈ ദർശനം ഉണ്ടാകുവാൻ എത്രത്തോളം ധ്യാനിക്കണം? പാപത്തിന്റെയും അജ്ഞാനത്തിന്റെയും അവിശ്വാസത്തിന്റെയും മറ മാറുന്നതുവരെ ധ്യാനിക്കണം. നമ്മുടെ ഉള്ളിലുള്ള ദൈവം ദൈവത്തെ അന്വേഷിക്കുന്നതിന്നു നമ്മെ പ്രേരിപ്പിക്കുന്നു. ദൈവത്തെ കാണുന്നതിനു കരഞ്ഞുകൊണ്ടിരുന്നാൽ മാത്രം പോരാ. മറ നീങ്ങണം, മനോമാലിന്യങ്ങൾ മാറണം. ശരിയായി ധ്യാനിക്കുന്തോറും മറ നേർത്തു നേർത്തു വരും. അഹം എത്രത്തോളം പോകുന്നുവോ അത്രത്തോളം ആത്മപ്രകാശം ഉണ്ടാകും.

ഇക്കാലത്തു് സർവ്വത്തെയും പണം കൊണ്ടളക്കുന്ന ഒരു വിപത്തുണ്ടു്. ഞങ്ങൾ മൂന്നു പട്ടക്കാർ യാക്കോബായസഭയിൽ നിന്നും കുറെ കൊല്ലങ്ങൾക്കുമുമ്പു് കത്തോലിക്കാസഭയിൽ ചേർന്നു. എത്ര പണം കിട്ടി എന്നായിരുന്നു പലരുടെയും ചോദ്യം. പണത്തിന്നല്ലാതെ പിന്നെ എന്തിനു് കർമ്മം എന്നു് പലർക്കും വിവരമില്ല. ആദ്ധ്യാത്മികസത്യത്തെ പണം കൊണ്ടു് എങ്ങനെ അളക്കുവാനാണു്? പണമല്ല സത്യത്തിന്റെ മാനദണ്ഡം. ആനന്ദം ലഭിക്കണം. അതു് എല്ലാവരുടെയും ആഗ്രഹമാണു്. ലൗകികന്മാർ ആനന്ദത്തെ ക്ഷണികവസ്തുക്കളിൽ അന്വേഷിക്കുന്നു. എന്നാൽ ഇന്ദ്രിയങ്ങളിലുള്ള ആനന്ദത്തിനെല്ലാം തിരിച്ചടിയുണ്ടു്. യഥാർത്ഥ ആനന്ദം മനുഷ്യാത്മാവു് ദൈവാത്മാവുമായി ഐക്യപ്പെടുന്ന അനുഭവം വരുമ്പോഴേ ഉണ്ടാകയുള്ളു. ഇതാണു് പരമപ്രയോജനം. അല്ലാതെ പണമല്ല ജീവിതലക്ഷ്യം.

ഓരോ മനുഷ്യനും തന്റെ ദേഹത്തെ "ഞാൻ" എന്നു തെറ്റിദ്ധരിക്കുന്നു. ഈ അജ്ഞാനത്താലാണു് പണത്തിനു് ഇത്ര പ്രാധാന്യം വന്നതു്. ദേഹമാണു് ഞാനെന്നു തോന്നുമ്പോൾ ഇന്ദ്രിയസുഖങ്ങൾ യഥാർത്ഥസുഖമെന്നും ഇന്ദ്രിയക്ലേശങ്ങൾ യഥാർത്ഥ ശോകമെന്നും തെറ്റിദ്ധരിക്കും. സുഖത്തിനും ദുഃഖത്തിനും ഉള്ള ഉപയോഗം അവ രണ്ടു ഉപദേഷ്ടാക്കന്മാർ എന്നുള്ളതാണു്. യഥാർത്ഥ സത്യത്തെ പിടിക്കാത്തിടത്തോളം നാശഗർത്തത്തിലേക്കു പായുകയാണു്. പരമസത്യം ഏററവും വേഗത്തിൽ അനുഷ്ഠാനത്തിൽ കൊണ്ടുവരുവാൻ സഹായിക്കുന്ന സമുദായം തന്നെ ഉത്തമ സമുദായം.

അനേകലക്ഷം ധീരപുരുഷന്മാരെയും ധീരവനിതകളെയും ലോകത്തിന്നാവശ്യമാണു്. സത്യത്തെ പായ്ച്ചു് വളച്ചു് ഒടിക്കാത്ത ധീരന്മാരെ തന്നെ വേണം. മനുഷ്യത്വത്തെ അറിയുന്ന ധീരന്മാർ, ത്യാഗം സ്വജീവിതത്തിൽ അനുഭവമാക്കുന്ന ധീരന്മാർ, മൃത്യുവിനു് മുമ്പിൽ കലുങ്ങാത്ത ധീരന്മാർ, ഞാൻ ആത്മാവു തന്നെ ശരീരം ഉപകരണം മാത്രം എന്നറിയുന്ന ധീരന്മാർ, ഇന്നു ലോകത്തിനു വേണ്ടിയിരിക്കുന്നു. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നു് ക്രിസ്തു പറയുന്നതിന്റെ അർത്ഥം ചിന്തിപ്പിൻ (യോഹ: 8: 32) നിങ്ങളെപ്പററിയുള്ള സത്യം അറിയണം. അതറിയാനുള്ള ധീരത വേണം. മതം കേവലം ജീവിക്കാനുള്ള ഒരു സമുദായസംഘടനമാത്രമല്ല. ആചാരങ്ങളിൽ മതം അവസാനിച്ചുപോകരുതു്. ഉൽകൃഷ്ടവിചാരങ്ങൾ കൊണ്ടും ഉന്നതാദർശങ്ങൾ കൊണ്ടും ബുദ്ധി നിറയ്ക്കുക. പാപത്തെപ്പററി ചിന്തിക്കാതെയിരിപ്പിൻ. നാം എത്തേണ്ട ഉന്നതലക്ഷ്യം തന്നെ സ്വപ്നം കാണുക. ബലഹീനതയെപ്പററി അധികം ചിന്തിക്കാതിരിക്കുക. പ്രയത്നിക്കുക പരിശീലിക്കുക. ലക്ഷ്യമാകുന്ന ദൈവത്തെ പ്രാപിക്കുക.

—o—

**For favours received**



**Inserted by**
സി. ഒ. രാജൻ
കാവുള്ളതിൽ, കടമ്പനാട്ടു്.

കവിത

# നവയുഗഭാവുകം

ചാരുമ്മൂട്ട്

ലോകമേതോ പരിവർത്തനത്തി-
ന്നാകമാനമൊരുങ്ങുകയായി.
മുട്ടി മുട്ടി വിരിയാൻ തുടങ്ങും
മുട്ടയുള്ളിലേക്കഞ്ഞു കണക്കെ.

ആരുമാരുമറിഞ്ഞില്ല, ലോക-
മാകെയുമൊരു ചൈതന്യമാർന്നു.
അന്ധകാരമകററി സുധാംശു
വന്നുദിക്കെ പ്രകൃതിയെപ്പോലെ.

രാഷ്ട്രമേക പതാകയ്ക്കു കീഴിൽ
കാട്ടിയന്നൊരു ഭാവിതൻ നാന്ദി
പേരെഴുതിച്ചുകൊള്ളുവാൻ പോലു-
മാരുമന്നെത്തി പൂർവ്വികർ നാട്ടിൽ

മഞ്ഞുപട്ടുടയാടയണിഞ്ഞു
മഞ്ജുളമനോഹാരിണിയായി
ബേത്ലേം മലനാടു സംപൂജ്യ-
സ്വാഗതത്തിന്നൊരുങ്ങുകയായി.

സർവ്വശക്തന്റെ നിശ്ചയം,-രാജ-
കല്പനയായ്,-വിളംബരം ചെയ്കെ,
രക്ഷതൻ തായിഃവരാം ദാവീദി-
ന്നക്ഷയകുലമെത്തി ബത്ലേമിൽ.

പത്തിമെല്ലെപ്പതിക്കുന്ന പോലെ,
മഞ്ഞു പെയ്യും മലതൻ ചരിവിൽ,
തീയുകാഞ്ഞു മന്നാട്ടിൻപററത്തെ
കാത്തും മന്ദം മയങ്ങിയിടയർ

സ്വച്ഛനീലിമയാർന്ന നഭസ്സി-
ന്നുച്ചലോജ്വലകാന്തി തൻ വായ്പിൽ,
വാനിലെങ്ങുമേ തൂക്കിയ വൈദ്യുത്-
ദീപതാരകം നിശ്ചലം നില്കെ

"ഉന്നതന്നു മഹത്വ, മിമ്മന്നിൽ
നന്മനുജർക്കു ശാന്തി,"യുമെന്ന
സ്വർഗ്ഗഗാന മുതിർന്നതിരമ്യം
നിദ്ര വിട്ടു മനുജനുണർന്നു.

ആട്ടിടയർ, സസംഭ്രമം വാനിൽ
നീട്ടി ദൃഷ്ടിക,'ളെന്തൊരു ചിത്രം'
വാർമഴവില്ലൊളിക്കുമഴകിൽ
വാനവർ സുരഗീതം പൊഴിപ്പൂ!

"മംഗളം! സമാധാനം!; പിറന്നു
രക്ഷിതാവിതാ ഗോശാലയിങ്കൽ
കാണാം, തൃപ്പദം ചുംബിക്കാം പോകിൽ
പാണി പല്ലവമേകിടുമാശിസ്"

ഏദനിൽ പണ്ടുയന്നൊരാനാദം,
മേദിനിയെപ്പുണർന്നൊരാശ്വാസം,
ആദമാദിപിതാക്കളഖിലം
ആദരാന്വിതം ദീക്ഷിച്ച രൂപം,-

ആ ദിവ്യനാമം രൂപമണിഞ്ഞു
മേദിനിയെ വിണ്ണാക്കുവാൻ വന്നു
മംഗളം! നല്ല മർത്ത്യർക്കു മന്നിൽ
സ്വർഗ്ഗമിങ്ങു വന്നെന്തൊരു ഭാഗ്യം!

# ആരാധനക്രമത്തിന്റെ പരിഷ്കരണവും മലങ്കരസുറിയാനി റീത്തും

(റവ. ഡോ. ഗീവറുഗീസ് പണിക്കർ)

രണ്ടാം വത്തിക്കാൻ സാർവ്വത്രികസുന്നഹദോസിന്റെ ആരാധനക്രമത്തെ സംബന്ധിക്കുന്ന കോൺസ്റ്റിട്യൂഷൻ, ഏറക്കുറെ എല്ലാ റീത്തുകാർക്കും ബാധകമാണ് (കോൺസ്റ്റിട്യൂഷൻ 3-ാം വകുപ്പ് കാണുക) ആധുനിക പരിതഃസ്ഥിതികൾക്കും ആവശ്യങ്ങൾക്കും വേണ്ടുന്ന ശക്തിയാർജ്ജിക്കുവാൻ ഉതകുന്നവിധത്തിൽ സഭാചൈതന്യത്തിന്റെ ഉറവിടമായ റീത്തുകളെ പരിഷ്കരിക്കണമെന്ന് സുന്നഹദോസ് ആഗ്രഹിക്കുന്നു.

ആവശ്യം നേരിടുന്ന സന്ദർഭങ്ങളിൽ സജീവമായ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ, റീത്തുകൾ സശ്രദ്ധം പരിഷ്കരിക്കപ്പെടണമെന്നും ആധുനികകാലത്തിന്റെ ആവശ്യങ്ങളേയും പരിതഃസ്ഥിതികളേയും നേരിടത്തക്കവണ്ണം അവയ്ക്ക് പുതിയ ചൈതന്യം പ്രദാനം ചെയ്യണമെന്നും ഈ സുന്നഹദോസ് അഭിലഷിക്കുന്നു. (കോൺസ്റ്റിട്യൂഷൻ 4-ാം വകുപ്പ്)

ആരാധനക്രമ പരിഷ്കരണത്തിൽ ഓർത്തിരിക്കേണ്ട പ്രധാന കാര്യങ്ങൾ താഴെപറയുന്നവയാണ്.

ആരാധനക്രമത്തിൽനിന്ന് ക്രിസ്തീയവിശ്വാസികൾ സമൃദ്ധിയായി കൃപാവരങ്ങൾ കൂടുതൽ തീർച്ചയോടെ സമ്പാദിക്കുന്നതിനുവേണ്ടി അതിൽ പൊതുപരിഷ്കരണം നടത്തുവാൻ തിരുസഭാ മാതാവ് അഭിലഷിക്കുന്നു. ആരാധനക്രമത്തിൽ, മാററത്തിനതീതമായ ദൈവസ്ഥാപിത ഘടകങ്ങളും മാററത്തിനു വിധേയമായ ഘടകങ്ങളുമുണ്ട്. പരിവർത്തനവിധേയമായ ഘടകങ്ങളിൽ, ആരാധനാക്രമത്തിന്റെ ആന്തരിക ഭാവത്തോട് പൊരുത്തപ്പെടാത്തതും അതിനോടു യോജിക്കാത്തതുമായ എന്തെങ്കിലും കടന്നുകൂടിയിട്ടുണ്ടെങ്കിൽ, അവയ്ക്ക് കാലാനുസൃതമായ മാററങ്ങൾ വരുത്താവുന്നതും വരുത്തേണ്ടതുമാണ്.

ഈ പുനരുദ്ധാരണത്തിൽ, പ്രാർത്ഥനകളും കർമ്മവിധികളും, വിശുദ്ധ മൂല്യങ്ങളെ പൂർവ്വാധികം പ്രകടമായി പ്രസ്പഷ്ടമാക്കത്തക്കവിധം ക്രമീകരിക്കേണ്ടതാണ്. അങ്ങനെ ആവുന്നത്ര എളുപ്പത്തിൽ അവ മനസ്സിലാക്കുന്നതിനും, പൂർണ്ണമായും സജീവമായും സംഘമായും അവയിൽ സംബന്ധിക്കുന്നതിനും ക്രിസ്തീയ വിശ്വാസികളെ സഹായിക്കണം.

(കോൺസ്റ്റിട്യൂഷൻ 21-ാം വകുപ്പ്)

മേൽപറഞ്ഞ കാര്യങ്ങൾ മുൻനിർത്തിക്കൊണ്ട് ആരാധനക്രമത്തിന്റെ പരിഷ്കരണം ആസൂത്രണം ചെയ്യുമ്പോൾ പരിഗണിക്കേണ്ട ഒരു പ്രധാന നിർദ്ദേശം താഴെപറയുന്നതാണ്:

ശരിയായ പാരമ്പര്യങ്ങൾ നിലനിർത്തുന്നതിനും അതേസമയം, നിയമാനുസൃതമായ എല്ലാവിധ പുരോഗതിക്കും വഴിതുറന്നിടുന്നതിനും ഇടയാകത്തക്കവണ്ണം, പരിഷ്കരിക്കപ്പെടേണ്ട ആരാധനക്രമത്തിന്റെ ഓരോഭാഗവും ശ്രദ്ധാപൂർവ്വകമായ പരിശോധനയ്ക്ക് എപ്പോഴും വിധേയമാക്കണം. ഈ പരിശോധന ദൈവശാസ്ത്രപരവും ചരിത്രപരവും ആത്മപാലനാപരവുമായിരിക്കണം. കൂടാതെ, ആരാധനക്രമത്തിന്റെ ഘടന, അർത്ഥം എന്നിവയെ ക്രമീകരിക്കുന്ന പൊതുനിയമങ്ങൾ, ആരാധനക്രമത്തിന്റെ അധുനാതന പരിഷ്കാരങ്ങളുടേയും വിവിധ ദേശങ്ങളെ ഉദ്ദേശിച്ച് നൽകപ്പെട്ടിട്ടുള്ള പ്രത്യേക നിർദ്ദേശങ്ങളുടേയും വെളിച്ചത്തിൽ വേണം പഠനവിധേയമാക്കാൻ. സഭയുടെ നന്മയ്ക്ക് യഥാർത്ഥമായും സുനിശ്ചിതമായും ഉപകരിക്കാത്തപക്ഷം ആരാധനക്രമത്തിൽ യാതൊരു നവീകരണവും അനുവദിച്ചുകൂടാ. അതുപോലെതന്നെ, പുതിയ രൂപങ്ങൾ സ്വീകരിക്കുമ്പോൾ അവ നിലവിലിരിക്കുന്ന ക്രമങ്ങളിൽ

നിന്ന് ഘടനാപരമായി വളർന്നുവരുന്നവയായിരിക്കാൻ ശ്രദ്ധപതിക്കണം.

(കോൺസ്റ്റിട്യൂഷൻ 23-ാം വകുപ്പ്)

ആരാധനക്രമം ദേശീയ സംസ്കാരത്തോടും പാരമ്പര്യങ്ങളോടും അനുവിധാനം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുമ്പോൾ കോൺസ്റ്റിട്യൂഷൻ (ആരാധനക്രമത്തെ സംബന്ധിക്കുന്ന രണ്ടു സാധ്യതകളാണ് മുൻകാണുന്നതു്: ഒന്നാമത്തേതു്, "ആധികാരികമായി പ്രസിദ്ധീകരിച്ചിട്ടുള്ള ആരാധനക്രമങ്ങളുടെ പരിധികളിൽ" ഉള്ള ഒരനുവിധാനം (39-ാം വകുപ്പ്); രണ്ടാമത്തേതു്, "ചില സ്ഥലങ്ങളിലും സാഹചര്യങ്ങളിലും ആരാധനക്രമത്തിൽ വേണ്ടിവന്നേക്കാവുന്ന ഇതിലുപരിയായി മൗലികമായ ഒരനുവിധാനം" ഈ രണ്ടുവിധ അനുവിധാനങ്ങളും മററുള്ള റീത്തുകളിലെപ്പോലെ മലങ്കര റീത്തിലും നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. ഇപ്രകാരമുള്ള അനുവിധാനങ്ങൾ സാധിക്കുന്നതിന് മലങ്കര സുറിയാനികത്തോലിക്കാ വിഭാഗവും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയും സഹകരിച്ച് പ്രവർത്തിക്കുകയാണ് വേണ്ടതു്. കത്തോലിക്കാ സഭയിൽനിന്നും വേർപെട്ടുനിൽക്കുന്ന ഈ സഹോദരങ്ങളുമായുള്ള "സംഭാഷണം" വഴിവേണം മേൽപറഞ്ഞ അനുവിധാനങ്ങൾക്ക് മാർഗ്ഗങ്ങൾ നിശ്ചയിക്കുവാൻ; പരിഷ്കരിക്കപ്പെടേണ്ട ആരാധനക്രമത്തിന്റെ ഓരോ ഭാഗവും ശ്രദ്ധാപൂർവ്വകമായ പരിശോധനയ്ക്ക് വിധേയമാക്കുവാൻ അവരുമായി മലങ്കര സുറിയാനികത്തോലിക്കർ സഹകരിക്കണം. ദൈവശാസ്ത്രപരവും ചരിത്രപരവും ആത്മപാലനാപരവുമായ ഈ പരിശോധന രണ്ടു കൂട്ടർക്കും വളരെ പ്രയോജനപ്രദമായിരിക്കുമെന്നുള്ളതിന് സംശയമില്ല. ആരാധനക്രമത്തിന്റെ പരിഷ്കരണത്തിന്റെ പ്രധാനലക്ഷ്യം ആരാധനക്രമാനുഷ്ഠാനങ്ങളിൽ എല്ലാ ജനങ്ങൾക്കും സമ്പൂർണ്ണവും സജീവവുമായ ഭാഗഭാഗിത്വത്തിന്, അവസരം നൽകുകയെന്നുള്ളതാണല്ലോ. മലങ്കര റീത്തിന്റെ ആരാധനക്രമത്തിൽ വിശ്വാസികളുടെ ഭാഗഭാഗിത്വം മാററാൻ പാടില്ലാത്ത ഒരു ഘടകമാണ്. അതു കൂടുതൽ സമ്പൂർണ്ണവും, ബോധാത്മകവും, സജീവവുമാക്കാനുള്ള മാർഗ്ഗങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയാണ് ഇനിയും വേണ്ടതു്.

സ്ഥലവും സാഹചര്യവും അനുസരിച്ചുള്ള അനുവിധാനവും പരിഷ്കരണവും വിഷമമേറിയതും വളരെയധികം പഠനത്തിനുശേഷം മാത്രം നടപ്പാക്കേണ്ടതുമാണ്. ഇതിനു കാലതാമസം വന്നേക്കാം. എങ്കിലും ഈ സംഗതികളെപ്പററി പണ്ഡിതന്മാരും താല്പര്യമുള്ളവരുമായ ആളുകൾ ചിന്തിച്ച് ചർച്ചചെയ്തുതുടങ്ങുന്നതു് നന്നായിരിക്കും.

ഇപ്പോൾ മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയിലും മലങ്കര സുറിയാനികത്തോലിക്കരുടേയും ഇടയിൽ ഉപയോഗത്തിലിരിക്കുന്ന ആരാധനക്രമങ്ങളുടെ പരിധികളിൽ ചില പരിഷ്കരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്. മോൺസിഞ്ഞോർ ക്യുറിസാക്കിസ് വി. കുർബാനക്രമത്തിൽ ഇപ്രകാരം ചില മാററങ്ങൾ, ചരിത്രപരമായി പഠിച്ചതിനുശേഷം, ഉന്നയിച്ചിട്ടുണ്ട്. അതു് മലങ്കരയിൽ നടപ്പിലാക്കുവാൻ ശ്രമിക്കാവുന്നതാണ്; മലങ്കര ഓർത്തഡോക്സ്കാരും മലങ്കര സുറിയാനികത്തോലിക്കരുംകൂടി ആലോചിച്ച് ഈ കാര്യത്തെപ്പററി തീരുമാനങ്ങൾ എടുക്കുകയാണ് ഉത്തമം.

മേൽപറഞ്ഞ വിധത്തിലുള്ള പരിഷ്കരണത്തിനു മുമ്പുതന്നെ മലങ്കര സുറിയാനികത്തോലിക്കരുടെ ഇടയിൽ ചിലസ്ഥലങ്ങളിൽ പാരമ്പര്യമനുസരിച്ചുള്ള പതിവിൽനിന്നും വ്യതിചലിച്ചിട്ടുള്ള ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വ്യതിചലനങ്ങൾ ഇനിയും തുടർന്നുകൊണ്ടുപോകുക ആശാസ്യമാണെന്നു് തോന്നുന്നില്ല. ഇപ്രകാരമുള്ള വ്യതിചലനങ്ങളും മാററങ്ങളും ന്യായീകരിക്കപ്പെടാവുന്നതാണോ? ഏതെങ്കിലും വിധത്തിലുള്ള മാററങ്ങൾ ന്യായീകരിക്കപ്പെടണമെങ്കിൽ അവ "ആരാധനക്രമത്തിന്റെ ആന്തരികഭാവത്തോടു പൊരുത്തപ്പെടാത്തതും, അതിനോടു യോജിക്കാത്തതുമായവ" മാത്രമായിരിക്കണം. എന്നാൽ മലങ്കര ഓർത്തഡോക്സ് സഭയിൽ നിലവിലിരിക്കുന്ന പാ

രമ്പര്യമനസരിച്ചുള്ള പതിവിൽനിന്നും വ്യതിചലിച്ചു ഏർപ്പെടുത്തിയിട്ടുള്ള ഈ മാററങ്ങൾ ഇപ്രകാരമുള്ള മാററങ്ങളല്ല. നേരെമറിച്ചു് പുതുതായി ചിലർ സ്വീകരിച്ചിട്ടുള്ള മാററങ്ങളിൽ പലതും ആരാധനക്രമത്തിൻെറ ആന്തരികഭാവത്തോടു പൊരുത്തപ്പെടാത്തതും അതിനോടു യോജിക്കാത്തതുമാണ്. ആരാധനക്രമസംബന്ധമായി ന്യൂനത ഉണ്ടെന്നു് മനസ്സിലാക്കി ലത്തീൻ റീത്തിൽനിന്നുപോലും തിരുസഭ മാററിക്കൊണ്ടിരിക്കുന്ന ചില നടപടികളുടെ വായ്പവാങ്ങലിൻെറ ഫലമായിട്ടുള്ളവയാണ് ഇവയിൽ പലതും. മലങ്കര സുറിയാനി റീത്തിലെ ചില നടപടികൾ കുറവുള്ളവയാണെന്നു് കരുതിയായിരിക്കണം അതിനുപകരം ഈ ലത്തീൻ നടപടികൾ സ്വീകരിക്കാനിടയായതു്. എന്നാൽ ഇപ്രകാരം ഉപേക്ഷിച്ച നടപടികളാണ് ആരാധനക്രമത്തിനു് യോജിച്ചവയാണെന്നു കരുതി ഇപ്പോൾ റോമൻറീത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നതു്! ഈ പരിതസ്ഥിതിയിൽ ഇപ്രകാരമുള്ള "ലത്തീൻ നടപടികൾ" ഇനിയും മലങ്കര സുറിയാനി റീത്തിൽ വച്ചുപുലത്തുന്നതു് ഒരു പന്തികേടാണ്; പ്രത്യേകിച്ചും താഴെപറയുന്ന വിധം തിരുസഭ പ്രഖ്യാപിക്കുമ്പോൾ:

"എല്ലാ പൗരസ്ത്യറീത്തുകാരും ആരാധനക്രമത്തിൻെറ കാര്യത്തിൽ അവരുടെ നിയമാനുസൃതമായ റീത്തുകളും അനുശാസനങ്ങളും പരിപാലിക്കുന്നതിനും എപ്പോഴും പരിപാലിക്കേണ്ടതാണെന്നും അറിയുന്നവരും ബോദ്ധ്യമുള്ളവരുമായിരിക്കട്ടെ. അവയുടെതന്നെ ഘടനാപരമായ പുരോഗതിക്കു് ഹേതുക്കളുള്ളപ്പോഴല്ലാതെ യാതൊരുവിധ മാററങ്ങളും വരുത്താവുന്നതല്ല. അതുകൊണ്ടു് പൗരസ്ത്യറീത്തുകാർ തന്നെ ഈവക കാര്യങ്ങളെല്ലാം ഏററവും വലിയ വിശ്വസ്തതയോടെ അനുഷ്ഠിക്കേണ്ടതാണ്; എപ്പോഴും കൂടുതൽ പരിപൂർണ്ണമായി അവർ ഇവയെല്ലാം അറിയുകയും പരിശീലിക്കയും വേണം; കാലവും ആളുകളും നിമിത്തം ഉണ്ടായ സാഹചര്യങ്ങൾ കാരണം അവർ ഇവയിൽനിന്നു് അനുചിതമായി വ്യതിചലിച്ചിട്ടുള്ളപ്പോൾ, പൂർവ്വികന്മാരുടെ പാരമ്പര്യത്തിലേക്കു മടങ്ങുവാൻ അവർ പരിശ്രമിക്കേണ്ടതാണ്." (രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ കത്തോലിക്കാ പൗരസ്ത്യ സഭകളെ സംബന്ധിച്ച ഡിക്രി, 6-ാം വകുപ്പു്)

മേൽപറഞ്ഞ "ലത്തീൻ നടപടികളൊന്നും" തന്നെ അന്ത്യോകൃൻ സുറിയാനിക്രമത്തിൽ നിലവിലുള്ള പാരമ്പര്യമനുസരിച്ചുള്ളവയല്ല. മലങ്കര ഓർത്തഡോക്സ് സഭയിൽ നിലവിലിരിക്കുന്ന നടപടികളാണ് പുരാതനമായ അന്ത്യോകൃൻ സുറിയാനി റീത്തിൻെറ പാരമ്പര്യമനുസരിച്ചുള്ളവ. എന്നാൽ ഇപ്രകാരമുള്ള നടപടികളേക്കാൾ മെച്ചമായവയാണ് ഈ "ലത്തീൻ നടപടികൾ". എന്നു് ഒരുകാലത്തു് ചില ആളുകൾ വിചാരിച്ച ഒരു സാഹചര്യത്തിൽ സ്വീകരിച്ചവയാണ് മലങ്കര സുറിയാനി റീത്തിൽ കടന്നുകൂടിയിട്ടുള്ള "ലത്തീൻ നടപടികൾ". ഈ നടപടികൾ അനുസരിച്ചു് പ്രവർത്തിക്കുമ്പോൾ മാത്രമേ മലങ്കരറീത്തുകാർ "ശരിയായ" കത്തോലിക്കരായിത്തീരുന്നുള്ളുവെന്നു് ചില ആളുകൾ ആത്മാർത്ഥമായി വിശ്വസിച്ചുപോയിട്ടുണ്ടു്. ഇപ്രകാരം കാലവും ആളുകളും നിമിത്തം ഉണ്ടായ സാഹചര്യങ്ങളിൽ കടന്നുകൂടിയ വ്യതിചലനങ്ങൾ നിലവിലിരിക്കുന്നിടത്തു് അവ ഉപേക്ഷിച്ചു് പൂർവ്വികന്മാരുടെ പാരമ്പര്യത്തിലേക്കു് മടങ്ങുവാൻ പരിശ്രമിക്കേണ്ടതാണ്. താഴെപറയുന്ന വ്യതിയാനങ്ങൾ ഈ വിധത്തിൽ ഉപേക്ഷിക്കേണ്ടവയാണെന്നു തോന്നുന്നു.

(i) വി. കുർബാനയിൽ സംബന്ധിക്കുമ്പോൾ മുട്ടുകുത്തുന്നതു്. പൂർവ്വികന്മാരുടെ പാരമ്പര്യവും വി. കുർബാനയുടെ സാമൂഹ്യമായ ആന്തരിക ഭാവവും പരിഗണിച്ചു് റോമൻ റീത്തിൽ നിന്നും ഈ പതിവു് മാററിവരികയാണ്. വി. കുർബാനയിൽ മൂന്നുപ്രാവശ്യം പട്ടക്കാരൻ മുട്ടുകുത്തുന്ന പതിവുതന്നെ മലങ്കര ഓർത്തഡോക്സ് സഭയിൽ എവ്വിധമോ കടന്നുകൂടിയ ഒന്നാണ്. വിശ്വാസികൾ സമവിതാനമായി നിരന്നു മുട്ടുകുത്തി വി. കുർബാന അനുഭവിക്കുന്നതു് പൂർവ്വികന്മാരുടെ പാരമ്പര്യമനുസരിച്ചുള്ള നടപടി

യല്ല. ഓരോരുത്തരായി പ്രദക്ഷിണമായി (വി. കുർബാനാനുഭവ കീർത്തനങ്ങൾ പാടികൊണ്ടിരിക്കുമ്പോൾ) വന്നുനിന്നു് വി. കുർബാന അനുഭവിക്കയാണു് പാരമ്പര്യം. ഇപ്രകാരമുള്ള ഒരു നടപടി ഇപ്പോൾ റോമൻ റീത്തുതന്നെ സ്വീകരിച്ചിരിക്കയാണു്. ഇപ്പോൾ ലത്തീൻ റീത്തിലെ പല പള്ളികളിലും 'കമ്മ്യൂണിയൻ സ്റ്റേഷൻ'' (വി കുർബാന കൊടുക്കുന്നതിനായി പ്രത്യേകമായി തയാറാക്കിയിട്ടുള്ള മേശ) ഉപയോഗിച്ചുതുടങ്ങിയിരിക്കയാണു്. ഈ വിധത്തിലുള്ള ഒരു മേശയുടെ ഉപയോഗം മലങ്കര സുറിയാനി ആരാധനക്രമത്തിന്റെ ആന്തരികഭാവത്തിനു് വളരെ ചേർന്നതാണെന്നു തോന്നുന്നു. പട്ടക്കാരൻ വി. കുർബാന പടിഞ്ഞാറോട്ടു് കൊണ്ടുവരുമ്പോൾ, ആളുകളെ അനുഗ്രഹിച്ച ശേഷം ആ മേശയിൽ വയ്ക്കാവുന്നതും അവിടേക്കു് ഓരോരുത്തരായി അടുത്തുവരുന്ന വിശ്വാസികൾക്കു് വി കുർബാന കൊടുക്കാവുന്നതുമാണു്. അതിന്റെ ശേഷം ചൊല്ലേണ്ട പ്രാർത്ഥന ചൊല്ലിയശേഷം ബലിപീഠത്തിലേക്കു് തിരിച്ചുപോകുകയാണു് സൗകര്യവും.

(ii) വി. കുർബാന കൊടുക്കുന്നതിനു മുമ്പും കൊടുത്തതിനു ശേഷവും ചില പട്ടക്കാർ പടിഞ്ഞാറോട്ടു് തിരിഞ്ഞു് കൈകൊണ്ടു് വിശ്വാസികളെ ആശീർവദിക്കാറുണ്ടു്. ഇതു് മലങ്കര ക്രമത്തിനു് യോജിച്ചതല്ല. കാസാ കൊണ്ടുതന്നെ ആളുകളെ ആശീർവദിച്ചതിന്റെ ശേഷമാണല്ലോ വി. കുർബാന കൊടുക്കുന്നതു്. അതുകൊണ്ടു് ലത്തീൻ ക്രമത്തിൽ പതിവുള്ള പട്ടക്കാരന്റെ ആശീർവാദം മലങ്കരറീത്തിൽ ആവശ്യമില്ലാത്തതാണു്. അതുപോലെതന്നെ വി. കുർബാന കയ്യിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു് മൂന്നുപ്രാവശ്യം "കർത്താവിന്റെ തിരുശരീരവും തിരുരക്തവുമായ തീക്കട്ട" എന്നും മററും പറഞ്ഞു വി. കുർബാന കൊടുക്കുന്നതു് 'എച്ചേ ആഗ്നൂസ്ദേയി'' എന്ന ലത്തീൻ ക്രമത്തിന്റെ അനുകരണമാണു്. ഇവയൊന്നും മലങ്കര സുറിയാനി ക്രമത്തിലുള്ള നടപടികളല്ല.

(iii) വി. കുർബാന അനുഭവിക്കുന്നതിനു മുമ്പു് മനസ്താപപ്രകരണമോ, ഞാൻ പിഴയാളിയോ ചൊല്ലുന്നതു് വി. കുർബാനയുടെ ഘടനക്കു് യോജിച്ചതല്ല. വി. കുർബാനയിലെ പ്രാർത്ഥനകൾ തന്നെ വി. കുർബാന സ്വീകരിക്കുന്നതിനും അനുതാപം ഹൃദയത്തിൽ ഉളവാക്കുന്നതിനും ഉദ്ദേശിച്ചുള്ളവയാണു്. അതുകൊണ്ടു് ആരാധനക്രമത്തിലില്ലാത്ത ഈ പ്രാർത്ഥനകൾ ആ സമയം ചൊല്ലേണ്ട ആവശ്യമില്ല. അപ്രകാരമുള്ള പതിവു് റോമൻ റീത്തിൽനിന്നും മാററിയിരിക്കുകയാണല്ലോ ഇപ്പോൾ. അതുപോലെതന്നെ വി. കുർബാനാനുഭവത്തിനു ശേഷം "എന്റെ കടങ്ങളുശേഷം'' എന്നു തുടങ്ങുന്ന പ്രാർത്ഥനയും ഉപേക്ഷിച്ചിട്ടു് മററു സ്മരണപ്രാർത്ഥനകൾ (extra liturgical) ചൊല്ലുന്നതും ശരിയല്ല. ഉപകാരസ്മരണ പാരസ്ത്യറീത്തുകളിൽ ആരാധനക്രമത്തിന്റെ ഒരു ഭാഗമാണു് (liturgical): അതുകൊണ്ടു് വി. കുർബാനക്രമത്തിന്റെ ഘടനയുടെ ഒരുഭാഗമാണു്. "എന്റെ കടങ്ങളുശേഷം'' എന്നു തുടങ്ങുന്ന ഗീതം 23, 26, 29 ഈ സങ്കീർത്തനങ്ങൾ (ഇവ ഗീതമായി ചൊല്ലുകയാണെങ്കിൽ കൂടുതൽ നല്ലതു്) ഇവയാണു് ആരാധനക്രമമനുസരിച്ചുള്ള പ്രാർത്ഥനകൾ. ഇവയുടെ ശേഷം സമയമുണ്ടെങ്കിൽ മററു പ്രാർത്ഥനകൾ (extra liturgical) ചൊല്ലാവുന്നതാണു്. അതു് വ്യക്തികളുടെ ഭക്തിയനുസരിച്ചും (private devotion) സൗകര്യം അനുസരിച്ചും നിറവേററാവുന്ന ഒരു സംഗതിയാണു്. എന്നാൽ വി. കുർബാനയെന്ന പൊതു ആരാധനയുമായി ഘടനാപരമായി ബന്ധപ്പെട്ടവയല്ല. വി. കുർബാന ആരംഭിക്കുമ്പോൾ കുർബാനക്രമമനുസരിച്ചുള്ള പ്രാരംഭ പ്രാർത്ഥനകളും "വെളിവുനിറഞ്ഞോരീശോ'' എന്ന ഗീതവും മററും വിട്ടിട്ടു് കുർബാനക്രമത്തിലില്ലാത്ത (extra liturgical) ഒരുക്കപ്രാർത്ഥനകൾ ചൊല്ലുന്നതും അനുചിതമാണു്.

(iv) വിശ്വാസികൾ സംബന്ധിക്കുന്ന വി. കുർബാനയിൽതന്നെ കൂദാശചെയ്ത വിശുദ്ധവസ്തുക്കൾ വിശ്വാസികൾ അനുഭവിക്കുകയാണു് ഉത്തമം. വി. ബലിയിൽ സജീവമായി പങ്കെടുക്കുന്നതിനു് ഉത്തമമായ മാർഗ്ഗം ഇതാണു്. നേരത്തെ കൂദാശചെയ്തു് സക്രാരിയിൽ വച്ചിരി

ക്കുന്ന അപ്പം വിശ്വാസികൾക്ക് കൊടുക്കുന്നതും പതിവാക്കുന്നതു് പട്ടക്കാരനും വിശ്വാസികളും സാമൂഹ്യമായി യോജിച്ച് ഒരേബലിയിൽ പങ്കെടുക്കുന്നുവെന്ന കാര്യം വിസ്മരിക്കുന്നതിനു് ഇടവരുത്തും. അതുകൊണ്ടാണ് റോമൻ റീത്തിലും ഈ പതിവു് തുടരരുതു് എന്നു് തിരുസഭ ഉപദേശിക്കുന്നതു്. (ആരാധനക്രമത്തെ സംബന്ധിച്ച ഡിക്രി, 55-ാം വകുപ്പു്)

(v) ബലിപീഠം ഭിത്തിയോടു് ചേർത്തു് പണിയുന്നതു് പൂർവ്വിക പാരമ്പര്യത്തിനു എതിരാണെന്നുള്ളതിനു് സംശയമില്ല. ബലിപീഠത്തിനു് ചുററും പ്രദക്ഷിണം നടത്തത്തക്ക രീതിയിൽ വേണം ബലിപീഠം പണിയുവാൻ. ബലിപീഠത്തിനു മുമ്പിൽ, ആളുകളുടെ നേരെ തിരിഞ്ഞു നിന്നു (facing the people) വി. കുർബാന ചൊല്ലുന്ന പതിവു് റോമൻ റീത്തിൽ നടപ്പാക്കിവരികയാണല്ലോ. പൗരസ്ത്യറീത്തുകളിൽ ഇതു് നടപ്പിലാക്കാവുന്നതാണോ അല്ലയോ എന്നു് പൗരസ്ത്യറീത്തുകാരായ അകത്തോലിക്കാ സഹോദരങ്ങളുമായി ആലോചിച്ച് തീരുമാനിക്കേണ്ട ഒരു കാര്യമാണു്.

(vi) മദ്ബഹായുടെ മറ (തിരശ്ശീല) ഉപയോഗിക്കുന്നതു് പുരാതനമായ ഒരു ആചാരമാണു്. വി. കുർബാനയുടെ സാമൂഹ്യവശം പരിഗണിച്ചു് മറ വേണ്ടെന്നു വയ്ക്കുന്നതു് ഉചിതമാണോ എന്നു ഞാൻ സംശയിക്കുന്നു. ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിൽ നിഗൂഢമായ ഒരു വശംകൂടിയുണ്ടെന്നുള്ളതു് ഓർക്കേണ്ടതാണു്. അതിന്റെ ഒരു പ്രതീകമാണു് മറ. അതുകൊണ്ടു് കണ്ടിപ്പിന്റെ ശുശ്രൂഷസമയത്തും പട്ടക്കാരന്റെ കുർബാനാനുഭവ സമയത്തും മറ ഇടുന്നതു് ഉപേക്ഷിക്കേണ്ടതാണെന്നു് തോന്നുന്നില്ല. തൂയാബാ (ഒരുക്കം) സമയത്തു് മറയിടുന്നതു് നല്ലതല്ലെന്നു് തോന്നിയേക്കാം. എന്നാൽ ഇതു് ഒരു വിവാദവിഷയമാണു്. തൂയാബാ മദ്ബഹായുടെ വെളിയിൽ വച്ചു് നടത്തി വിശ്വാസപ്രമാണസമയത്തു് "ത്രിശുദ്ധകീർത്തനം" പ്രാർത്ഥന ചൊല്ലി മദ്ബഹായിലേക്കു് പ്രവേശിച്ചു് വി. കുർബാന തുടരുകയായിരുന്നു വളരെ പുരാതന നടപടിയെന്നു് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. ഈ പതിവു് പുനരുദ്ധരിക്കുകയാണെങ്കിൽ മേൽപറഞ്ഞ വിഷമം നീങ്ങുന്നതാണു്. എന്നാൽ ഈ പുനരുദ്ധാരണവും മലങ്കര ഓർത്തഡോക്സു സഭയുമായി ആലോചിച്ചുവേണം നടപ്പിലാക്കുവാൻ. ഈവിധത്തിലുള്ള പുനരുദ്ധാരണം നടപ്പിലാക്കാൻ സാധിക്കയാണെങ്കിൽ "വചനശുശ്രൂഷ" കൂടുതൽ ഫലപ്രദമാക്കുന്നതിനും സാധിക്കും. പഴയനിയമ വായന, ലേഖനങ്ങൾ, സുവിശേഷം ഇവയെല്ലാം മദ്ബഹായുടെ വെളിയിൽ വച്ചായിരിക്കും നടത്തുക. ഈ പുനരുദ്ധാരണം നടപ്പിലാക്കുവാൻ കാലതാമസം വന്നേക്കാം. അതുകൊണ്ടു് "വചനശുശ്രൂഷ"യുടെ പ്രാധാന്യം കുറയാതിരിക്കുവാൻ നാം സൂക്ഷിക്കണം.

(vii) പഴയനിയമ വായനയും, ലേഖനങ്ങളും മററും പതിവായി ഉപേക്ഷിക്കുന്നതു് ആരാധനക്രമത്തിന്റെ പരിപൂർണ്ണതയ്ക്കു് യോജിച്ചതല്ല. വചനശുശ്രൂഷയും, ബലിപീഠശുശ്രൂഷയും ആരാധനക്രമത്തിന്റെ അവിഭാജ്യമായ ഭാഗങ്ങളാണു്.

മുകളിൽ ചൂണ്ടിക്കാണിച്ച വ്യതിയാനങ്ങൾ നീക്കം ചെയ്യുന്നതു് ആരാധനക്രമം സംബന്ധിച്ചു് രണ്ടാം വത്തിക്കാൻ സൂന്നഹദോസു് അംഗീകരിച്ച ഡിക്രിയുടെ വെളിച്ചത്തിൽ ഉചിതമായിരിക്കുമെന്നുള്ളതിനു് സംശയമില്ല. പരിശീലിച്ചിട്ടുള്ള ചില ശീലങ്ങൾ മാററുമ്പോൾ ചില ആളുകൾക്കു് വലിയ വിഷമം ഉണ്ടാകാവുന്നതാണു്. എന്നാൽ വേണ്ടരീതിയിൽ കാര്യങ്ങൾ മനസ്സിലാവുകയാണെങ്കിൽ ഈ വിധത്തിലുള്ള വിഷമം ദൂരീകരിക്കാവുന്നതാണു്. ആരാധനക്രമത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ വേണ്ട വിധത്തിൽ മനസ്സിലാക്കുവാൻ വിശ്വാസികൾക്കു് കടമയുണ്ടു്. ആരാധനക്രമത്തിന്റെ ക്രമത്തിന്റെ അരൂപിയും ചൈതന്യവും ആർജ്ജിക്കുവാൻ വൈദികർക്കും കടമയുണ്ടു്.

"ആരാധനക്രമത്തിന്റെ പുനരുദ്ധാരണത്തിലും പ്രോത്സാഹനത്തിലും സർവ്വോപരി മുന്നിട്ടുനിൽക്കുന്ന ലക്ഷ്യം, എല്ലാ ജനങ്ങളുടേയും സമ്പൂർണ്ണവും സജീവവുമായ ഭാഗഭാഗിത്വമാണു്. കാരണം, വിശ്വാസികൾ ക്രി

DHARMARAM COLLEGE LIBRARY, BANGALORE. 20048

# ‘എക്യുമെനിക്കൽ ഡയലോഗ്’

## ജോർജ്, തെങ്ങുംതോട്ടം

പലർ കൂടി എന്തെങ്കിലും ഒരു വിഷയത്തെപ്പററി നടത്തുന്ന ഒരു സംഭാഷണമാണ് ‘ഡയലോഗ്’. ഒരു കാര്യത്തെപ്പററി വ്യത്യസ്താഭിപ്രായങ്ങളുള്ളവർ വേർതിരിഞ്ഞ് സ്വന്തം അഭിപ്രായങ്ങളെ ന്യായീകരിച്ച് പ്രസ്താവനകൾ ഇറക്കുക പതിവാണ്. എന്നാൽ ഇതുമൂലം പ്രശ്നങ്ങൾ വർദ്ധിച്ചിട്ടുള്ളതല്ലാതെ പരിഹരിക്കപ്പെട്ടിട്ടുള്ളതായി ചരിത്രം സാക്ഷിക്കുന്നില്ല. പ്രത്യുത, അവർ കൂടിയിരുന്ന്, പരസ്പരം അഭിപ്രായങ്ങളെ മാനിച്ച്, അവരവരുടെ ചിന്താഗതികളെ സത്യസന്ധമായും സദുദ്ദേശത്തോടുംകൂടിയും അവതരിപ്പിച്ച്, ചോദ്യോത്തരങ്ങൾനടത്തി സംശയനിവാരണം വരുത്തുന്നതായാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും പരസ്നേഹം പുലരുകയും ചെയ്യും. ഇവിടെ വാദപ്രതിവാദങ്ങൾ അനുവദനീയം തന്നെ. എന്നാൽ അവയുടെ ഉദ്ദേശം ആരുടെയെങ്കിലും വിജയമോ, ഒരു ഭാഗത്തുനിന്നും മററൊരു ഭാഗത്തേക്കുള്ള മാനസാന്തരമോ ആയിരിക്കരുത്. അതുകൊണ്ട്, അഭിപ്രായവ്യത്യാസങ്ങളെ നീക്കുന്നതിനും തെററിദ്ധാരണകളെ ദൂരീകരിക്കുന്നതിനും, പരസ്പരം അടുക്കുന്നതിനുമുള്ള ഏററവും ഉത്തമവും ബുദ്ധിപൂർവ്വകവുമായ മാർഗ്ഗം കൂടിയാലോചനകളാണ്.

ഐക്യതയിലേക്കു ത്വരിതഗമനം ചെയ്യുന്നതിനായി ഇന്ന് ക്രിസ്തീയ ബുദ്ധിജീവികൾ തിരഞ്ഞെടുത്തിരിക്കുന്ന ഏററം പ്രധാനപ്പെട്ട വഴി ‘ഡയലോഗ്’കളാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിലായി ഇപ്പോൾ ധാരാളം കോൺഫറൻസുകളും മീററിംഗുകളും ഈ ഉദ്ദേശത്തിനായി നടത്തപ്പെടുന്നുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരംഭിച്ചതിനുശേഷം അവയുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുമുണ്ട്. പ്രസ്തുത കോൺഫറൻസുകൾ വിജയത്തിലെത്തണമെങ്കിൽ ചില വ്യവസ്ഥകൾ അത്യന്താപേക്ഷിതങ്ങളാണ്.

ഏററം പ്രധാന കാര്യം നമ്മെത്തന്നെ നാം ശരിയായി അറിയണം എന്നുള്ളതാണ്. എങ്കിൽ മാത്രമെ ചോദ്യങ്ങൾക്കുത്തരം നൽകുവാനും, സംശയനിവാരണം നടത്തുവാനും സാധിക്കയുള്ളു. ഓരോ സഭകളിൽ നിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്നവരാണ് കോൺഫറൻസുകളിൽ സംബന്ധിക്കുക.

മററുള്ളവരെപ്പററി ഒരു ശരിയായ ധാരണ നമ്മിൽ ഉളവാക്കണം. അവരുടെ വാക്കുകളെ നാം ആദരിക്കണം. അവ തെററാണെന്നുവന്നാൽ തന്നെയും, സദുദ്ദേശത്തോടും ഉത്തമവിശ്വാസത്തോടും കൂടിയാണ് അവർ അവ പറയുന്നത് എന്നു വിശ്വസിക്കുവാനുള്ള മഹാമനസ്കത ഓരോരുത്തനും ഉണ്ടാകണം. നമ്മെപ്പോലെതന്നെ അവരും ക്രിസ്തുവിന്റെ മുന്തിരിത്തോപ്പിലെ തുല്യാവകാശികളായ വേലക്കാരാ

---

സ്തീയ അരൂപി ആർജ്ജിക്കേണ്ട പ്രഥമവും അപരിവർജ്ജ്യവുമായ ഉറവിടം അതാകുന്നു. അതുകൊണ്ട്, പ്രസ്തുത ഭാഗഭാഗിത്വം സംപ്രാപ്തമാക്കാൻ ആത്മപരിപാലകർ ഇടയന്നടുത്ത തങ്ങളുടെ പ്രവർത്തനകാലം മുഴുവൻ ആവശ്യമുള്ള എല്ലാ പ്രബോധനങ്ങളും വഴി ഗൗരവപൂർവ്വം പ്രയത്നിക്കേണ്ടതാണ്.

വൈദികർ ആരാധനക്രമത്തിന്റെ അരൂപിയും ചൈതന്യവും നിറഞ്ഞവരായാൽ മാത്രമേ ഈ വിഷയത്തെപ്പററി മററുള്ളവർക്ക് പ്രബോധനം നൽകുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട്, വൈദികരുടെ ആരാധനക്രമ സംബന്ധമായ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കയാണ് സർവ്വപ്രധാനം”.

(ആരാധനക്രമം സംബന്ധിച്ച ഡിക്രി, 14-ാം വകുപ്പ്)

ണു്. നാമെല്ലാവരും ക്രിസ്തുവിലുള്ള ഒരു പൊതുവിശ്വാസത്തിൽ ഭാഗഭാക്കുകളാണു്. ആ വിശ്വാസം നമ്മെ ഏകോദരസഹോദരങ്ങളാക്കുന്നു. എന്റെ അയൽക്കാരൻ വെറും വഞ്ചനമാത്രമാണു് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു് എന്നുള്ള വിചാരം എന്നിൽ വന്നുകൂടിയാൽ, എപ്പോഴും സംശയദൃഷ്ടിയോടുകൂടി മാത്രമേ ഞാൻ അയാളെ വീക്ഷിക്കുകയുള്ളു. അയാളുടെ പടിവാതിൽക്കൽ കാലുകുത്തുവാൻ പോലും ഞാനിഷ്ടപ്പെടുകയുമില്ല. അതുകൊണ്ടു് എല്ലാ തെററിദ്ധാരണകളും മുൻവിധികളും പാടെ ഉച്ചാടനം ചെയ്യപ്പെടണം.

മററുള്ള സഭകളുടെ വിശ്വാസസത്യങ്ങൾ അവയുടെ ഏററം ശരിയായ വെളിച്ചത്തിൽ നാം വ്യാഖ്യാനിക്കണം. എന്തുദ്ദേശത്തോടുകൂടിയാണു് അവരവയിൽ വിശ്വസിക്കുന്നതു് എന്നു നാം മനസ്സിലാക്കണം. അവയുടെ അവാസ്തവികതയെക്കാൾ വാസ്തവികതയെ കണ്ടുപിടിക്കുവാൻ നാം തത്രപ്പെടണം. അവയ്ക്കു് അവർ നൽകുന്ന ബഹുമാനം നാമും നല്കണം. തന്റെ ചിന്താഗതികളെയും പ്രവൃത്തികളെയും കുററപ്പെടുത്താനും വിമർശിക്കാനും മാത്രം പരിശ്രമിക്കുന്ന ഒരുവനുമായി ഒരാൾ എങ്ങിനെ സ്നേഹബന്ധത്തിലേർപ്പെടും? മഹാനായ റൂസ്‌വെൽററിന്റെ വാക്കുകൾ ഇപ്പോൾ സ്മരണയിൽ വരുന്നു. "നിങ്ങൾ കണ്ടുമുട്ടുന്ന ഓരോ മനുഷ്യനേയും ധീരസാഹസികന്റെ മനോഭാവത്തോടെ സമീപിക്കുന്നതു നന്നു്. പുതിയ ചിന്ത, പുതിയ വ്യക്തിവിശ്വാസം എന്നിവ നിങ്ങളെ അത്ഭുതകരമാംവണ്ണം ആകർഷിക്കും. ..........ഇതിനു് രണ്ടു ഗുണങ്ങൾ ആവശ്യമുണ്ടു്. ഒന്നു്; മററാരാളുടെ സ്ഥാനത്തിരുന്നു് അയാളുടെ അവസ്ഥയുമായി താരതമ്യപ്പെടുത്തുവാനുള്ള ഭാവനാശക്തി സമ്പാദിക്കുക. അയാൾ ഏതു പരിസരത്തുനിന്നു വരുന്നു, അയാളുടെ വേരു് ഏതു മണ്ണിൽ വളരുന്നു, അയാളുടെ ആഹാരമെന്തു്, വിശ്വാസമെന്തു് — ഇവയെല്ലാം നിങ്ങൾ ഗ്രഹിച്ചേ തീരൂ. ഇത്രയും പരിശ്രമം നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായാൽ മാത്രമേ നിങ്ങളുടെ ഭാഗത്തുനിന്നു് അകന്നുനില്ക്കുന്ന ഒരു അപരിചിതനുമായി പരസ്പരധാരണാധിഷ്ഠിതമായ ഒരു സഹൃംബന്ധം സ്ഥാപിക്കുവാൻ സാധിക്കുകയുള്ളു".

അന്യസഭകളെപ്പററി പഠിക്കുവാൻ കൂടുതലായ ഒരു പ്രതിപത്തി എല്ലാവരിലും ഉണ്ടാകണം. ഈ പഠനം അവരിൽ നിന്നുതന്നെ വേണം സാധിക്കുവാൻ. എങ്കിൽ മാത്രമേ അവരെപ്പററിയുള്ള നമ്മുടെ അറിവു് പൂർണ്ണവും ശുദ്ധവും ആകുകയുള്ളു. പ്രോട്ടസ്റ്റാന്റിസത്തെപ്പററി ഒരു കത്തോലിക്കൻ എഴുതുകയാണെങ്കിൽ, അതിൽ ഒരു കത്തോലിക്കാവീക്ഷണഗതി സാരമായ സ്വാധീനം ചെലുത്തിയെന്നുവരും. ആ ഗ്രന്ഥം പഠിക്കുന്ന ഒരു കത്തോലിക്കൻ, ഗ്രന്ഥകാരന്റെ ചിന്തകൾക്കധീനമായി ചിന്തിക്കുവാനും വളരെ സാദ്ധ്യതകളുണ്ടു്. അതുകൊണ്ടു് മററുള്ളവരുടെ ഗ്രന്ഥങ്ങൾ വായിക്കുന്നതിനും അവരോടു സംഭാഷണം നടത്തുന്നതിനും നാം പരിശ്രമിക്കണം. അന്യരെപ്പററി അറിയാതെ എപ്രകാരമാണു് നാം അവരെ സ്നേഹിക്കേണ്ടതു്? ഒരു പക്ഷേ ക്രിസ്തുമതത്തിലെ ഭിന്നിപ്പു് ഇത്രകാലമായി തുടർന്നുപോകുന്നതിനുള്ള കാരണവും അവർ തമ്മിൽ തമ്മിൽ അറിയുന്നില്ല എന്നുള്ളതു തന്നെയായിരിക്കണം. 'You hatehim because You do not know him" (നിങ്ങൾ അവനെ അറിയാത്തതുകൊണ്ടു് അവനെ നിങ്ങൾ ദ്വേഷിക്കുന്നു) അതുകൊണ്ടു് പരസ്പരം അറിയുവാനും സ്നേഹിക്കുവാനും എളിമയോടുകൂടി നമുക്കു പരിശ്രമിക്കാം.

എന്നാൽ, മററുള്ളവരെപ്പററി നാം അറിയുന്നതു് അവരെ കൂടുതൽ വിമർശിക്കുന്നതിനു വേണ്ടിയായിരിക്കരുതു്. എരിതീയിൽ എണ്ണ ഒഴിക്കുന്ന ഫലമേ അതു ഉളവാക്കുകയുള്ളു. അന്യരെ മുതലെടുത്തുകൊണ്ടു് സ്വന്തം സ്ഥാനത്തെ നീതീകരിക്കുവാൻവേണ്ടി നാം നടത്തുന്ന എല്ലാ പരിശ്രമങ്ങളും പാടേ ഉപേക്ഷിക്കണം. അപ്രകാരം ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ഏററം വലിയ കുഴപ്പം അവരുടെ യഥാർത്ഥ നിലയെന്തെന്നു് മനസ്സിലാക്കാൻ നമുക്കു സാധിക്കാതെവരും എന്നുള്ളതാണു്. തന്നെയുമല്ല, സത്യത്തിനും പരസ്നേഹത്തിനും എതിരായി പ്രവർത്തിക്കുവാൻ നാം പ്രേരിപ്പിക്കപ്പെടുകയും ചെയ്യും. അവരിൽ എന്തെല്ലാം തെററുകൾ

ഉണ്ടെന്നു കണ്ടുപിടിക്കുവാൻ മാത്രമായിരിക്കും നാം ശ്രമിക്കുക. ഒരദ്ധ്യാപകൻ പരീക്ഷക്കടലാസ് നോക്കുന്നതുപോലെ ചുവപ്പുപെൻസിൽ പിടിച്ചുകൊണ്ടായിരിക്കും അവരുടെ ഗ്രന്ഥങ്ങൾ നാം വായിക്കുന്നതു്. സ്വയം ന്യായീകരിക്കുന്നതിനുവേണ്ടി നമുക്കനുകൂലമായ തെളിവുകളും ഉദ്ധരണികളും മാത്രമേ നാം ശേഖരിക്കുകയുള്ളു. അവയെ കഴിയുന്നിടത്തോളം ഭംഗികൂട്ടിപ്രദർശിപ്പിക്കാനും എതിരാളിയെ പുച്ഛമനോഭാവത്തോടെ വീക്ഷിക്കുവാനും നാം പരീക്ഷിക്കപ്പെടും. പ്രോട്ടസ്റ്റൻറുനവീകരണത്തിനുശേഷം കത്തോലിക്കാസഭയിലും പ്രോട്ടസ്റ്റൻറുവിഭാഗങ്ങളിലും എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങളിൽ ഭൂരിഭാഗവും മുകളിൽ പ്രസ്താവിച്ച സ്വഭാവമുള്ളവയാണു്. അതുകൊണ്ടു് ഏതൊരു പ്രശ്നത്തിൻെറയും രണ്ടു വശങ്ങളും പരിശോധിക്കാൻ നാം യത്നിക്കണം. ഏതു വലിയ വിഡ്ഢിത്തത്തിലും അല്പമായെങ്കിലും സത്യം ഒളിഞ്ഞു കിടക്കും എന്നുള്ള വാസ്തവം നാം ഒരിക്കലും മറക്കരുതു്. എക്യുമെനിസം വളർന്നു വരുന്ന ഈ കാലയളവിൽ അതിനെ സഹായിക്കുന്ന പരിശ്രമങ്ങൾ എല്ലായിടത്തും ഉയർന്നു വരട്ടെ. "The age of polemical apologetics is past, the age of ecumenical theology has begun".

ഭിന്നിപ്പുണ്ടാക്കുവാനും വർദ്ധിപ്പിക്കുവാനും എല്ലാവരും കാരണക്കാരായിട്ടുണ്ടെന്നുള്ളതുതന്നെ അവരവരുടെ ഭാഗത്തുനിന്നു വന്നുപോയിട്ടുള്ള തെററുകളെ താഴ്മയോടും ഉത്തരവാദിത്വത്തോടും കൂടി സമ്മതിക്കുവാൻ നാം ഓരോരുത്തരേയും പ്രേരിപ്പിക്കുന്നു. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'! എന്നുള്ള പ്രാർത്ഥനയിൽ, 'ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ' എന്നു് എല്ലാവരും ചൊല്ലുന്നുണ്ടു്. ഇതിൽനിന്നും തെളിവാകുന്നതു് നാം എല്ലാവരും തെററു ചെയ്തിട്ടുണ്ടു് എന്നാണു്. എന്നാൽ നാം ക്ഷമിച്ചില്ല, അതുകൊണ്ടു് നമ്മോടും ക്ഷമിക്കപ്പെട്ടിട്ടില്ല. നമുക്കു പരസ്പരം തെററുകളെ ഏററുപറയുകയും മററുള്ളവരോടു് ക്ഷമിക്കുകയും ചെയ്യാം.

സ്വർഗ്ഗത്തോളം ഉയരമുള്ള ഗോപുരം പണിയുയർത്തുവാൻ അഹങ്കാരിയായ മനുഷ്യൻ ആരംഭമിട്ടപ്പോൾ, അവൻെറ ഐക്യതയെ (ഭാഷ നമ്മെ ഐക്യപ്പെടുത്തുന്നു) ദൈവം ഭിന്നിപ്പിച്ചു. ദൈവം മനുഷ്യരാശിയെ തമ്മിൽ തമ്മിലും തന്നോടായും അടുപ്പിക്കുന്നതിനു് അതിരററ തൻെറ താഴ്മയെ മനുഷ്യാവതാരംമൂലം അവിടുന്നു പ്രകടമാക്കി. മനുഷ്യാവതാരംചെയ്ത ക്രിസ്തു മരണവും സ്വർഗ്ഗാരോഹണവും മൂലം നമ്മിൽനിന്നു വേർപെട്ടു പോയിട്ടില്ല. കലവറയില്ലാത്ത തൻെറ സ്നേഹവും കരുണയും എളിമയും വി. കുർബാനയിൽ കൂടി എപ്പോഴും അവിടുന്നു പ്രകടമാക്കുന്നു. വി. സഭയുടെ കേന്ദ്രമായ ആ വി. കുർബാനയിൽ സർവ്വ മനുഷ്യമക്കളും ഒന്നായിത്തീരുന്നു. അതുകൊണ്ടു് ദൈവം ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു യോജിപ്പുണ്ടാകുവാൻ വി. കുർബാനയോടു നാം ഭക്തിയുള്ളവരായിരിക്കണം. നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും ആ ദിവ്യകാരുണ്യനാഥനു് കാഴ്ച വയ്ക്കണം. എക്യുമെനിക്കൽ ഡയലോഗുകൾ വർദ്ധിച്ചു വരുവാനും അവമൂലം ഒരുമയും സഹോദരസ്നേഹവും വേഗം സാധിതപ്രായമാകുവാനും നമ്മൾ ചെയ്യുന്ന എല്ലാ പരിശ്രമങ്ങൾക്കും ദൈവം പ്രതിഫലം നൽകട്ടെ.

**ക്രൈസ്തവകാഹളം**
**പരസ്യനിരക്ക്**

| | | |
|---|---|---|
| 1 പേജിനു് | രൂപാ | 40 |
| ½ " | " | 20 |
| ¼ " | " | 10 |
| ഉപകാരസ്മരണാർത്ഥം പടം പ്രസിദ്ധപ്പെടുത്തുന്നതിനു് | " | 5 |

മാനേജർ.

Registered No: K. 405.

# അതിരൂപത വാർത്തകൾ

റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽ കാനൻനിയമം പഠിച്ചുകൊണ്ടിരുന്ന റവ. ഫാ സിറിൽ ഒ ഐ സി. അഭിനന്ദനീയമായ നിലയിൽ ഡിഗ്രി സമ്പാദിച്ചിരിക്കുന്നു.

ഇംഗ്ലീഷ് സാഹിത്യത്തിൽ ഉപരിപഠനം നടത്തുന്നതിന് റവ. ഫാ. Bonaventure O I.C ചിക്കാഗോയിലെ ഡി. പോൾ സർവ്വകലാശാലയിൽ ചേർന്നിരിക്കുന്നു.

റവ. ഫാദർ ഇഗ്നേഷ്യസ് ഒ. ഐ. സി. Pastoral theology-യിലും റവ. ഫാ. ജോൺ ബർക്കുമാൻസ് ഒ. ഐ. സി. വേദപുസ്തകസംബന്ധമായും ഉപരിപഠനം നടത്തുന്നതിനു കഴിഞ്ഞ ഒക്ടോബർമാസം റോമിലേക്കു പോയി.

പത്തനംതിട്ട സെൻറ് പീറ്റേഴ്സ് സൺഡേസ്കൂളിൻെറ വാർഷികം ക്രിസ്തുരാജത്വത്തിരുനാളായ ഒക്ടോബർ 31-ാം നു സാഘോഷം കൊണ്ടാടപ്പെട്ടു. അന്നേദിവസം രാവിലെ ആഘോഷമായ വി. കർബാനയും കുട്ടികളുടെ ആദ്യകുർബാന സ്വീകരണവും അതിനെത്തുടർന്ന് ടൗൺചുററി പ്രകടനവും നടത്തി.

ഉച്ചകഴിഞ്ഞു നടത്തിയ പൊതുയോഗത്തിൽ റവ. ഫാ പക്കോമിയൂസ് ഓ ഐ സി ആദ്ധ്യക്ഷം വഹിക്കുകയും ജോസ് പോൾ B. Sc. യും P. K. മാത്യു M. A. യും പ്രസംഗിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ സമ്മാനാർഹരായ വിദ്യാർത്ഥികൾക്കു സമ്മാനം നൽകി.

യോഗത്തിനുശേഷം വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

നെടുമൺ എന്ന സ്ഥലത്തു പുനരൈക്യപ്പെട്ട മുപ്പതോളം വീട്ടുകാർക്കുവേണ്ടി നിർമ്മിതമായ താൽക്കാലിക ചാപ്പലിൻെറ ഉൽഘാടനം നവംബർ പതിന്നാലാം തീയതി ററവ്. റവ. മോൺ. സി. ററി. കുരുവിള നിർവഹിക്കുകയും വി. കർബാന അർപ്പിക്കുകയും ചെയ്തിരിക്കുന്നു.


വന്നുചേർന്നിരിക്കുന്നു.

ആകർഷകമായ കാർഡുകൾ

## ക്രിസ്തുമസ്സിൻെറയും നവവത്സരത്തിൻെറയും

സന്ദേശങ്ങൾ അടങ്ങിയ ഈ കാർഡുകൾ സ്നേഹിതന്മാർക്കയയ്ക്കുക

ഇന്ത്യയിലും വിദേശങ്ങളിലും നിർമ്മിതമായ വിവിധ (100 ഡിസൈനുകളിലുള്ള

ഈ കാർഡുകൾ ഒന്നിനു വില (കവർസഹിതം)

10, 12, 15, 20, 25, 30, 40, 50, 60, 75, 100 സ.

മനോഹരമായ ചിത്രങ്ങളോടുകൂടിയ കലണ്ടറുകൾ

ഒന്നിനു വില 30, 50, 75, 100 സ.

10% കമ്മീഷൻ ★ ★ പോസ്റ്റേജ് പുറമെ

ആവശ്യപ്പെടുക:—

മാനേജർ, സെൻറ മേരീസ് പ്രസ്സ്, പട്ടം തിരുവനന്തപുരം-4.


*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*